**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 43** **23-08-2022 - ൽ മറുപടിയ്ക്ക്**

**നവകേരളം കർമ്മപദ്ധതി 2**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | നവകേരളം കർമ്മപദ്ധതി 2-ൽ ഉൾപ്പെടുത്തി സർക്കാർ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;വിശദാംശം നൽകുമോ; | (എ) | കഴിഞ്ഞ സർക്കാർ ആവിഷ്ക്കരിച്ചിരുന്ന ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ വികസന മിഷനുകളുടെ പ്രവർത്തനത്തിലൂടെ വലിയ നേട്ടങ്ങൾ കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾ സുസ്ഥിരമാക്കുന്നതിനും, കൂടുതൽ ഫലപ്രദമായ സംയോജനവും ഏകോപനവും ഉറപ്പാക്കുന്നതിനുമായി ഈ നാലു വികസന മിഷനുകളേയും കേരള പുനർനിർമ്മാണ പദ്ധതിയേയും ഉൾപ്പെടുത്തിയാണ് നവകേരളം കർമ്മപദ്ധതി 2 രൂപീകരിച്ചിട്ടുള്ളത്.<br><br>ഈ കർമ്മപദ്ധതിയുടെ മുൻഗണനാ മേഖലകൾ താഴെപ്പറയുന്നവയാണ്:<br><br>• ഭവനരഹിതരായ കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള വീടുകൾ നൽകാനും സ്വന്തം ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലക്ഷ്യമിടുന്ന ലൈഫ് മിഷൻ.<br>• ജനസൗഹൃദ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വികസിപ്പിച്ച് സമകാലിക ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവർക്കും സ്ത്രീകളുടെയും പ്രായാധിക്യമുള്ളവരുടെയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ലക്ഷ്യമിടുന്ന ആർദ്രം മിഷൻ.<br>• ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുകയും പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയ |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക രൂപപ്പെടുത്തുകയും ചെയ്യാൻ ലക്ഷ്യമിട്ടുള്ള വിദ്യാകിരണം.<br>• ശുചിത്വം-മാലിന്യ സംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം, മാലിന്യമുക്ത പരിസ്ഥിതി ഉറപ്പാക്കുക തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകിയുള്ള ഹരിത കേരളം മിഷൻ.<br>• ആർ.കെ.ഐ ദുരന്താഘാത പ്രതിരോധ ശേഷിക്കുള്ള പശ്ചാത്തല സൗകര്യ മൊരുക്കലാണ് ലക്ഷ്യമിടുന്നത്.<br><br>മുഖ്യമന്ത്രി അധ്യക്ഷനായും ചീഫ് സെക്രട്ടറി കൺവീനറായും നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ജോയിന്റ് കൺവീനറായും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ, സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായും നവകേരളം കർമ്മപദ്ധതി സെല്ലും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിനുപുറമേ നാല് വികസന മിഷനുകൾക്കും സംസ്ഥാനതല കർമ്മസമിതിയും ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുമുള്ള മിഷനുകളും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററുടെ നേതൃത്വത്തിൽ മിഷനുകളുടേയും കേരള പുനർ നിർമ്മാണ പദ്ധതിയുടേയും പ്രതിനിധികൾ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ച് ശിൽപ്പശാലകൾ സംഘടിപ്പിച്ച് നവകേരളം കർമ്മപദ്ധതി-2 ന്റെ മാർഗ്ഗരേഖ തയ്യാറാക്കുകയും, ആയത് 11.02.2022-ലെ സ.ഉ.(അച്ചടി) നം. 1/2022/പി.ഐ.ഇ.&എം.ഡി നമ്പർ ഉത്തരവ് അനുസരിച്ച് അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിനായി സർക്കാർ തലത്തിൽ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | (ബി) | കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ചിരുന്ന ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ വികസന മിഷനുകളുടെ പ്രവർത്തനത്തിലൂടെ വലിയ നേട്ടങ്ങൾ കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ നേട്ടങ്ങൾ സുസ്ഥിരമാക്കുന്നതിനും, കൂടുതൽ ഫലപ്രദമായ സംയോജനവും ഏകോപനവും ഉറപ്പാക്കുന്നതിനുമായി ഈ നാല് വികസന മിഷനുകളേയും കേരള പുനർനിർമ്മാണ പദ്ധതിയേയും ഉൾപ്പെടുത്തിയാണ് നവകേരളം കർമ്മപദ്ധതി 2 രൂപീകരിച്ചിട്ടുള്ളത്. |

ഈ കർമ്മപദ്ധതിയുടെ മുൻഗണനാ മേഖലകൾ താഴെപ്പറയുന്നവയാണ്:

- ഭവനരഹിതരായ കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള വീടുകൾ നൽകാനും സ്വന്തം ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലക്ഷ്യമിടുന്ന ലൈഫ് മിഷൻ.
- ജനസൗഹൃദ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വികസിപ്പിച്ച് സമകാലിക ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതോടൊപ്പം ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവർക്കും സ്ത്രീകളുടെയും പ്രായാധിക്യമുള്ളവരുടെയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ലക്ഷ്യമിടുന്ന ആർദ്രം മിഷൻ.
- ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുകയും പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക രൂപപ്പെടുത്തുകയും ചെയ്യാൻ ലക്ഷ്യമിട്ടുള്ള വിദ്യാകിരണം.
- ശുചിത്വം-മാലിന്യ സംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം, മാലിന്യമുക്ത പരിസ്ഥിതി ഉറപ്പാക്കുക തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകിയുള്ള ഹരിത കേരളം മിഷൻ.
- ആർ.കെ.ഐ ദുരന്താഘാത പ്രതിരോധ ശേഷിക്കുള്ള പശ്ചാത്തല സൗകര്യ മൊരുക്കലാണ് ലക്ഷ്യമിടുന്നത്.

മുഖ്യമന്ത്രി അധ്യക്ഷനായും ചീഫ് സെക്രട്ടറി കൺവീനറായും നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ജോയിന്റ് കൺവീനറായും ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ, സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായും നവകേരളം കർമ്മപദ്ധതി സെല്ലും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതിനുപുറമേ നാല് വികസന മിഷനുകൾക്കും സംസ്ഥാനതല കർമ്മസമിതിയും ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുമുള്ള മിഷനുകളും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററുടെ നേതൃത്വത്തിൽ മിഷനുകളുടേയും കേരള പുനർ നിർമ്മാണ പദ്ധതിയുടേയും പ്രതിനിധികൾ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ച് ശിൽപ്പശാലകൾ സംഘടിപ്പിച്ച് നവകേരളം കർമ്മപദ്ധതി-2 ന്റെ മാർഗ്ഗരേഖ തയ്യാറാക്കുകയും, ആയത് 11.02.2022-ലെ സ.ഉ.(അച്ചടി) നം. 1/2022/പി.ഐ.ഇ.&എം.ഡി നമ്പർ ഉത്തരവ് അനുസരിച്ച് അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - നവകേരളം കർമ്മപദ്ധതി-II-ന്റെ പ്രവർത്തനങ്ങൾ വിശദമാക്കുന്ന മാർഗ്ഗരേഖയ്ക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

**പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

സ.ഉ.(അച്ചടി) നം.1/2022/PIE&MD തീയതി,തിരുവനന്തപുരം, 11-02-2022

പരാമർശം:-

1. സ.ഉ.(പി).നം.10/2017/ആ.സാ.വ. തീയതി 19.04.2017
2. സ.ഉ.(പി).നം.10/2021/പി&ഇ.എ തീയതി 01.08.2021
3. സ.ഉ.(സാധാ).നം.04/2021/പി.ഐ.ഇ&എം.ഡി. തീയതി 03.09.2021
4. സ.ഉ.(പി).നം.02/2021/പി.ഐ.ഇ&എം. ഡി. തീയതി 03.12.2021

**ഉത്തരവ്**

കേരളത്തിന്റെ വികസന വിടവുകൾ നികത്തിയും വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ടും നവകേരളം സൃഷ്ടിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് ലൈഫ്, ആർദ്രം, ഹരിത കേരളം, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ നാല് വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരളം കർമ്മ പദ്ധതിക്ക് കഴിഞ്ഞ സർക്കാർ തുടക്കം കുറിച്ചത്. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ഈ വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ, സഹായ സംവിധാനങ്ങൾ എന്നിവ വ്യക്തമാക്കിയുള്ള നവകേരളം കർമ്മപദ്ധതിയുടെ മാർഗ്ഗരേഖ സൂചന (1) പ്രകാരം പുറത്തിറക്കിയിരുന്നു.

2. നാല് വികസന മിഷനുകളും കേരള പുനർനിർമ്മാണ പദ്ധതിയും നടത്തിയ പ്രവർത്തനങ്ങളെ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഫലപ്രദമായ ഏകോപനവും സംയോജനവും വിലയിരുത്തൽ രീതികളും നടപ്പാക്കാൻ കഴിയും വിധം ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളെയും കേരള പുനർനിർമ്മാണ പദ്ധതിയെയും ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി -II എന്ന പേരിൽ ഒരു ഏകീകൃത മിഷൻ രൂപീകരിച്ച് സൂചന (2) പ്രകാരം ഉത്തരവായിട്ടുണ്ട്. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം എന്ന ആശയം ഏതാണ്ട് പൂർത്തീകരിച്ചതിനാലും ഇനി ഊന്നൽ നൽകേണ്ടത് ഗുണമേന്മ വിദ്യാഭ്യാസത്തിനായതിനാലും വിദ്യാഭ്യാസ മിഷന്റെ പേര് "വിദ്യാകിരണം" എന്ന് പുനർനാമകരണം ചെയ്യുകയുണ്ടായി.

3. നവകേരളം കർമ്മപദ്ധതി -II കോ-ഓർഡിനേറ്റർ ശില്പശാലകൾ സംഘടിപ്പിച്ച് വിശദമായ ചർച്ചകൾക്ക് ശേഷം കരട് മാർഗ്ഗരേഖ സമർപ്പിക്കുകയുണ്ടായി. സർക്കാർ ആയതു വിശദമായി പരിശോധിച്ചു. ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന നവകേരളം കർമ്മപദ്ധതി-II-ന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുന്ന മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും /എല്ലാ സെക്രട്ടറിമാർക്കും /എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ / ആഡിറ്റ്), തിരുവനന്തപുരം

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ ഓഫീസർമാർക്കും

നിയമസഭാ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)

എല്ലാ വകുപ്പ് മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുഭരണ (എസ്.സി) വകുപ്പിന്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്

എല്ലാ മന്ത്രിമാരുടേയുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

എല്ലാ സെക്രട്ടറിമാരുടെയും പി.എമാർക്ക്

പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

പദ്ധതി നിർവഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡയറക്ടറുടെ പി.എ.യ്ക്ക്

**കേരള സർക്കാർ**

# നവകേരളം

# കർമ്മപദ്ധതി - 2

## സദ്ഭരണത്തിനായുള്ള ജനകീയ പ്രസ്ഥാനം

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ

**ഡിസംബർ 2021**

# നവകേരളം കർമ്മപദ്ധതി–2

## മാർഗ്ഗരേഖ

### നവകേരളം കർമ്മപദ്ധതി–2 എന്ന ആശയത്തിലേക്ക്

വികസന സൂചികകളിൽ പലതിലും വികസിത രാഷ്ട്രങ്ങളോട് താരതമ്യപ്പെടുത്താവുന്ന നിലയിലാണ് കേരളത്തിന്റെ സ്ഥിതി. നിരവധി ഗുണമേന്മാ സൂചികകളിൽ നമ്മൾ രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. എന്നാൽ വികസിതവും പരിഷ്കൃതവും വിദ്യാസമ്പന്നവുമായ ഒരു പ്രദേശത്തിന് അനുഗുണമല്ലാത്ത ചില പ്രശ്നങ്ങൾ ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. വികസനത്തിന്റെ രണ്ടാം തലമുറ പ്രശ്നങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇവയെ അഭിസംബോധന ചെയ്തുകൊണ്ടാണ് 2016 ൽ നവകേരളം കർമ്മപദ്ധതി ആരംഭിച്ചത്. ആറു വിഷയമേഖലകളിൽ 4 മിഷനുകൾ രൂപീകരിച്ചാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. ഇതിന്റെ ഭാഗമായി അഭിനന്ദാർഹമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്.

തികച്ചും അപ്രതീക്ഷിതമായാണ് 2018 ലും 2019 ലും പ്രളയങ്ങൾ സംഭവിച്ചത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ തിക്തഫലങ്ങൾ കേരളത്തിലും അനുഭവവേദ്യമായി കഴിഞ്ഞു എന്നതിന്റെ തെളിവായി നിരന്തരം ചുഴലിക്കാറ്റുകളും കാലം തെറ്റിയുള്ള മഴയുമെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നു. പഴുതുകളടച്ച ആരോഗ്യ സുരക്ഷാ സംവിധാനങ്ങൾപോലും പകച്ചു നിന്നുപോകുന്ന നിപ്പ പോലുള്ള പകർച്ചവ്യാധികളും, കോവിഡ് പോലുള്ള മഹാമാരികളുമെല്ലാം കേരളത്തിലും വലിയ പ്രഹരങ്ങൾ ഏൽപ്പിക്കുന്ന സ്ഥിതിയുണ്ടായി. ജനങ്ങളെ അണിനിരത്തിയും നിലവിലുള്ള സംവിധാനങ്ങളെ ഏകോപിപ്പിച്ചും ഇതിനെ അതിജീവിക്കാനുള്ള പരിശ്രമത്തിലാണ് നാട് ഏർപ്പെട്ടിരിക്കുന്നത്.

പ്രകൃതിക്ഷോഭങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങിയ ദുരന്തങ്ങൾ വരും കാലത്തും ഉണ്ടായേക്കാം. ഇത്തരം സാഹചര്യങ്ങളെ അതിജീവിച്ച് പുതിയ വികസന കാഴ്ചപ്പാടുകളും പ്രവർത്തന രീതികളും വഴി പുതിയ കേരളം സൃഷ്ടിക്കേണ്ടതുണ്ട്. പുതിയ വികസന കാഴ്ചപ്പാടുകളും പുതിയ പ്രവർത്തന രീതികളും വഴി പുതിയ കേരളം സൃഷ്ടിക്കേണ്ടത് ആവശ്യമാണ് എന്ന കാഴ്ചപ്പാടിന്റെ സാക്ഷാത്കാരമായാണ് നിലവിലുള്ള നാല് വികസന മിഷനുകളേയും കേരള പുനർനിർമ്മാണ പദ്ധതിയേയും (RKI) ഉൾക്കൊള്ളുന്ന നവകേരളം കർമ്മപദ്ധതി-2 ന് തുടക്കം കുറിക്കാൻ സർക്കാർ തീരുമാനിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിയ തോതിൽ ബഹുജനങ്ങളെ അണിനിരത്തി, വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനവും കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികളുടെ സംയോജനവും വഴി അടുത്ത മൂന്നുവർഷം കൊണ്ട് നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കാനാണ് നവകേരളം കർമ്മപദ്ധതി-2 വിഭാവനം ചെയ്തിട്ടുള്ളത്.

## നവകേരളം കർമ്മപദ്ധതി-ആദ്യഘട്ടം

കേരളത്തിന്റെ വികസന വിടവുകൾ നികത്തിയും വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ടും നവകേരളം സൃഷ്ടിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് നാല് വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരളം കർമ്മ പദ്ധതിക്ക് കഴിഞ്ഞ സർക്കാർ തുടക്കം കുറിച്ചത്.

- സമ്പൂർണ്ണ പാർപ്പിടവും ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള ലൈഫ് മിഷൻ.
- ജനസൗഹൃദ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വികസിപ്പിച്ച് ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്ന ആർദ്രം മിഷൻ.
- ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള പൊതു വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ മികവിന്റെ കേന്ദ്രങ്ങളായുയർത്തുകയും പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക രൂപപ്പെടുത്തുകയും ചെയ്യാൻ ലക്ഷ്യമിട്ടുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം.
- ശുചിത്വ-മാലിന്യ സംസ്കരണം, മണ്ണ്-ജല സംരക്ഷണം, ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയുള്ള ഹരിതകേരളം മിഷൻ.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഈ വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ, സഹായ സംവിധാനങ്ങൾ എന്നിവ വ്യക്തമാക്കിയുള്ള നവകേരളം കർമ്മപദ്ധതി മാർഗ്ഗരേഖയും മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച പ്രത്യേക മാർഗ്ഗരേഖകളും പുറത്തിറക്കിയിരുന്നു.

## കേരള പുനർനിർമ്മാണ പദ്ധതി (RKI)

പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചും ആവർത്തിക്കപ്പെടാവുന്ന പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്ന വിധത്തിലും ആസ്തികൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് കേരള പുനർ നിർമ്മാണ പദ്ധതി എന്ന പേരിൽ പുതിയ ഒരു പദ്ധതികൂടി 2018-ലെ മഹാപ്രളയത്തെ തുടർന്ന് പ്രവർത്തനമാരംഭിച്ചിരുന്നു. ചുവടെ ചേർക്കുന്ന പത്ത് വിഭാഗങ്ങളിലുള്ള പ്രവർത്തനങ്ങളാണ് കേരള പുനർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ
- വീടുകൾ
- ഉപജീവനോപാധികളുടെ വീണ്ടെടുപ്പ്
- പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളും പാലങ്ങളും
- പൊതു കെട്ടിടങ്ങളുടെ വലിയ അറ്റകുറ്റപ്പണികളും പുനർ നിർമ്മാണവും
- ജല വിതരണം
- പരിസ്ഥിതി സംരക്ഷണ-പ്രകൃതി സൗഹൃദ ഇടപെടലുകൾ ആവശ്യമായ വികസന പദ്ധതികൾ
- മലയോര കാർഷിക ആവാസ വ്യവസ്ഥയുടെ സമഗ്ര വികസനം
- മത്സ്യ തൊഴിലാളികളുടെ സമഗ്രമായ പുനരധിവാസവും വികസനവും
- തന്ത്രപ്രധാനമായ വലിയ വികസന പദ്ധതികൾ

നാല് വികസന മിഷനുകളും കേരള പുനർനിർമ്മാണ പദ്ധതിയും നടത്തിയ പ്രവർത്തനങ്ങളെ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ഫലപ്രദമായ ഏകോപനവും സംയോജനവും വിലയിരുത്തൽ രീതികളും നടപ്പാക്കാൻ കഴിയും വിധം ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകളേയും കേരള പുനർനിർമ്മാണ പദ്ധതിയേയും ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി-2 എന്ന പേരിൽ ഒരു ഏകീകൃത കർമ്മപദ്ധതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രധാന

ലക്ഷ്യങ്ങൾ പൂർത്തീകരിച്ച സ്ഥിതിക്ക് ഇനി മുതൽ വിദ്യാകിരണം എന്ന പേരിലാണ് അറിയപ്പെടുക.

## നവകേരളം കർമ്മപദ്ധതി-2 പൊതു ലക്ഷ്യങ്ങൾ

- പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, അടിസ്ഥാന ആവശ്യങ്ങളും ജീവനോപാധിയും, കൃഷി വ്യാപനം, ജലസംരക്ഷണം, മാലിന്യസംസ്കരണം, പരിസ്ഥിതി സംരക്ഷണം, ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്നതും പരിസ്ഥിതി സൗഹൃദവുമായ വികസന പദ്ധതികൾ എന്നീ മേഖലകളിൽ വരും കാല വെല്ലുവിളികളെക്കൂടി നേരിടാൻ കഴിയും വിധത്തിലുള്ള മുന്നേറ്റമുണ്ടാക്കിയും നിലവിലുള്ള പരിമിതികൾ പരിഹരിച്ച് ഏറ്റവും ഉയർന്ന ഗുണമേൻമ ഉറപ്പാക്കിയും ജനപങ്കാളിത്തത്തോടെ ഒരു നവകേരളം സൃഷ്ടിക്കുക.
- കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധി വ്യാപനം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് കാരണമാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ച് സാധ്യമായ രീതികളിലെല്ലാം പരിസ്ഥിതി പുനഃസ്ഥാപനം സാധ്യമാക്കുക.
- മാലിന്യസംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതി സംരക്ഷണം, പൊതു ആസ്തികളുടെ പരിപാലനം, ആശുപത്രികളുടെയും ആരോഗ്യ സേവനങ്ങളുടെയും പരിപാലനം എന്നിവയിൽ ഉത്തരവാദിത്ത സമീപനം വളർത്തിയെടുക്കുകയും നേട്ടങ്ങൾ സുസ്ഥിരമാക്കുകയും ചെയ്യുക.
- പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകുക.
- ദുരന്താഘാത ശേഷിയുള്ള ഒന്നാക്കി നമ്മുടെ സംസ്ഥാനത്തെ പരിവർത്തനം ചെയ്യുക.
- പരിസ്ഥിതി സൗഹൃദ നിർമ്മിതികളും, ഹരിതഊർജ്ജ വിനിയോഗവും, ഇ-വാഹന നയവും ഹരിത ടൂറിസവും ഉൾപ്പെടെയുള്ളവയിലൂടെ ജൈവ വൈവിധ്യ സംരക്ഷണത്തിനും പോഷണത്തിനും അനുഗുണമായ സാഹചര്യം സൃഷ്ടിക്കുക.
- വികസന പ്രക്രിയയുടെ മുഖ്യധാരയിൽ എത്താൻ കഴിയാതെ പോയവരുടെ ജീവിത സൗകര്യങ്ങളും ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും സാമൂഹ്യ ക്ഷേമ സൗകര്യങ്ങളും മെച്ചപ്പെടുത്തുക.
- മണ്ണും-ജലവും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും അവയുടെ വിനിയോഗത്തിന് ശാസ്ത്രീയമായ രീതികൾ വികസിപ്പിക്കുകയും

പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുംവിധം പ്രകൃതി വിഭവ പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക.

- നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിൽ ഊന്നിയ ഒറ്റ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണം ചെയ്ത്, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനം വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം സാധ്യമാക്കി കൂടുതൽ ഫലപ്രദവും സുസ്ഥിരതയുള്ളതുമായ പദ്ധതികൾ നടപ്പാക്കുക.
- പച്ചത്തുരുത്ത്, ഇനി ഞാൻ ഒഴുകട്ടെ, ജലബഡ്ജറ്റ്, ജല ഗുണപരിശോധന, ഗ്രീൻ ക്യാമ്പസ്, ഹരിതനിയമ സാക്ഷരത ഇവ തുടർന്നും നടപ്പാക്കുക.
- പാർപ്പിടവും ഉപജീവന മാർഗ്ഗങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ ഇല്ലാത്തവരെ അപാകതകളില്ലാത്തവിധം കണ്ടെത്തി അവരുടെ ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും വർദ്ധിപ്പിക്കുക.
- ആശുപത്രികളിലും പൊതു വിദ്യാലയങ്ങളിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളെ പ്രയോജനപ്പെടുത്തി അവിടങ്ങളിൽനിന്ന് ലഭിക്കുന്ന സേവനങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം ഉയർത്തുക.
- പാർശ്വവത്ക്കരിക്കപ്പെട്ടവരില്ലാത്ത ക്ലാസ്സ്മുറികളിലൂടെ പാർശ്വവത്ക്കരിക്കപ്പെട്ടവരില്ലാത്ത സമൂഹസൃഷ്ടിക്കായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- ഗുണമേന്മാ വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നിനിന്നുകൊണ്ട് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക.
- വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും അടിസ്ഥാന സൗകര്യം, ധനസ്രോതസ്സ്, മനുഷ്യ ശേഷി എന്നീ വിഭവങ്ങളെയെല്ലാം തദ്ദേശഭരണ സ്ഥാപനതലത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന സ്ഥിതി സൃഷ്ടിക്കുക.
- സോഷ്യൽ ഓഡിറ്റിംഗ്, സാമൂഹ്യ വിലയിരുത്തൽ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവയിലൂടെ ജനാഭിലാഷത്തിനനുസൃതമായ വികസനം സാധ്യമാക്കുക.
- സന്നദ്ധ സംഘടനകൾ, പ്രവാസികൾ, സർക്കാരിതര സംഘടനകൾ തുടങ്ങി സമൂഹത്തിന്റെ സമസ്ത മേഖലയിലുള്ള ജനങ്ങളുടെയും പ്രസ്ഥാനങ്ങളു

ടെയും സ്ഥാപനങ്ങളുടെയും പൂർണ്ണ സഹകരണവും അധിക വിഭവ സമാഹര ണത്തിനുള്ള പങ്കാളിത്തവും വികസന പ്രവർത്തനങ്ങളിൽ ഉൾച്ചേരുന്ന പുതിയ സംസ്കാരം വളർത്തുക.

- ആർജിക്കുന്ന നേട്ടങ്ങൾ വരുംകാല വികസന പ്രവർത്തനങ്ങൾക്കുള്ള ദിശാ സൂചികയാക്കാൻ കഴിയും വിധത്തിൽ വിവരസഞ്ചയം സൃഷ്ടിക്കുക.

## നവകേരളം കർമ്മപദ്ധതി-2 പ്രവർത്തന സമീപനം

- കേരളം നാളിതുവരെ ആർജ്ജിച്ചിട്ടുള്ള വികസന നേട്ടങ്ങളെ വിലയിരുത്തി നിലവിലുള്ള പരിമിതികൾ മറികടക്കാൻ കഴിയുന്ന നവകേരളം സൃഷ്ടിക്കുക.
- നാല് വികസന മിഷനുകളുടേയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും നിലവിലുള്ള പ്രവർത്തനങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഏകോ പിപ്പിക്കുക.
- നിലവിലുണ്ടായിരുന്ന മിഷൻ പ്രവർത്തനങ്ങളുടെ അനുഭവത്തിൽ തുടർച്ച സൃഷ്ടിക്കുക.
- ഉത്തരവാദിത്തത്തോടെ സുതാര്യവും ഫലപ്രദവുമായ ഭരണ നിർവഹണം സാധ്യമാക്കുക. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും മോണിറ്ററിംഗിനും വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പാക്കുക.
- വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി ജനകീയ ക്യാമ്പയി നുകളായി പ്രവർത്തനങ്ങൾ നടപ്പാക്കുക.
- വകുപ്പുകളുടേയും ഏജൻസികളുമായും ഏകോപനവും പദ്ധതികളുടെ സംയോജനവും തദ്ദേശ സ്വയഭരണ സ്ഥാപന തലത്തിൽ പരമാവധി ലഭ്യ മാക്കി പ്രവർത്തനങ്ങൾ നടപ്പാക്കുക.

സംസ്ഥാനം നേരിടുന്ന സാമൂഹ്യ-സാമ്പത്തിക വികസന വെല്ലുവിളികളെ കാലാനുസൃതമായി വിലയിരുത്തിയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങൾക്കനുസൃതമായി കാലോചിതമായി പരിഷ്കരിച്ചും ആയിരിക്കും നവകേരളം കർമ്മപദ്ധതി-2 ന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നത്. മിഷനുകളുടെയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയുംവിധത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തിന് ഒറ്റ പദ്ധതി (Single Plan) തയ്യാറാക്കുകയും അവയിലെ വിവിധ ഘടകങ്ങൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും ഏജൻസികളും നിർവ്വഹണം നടത്തുകയുമായിരിക്കും ചെയ്യുന്നത്.

- സുസ്ഥിരതയും കാര്യക്ഷമതയും ഗുണമേന്മയും ഉറപ്പാക്കിയും പാരിസ്ഥിതിക നാശം ഉണ്ടാക്കാത്ത വിധത്തിലും പദ്ധതികൾ നടപ്പിലാക്കുക.
- ഹ്രസ്വകാല-ദീർഘകാല പ്രവർത്തനങ്ങൾക്ക് പ്രത്യേക സമീപനം സ്വീകരിച്ചും സമയക്രമം കൃത്യമായി പാലിച്ചും അനുയോജ്യമായ നൂതന സാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തിയും പദ്ധതികൾ നടപ്പിലാക്കുന്ന രീതി വികസിപ്പിക്കുക.
- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സംയോജനവും കാര്യക്ഷമമായ നടത്തിപ്പും ഉറപ്പാക്കുക.
- വകുപ്പുകളുടെ കീഴിൽ പ്രത്യേകമായി തയ്യാറാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളും വിഭവങ്ങളും കഴിയുന്നിടത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുക.
- പ്രാദേശിക വിഭവ സമാഹരണത്തിന്റെയും സന്നദ്ധ പ്രവർത്തനത്തിന്റെയും ജനകീയ ഇടപെടലുകളുടെയും സ്പോൺസർഷിപ്പുകളുടെയും രൂപത്തിൽ ലഭിക്കുന്ന വിഭവങ്ങളും പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനതല പദ്ധതിയുടെ ഭാഗമാക്കി മാറ്റുക.
- വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം എല്ലാ രംഗത്തും ഉറപ്പാക്കുകയും ഓരോ മേഖലയിലും നൂതന ആശയങ്ങളും ആഗോളതല മികച്ച പ്രവർത്തന മാതൃകകളും പ്രോത്സാഹിപ്പിക്കുകയും കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി അവ പ്രയോഗത്തിൽ വരുത്തുകയും ചെയ്യുക.

## നവകേരളം കർമ്മപദ്ധതി-2 ഘടനയും പ്രവർത്തനവും

- നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആർദ്രം, ലൈഫ്, ഹരിതകേരളം, വിദ്യാകിരണം (പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം) എന്നീ നാല് മിഷനുകളും കേരള പുനർനിർമ്മാണ പദ്ധതിയും (RKI) ഉൾക്കൊള്ളുന്നതായിരിക്കും നവകേരളം കർമ്മപദ്ധതി-2.
- പാർപ്പിടവും ഉപജീവനവും ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള ലൈഫ് ജനസൗഹൃദ സർക്കാർ ആശുപത്രികളും കുടുംബാരോഗ്യ കേന്ദ്രങ്ങളും വഴിയുള്ള ആരോഗ്യസുരക്ഷ ലക്ഷ്യമിട്ടുള്ള ആർദ്രം, ശുചിത്വ-മാലിന്യ സംസ്കരണം, മണ്ണ്- ജലസംരക്ഷണം, ജൈവ കൃഷിക്ക് പ്രാമുഖ്യം നൽകിയുള്ള കൃഷി വികസനം എന്നിവ ലക്ഷ്യമിട്ടുള്ള ഹരിതകേരളം എന്നീ മൂന്ന് മിഷനുകളും അതേ പേരുകളിൽതന്നെ നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായി പ്രവർത്തിക്കും.
- പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയ ശക്തിപ്പെടുത്തുന്നതിന് ജനകീയ വിദ്യാഭ്യാസ മാതൃക വികസിപ്പിക്കുന്നതിനും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടുള്ള വിദ്യാഭ്യാസ മിഷൻ 'വിദ്യാകിരണം' എന്ന പേരിലായിരിക്കും നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായി പ്രവർത്തിക്കുന്നത്.
- മുഖ്യമന്ത്രി അദ്ധ്യക്ഷനായും ബന്ധപ്പെട്ട മന്ത്രിമാർ, വകുപ്പ് സെക്രട്ടറിമാർ എന്നിവർ അംഗങ്ങളും ചീഫ് സെക്രട്ടറി കൺവീനറായും നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ജോയിന്റ് കൺവീനറായുമുള്ള 'നവകേരളം കർമ്മപദ്ധതി സെൽ' ആയിരിക്കും രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.
- മിഷനുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തി റിപ്പോർട്ടുകൾ തയ്യാറാക്കുക, മിഷനുകളുടെ ഭാഗമായുള്ള ജനകീയ ക്യാമ്പയിന് ആവശ്യമായ പിന്തുണ നൽകുക, വിവിധ വകുപ്പുകളും ഏജൻസികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ഏകോപനത്തിന്റെയും പദ്ധതികളുടെ സംയോജനത്തിന്റെയും വേദിയായി പ്രവർത്തിക്കുക എന്നിവയായിരിക്കും നവകേരളം കർമ്മപദ്ധതി സെല്ലിന്റെ പ്രധാന ചുമതലകൾ.
- മിഷനുകളുടെ പ്രവർത്തനങ്ങളിൽ പരമാവധി ജനപങ്കാളിത്തം കൊണ്ടുവന്ന് സദ്ഭരണത്തിനുള്ള ജനകീയ പ്രസ്ഥാനമായി നവകേരളം കർമ്മപദ്ധതിയെ

വികസിപ്പിക്കും. ഇതിനായി നവീന ആശയങ്ങളെ കഴിയുന്നത്ര പ്രോത്സാഹിപ്പിക്കും.

- മിഷനുകളുടെ ദൈനംദിന നിർവഹണ പ്രവർത്തനത്തിന്റെ മുഖ്യചുമതല മന്ത്രിമാർക്കും വകുപ്പുകൾക്കും ആയിരിക്കും.
- മിഷനുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിലയിരുത്തൽ ഓരോ വകുപ്പിലേയും മന്ത്രിമാരുടേയും സെക്രട്ടറിമാരുടേയും നേതൃത്വത്തിൽ നടത്തും. ഇതിനായി സംസ്ഥാന ഐ.ടി. മിഷൻ, IIITMK എന്നിവയുടെ സഹായത്തോടെ റിപ്പോർട്ടിംഗ് പ്ലാറ്റ്ഫോം/മോണിറ്ററിംഗ് പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തും.
- ഫണ്ട്, സാങ്കേതികവിദ്യ, വിദഗ്ധർ എന്നിവയുള്ള വകുപ്പുകളേയും ഏജൻസികളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിന്റെയും പ്രവർത്തന പുരോഗതി ഉറപ്പാക്കുന്നതിന്റെയും ചുമതലകൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുന്ന സമിതികൾ നിർവഹിക്കും.
- ലൈഫ്, ആർദ്രം, വിദ്യാകിരണം, ഹരിതകേരളം എന്നീ മിഷനുകളുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, ജലവിഭവ വകുപ്പ്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നീ വകുപ്പുകളിൽ ഓരോ നോഡൽ ഓഫീസർമാർ ഉണ്ടായിരിക്കും. നോഡൽ ഓഫീസർമാരുടെ നേതൃത്വത്തിൽ വകുപ്പുകളിൽ നോഡൽ സെല്ലുകൾ ഉണ്ടണ്ടായിരിക്കും. മിഷനുകളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ടുചെയ്യലും വകുപ്പുകളുടെ ഏകോപനവും ഉൾപ്പെടെയുള്ള കാര്യങ്ങൾ നോഡൽ ഓഫീസർമാർ നിർവ്വഹിക്കും.
- വകുപ്പുകളുടെ ഭാഗത്തുനിന്ന് മിഷൻ പ്രവർത്തനങ്ങളിൽ ഉണ്ടാകേണ്ട ഇടപെടൽ ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ ഉറപ്പുവരുത്തും.
- നവകേരളം കർമ്മപദ്ധതി-2 മായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ കില (KILA) യുമായും മറ്റ് അനുയോജ്യമായ സ്ഥാപനങ്ങളുമായും ചേർന്ന് സംഘടിപ്പിക്കും.
- ക്യാമ്പയിൻ, പരിശീലനം, ജനകീയ വിദ്യാഭ്യാസം, മോണിറ്ററിംഗ് തുടങ്ങിയവ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല നവകേരളം കർമ്മപദ്ധതി കോർഡിനേറ്റ

റുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നവകേരളം സെല്ലിലെ ടീം നിർവഹിക്കും.

- കേന്ദ്രസർക്കാരിൽ നിന്ന് ഉൾപ്പെടെയുള്ള ഫണ്ടുകൾ ലഭ്യമാക്കാൻ കഴിയും വിധത്തിൽ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ജിയോ റഫറൻസ് ചെയ്ത വിവരങ്ങളെ അടിസ്ഥാനമാക്കി പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സംവിധാനമൊരുക്കും.
- ഓരോ വകുപ്പും നവകേരള കർമ്മപദ്ധതി ലക്ഷ്യങ്ങളെ എങ്ങനെ പിന്തുണയ്ക്കുന്ന എന്ന പ്രസ്താവന ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് ഉള്ളടക്കത്തിൽ പരാമർശിക്കുന്നുവെന്നും പദ്ധതികൾക്കായുള്ള വിഹിതം ഉൾപ്പെടുത്തുന്നുവെന്നും ഏകോപനത്തിലൂടെ ഉറപ്പാക്കും.
- നവകേരളം കർമ്മപദ്ധതിയിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനും വിലയിരുത്തലിനും സഹായകമായ രീതിയിൽ വിവര സാങ്കേതിക വിദ്യാധിഷ്ഠിതമായ സംവിധാനം വികസിപ്പിച്ചെടുക്കുകയും മുഖ്യമന്ത്രിക്ക് പ്രതിമാസ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യും.
- മൂന്നുമാസത്തിലൊരിക്കൽ മുഖ്യമന്ത്രിക്ക് എല്ലാ മിഷനുകളുടേയും പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്താൻ കഴിയുംവിധത്തിൽ ആവശ്യമായ റിപ്പോർട്ടുകൾ നവകേരളം സെല്ലിന്റെ നേതൃത്വത്തിൽ തയ്യാറാക്കും.

# ലൈഫ് മിഷൻ

## സർക്കാരിന്റെ നയ സമീപനം

- അടുത്ത അഞ്ച് വർഷത്തിനുള്ളിൽ എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ നടത്തും. അതിനായി അഞ്ച് ലക്ഷം വീടുകൾ പണിയും. ലൈഫ് മിഷന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാകും വീടുകൾ നിർമ്മിച്ചു നൽകുക. പുതിയതായി ലൈഫ് മിഷൻ വീടിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് അനുബന്ധ ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അതിൽ മാനദണ്ഡപ്രകാരം അർഹരായവർക്ക് വീട് നൽകുന്നതിനുള്ള നടപടികളാണ് ആദ്യം സ്വീകരിക്കുക.
- ലൈഫിൽ ഉൾപ്പെടുത്തി ഭവനരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് വീട് നൽകും. കുടുംബത്തിന്റെ ആവശ്യങ്ങളും താൽപ്പര്യവും മനസ്സിലാക്കിക്കൊണ്ടാവും പാർപ്പിട പദ്ധതി ആവിഷ്കരിക്കുക.
- പട്ടികജാതി വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുക പ്രത്യേക ലക്ഷ്യമായിരിക്കും.
- ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും ഉപജീവന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകുകയും തൊഴിൽ കേന്ദ്രങ്ങൾ ആരംഭിക്കുകയും തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിക്കുകയും ചെയ്യും.

## പൊതു ലക്ഷ്യങ്ങൾ

- പാർപ്പിട മേഖലയിൽ കേരളം അഭിമുഖീകരിക്കുന്ന ബഹുമുഖവും സമ്മിശ്രവുമായ പ്രശ്നങ്ങൾക്ക് ജനപങ്കാളിത്തത്തോടെയും ആധുനിക

സാങ്കേതിക വിദ്യകളുടെ പിന്തുണയോടെയും പരിഹാരം കാണുന്നതിനും ഉപജീവന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് സാമ്പത്തിക ശാക്തീകരണം സാദ്ധ്യമാക്കുന്നതിനുമുള്ള സമഗ്ര പദ്ധതിയായി ലൈഫ് മിഷനെ വികസിപ്പിക്കുക.

- ഭവനരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുക.
- കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാത്ത വീടുകൾ പുനരുദ്ധാരണം നടത്തി വാസയോഗ്യമാക്കുക.
- തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടെയും പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക.

## പ്രവർത്തന സമീപനം

- എല്ലാവർക്കും സുരക്ഷിതവും സൗകര്യങ്ങൾ ഉള്ളതുമായ വീടുകൾ ലഭ്യമാക്കുക.
- ഭൂമി സ്വന്തമായുള്ള ഭവന രഹിതർക്ക് വീട് വയ്ക്കുന്നതിനുള്ള സഹായം ലഭ്യമാക്കുക.
- ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സ്വന്തമായോ, വകുപ്പിന്റെ/തദ്ദേശഭരണ സ്ഥാപനത്തിന്റെ/സ്പോൺസർമാരുടെ സഹായത്തോടെയോ ഭൂമി ആർജ്ജിച്ചോ സ്ഥല ലഭ്യത കുറവ് നേരിടുന്ന സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി ഭവനസമുച്ചയങ്ങൾ നിർമ്മിച്ചോ പുനരധിവസിപ്പിക്കുക.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലും സ്പോൺസർഷിപ്പ് മുഖേനയോ തദ്ദേശീയരായ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ സഹകരണത്തോടെയോ ഭൂമി ലഭ്യമാക്കുക.
- ലൈഫ് ഭവനസമുച്ചയങ്ങളിലേക്ക് വിവിധ ജീവിത സാഹചര്യങ്ങളിൽ നിന്നും എത്തുന്ന ഗുണഭോക്താക്കളെ ഒരൊറ്റ സമൂഹമായി കൂട്ടിയിണക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.
- ഉപജീവനശേഷി വളർത്തുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങളും സഹായ സൗകര്യങ്ങളും ആവശ്യാധിഷ്ഠിത തൊഴിൽ പരിശീലനങ്ങളും ഒരുക്കിക്കൊടു

ക്കുകയും നൈപുണികൾക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക.

- സൃഷ്ടിക്കപ്പെടുന്ന ഭവനസമുച്ചയങ്ങൾ പരിപാലിക്കപ്പെടുകയും ഗുണഭോക്താ ക്കൾക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുകയും ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കുക.
- നിർമ്മാണ തൊഴിലാളികളുടെയും നിർമ്മാണ സാമഗ്രികളുടെയും ലഭ്യതയും, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കുക.
- എം.ജി.എൻ.ആർ.ഇ.ജി.എസ്./അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- പ്രാദേശികമായി ലഭ്യമാകുന്ന നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുള്ള ഭവന നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
- ഓരോ വീടിന്റെയും നിർമ്മാണ പുരോഗതി പൊതുജനങ്ങൾക്കുകൂടി നിരീക്ഷിക്കാൻ കഴിയും വിധത്തിൽ ഐ.ടി. അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം ആവിഷ്കരിക്കുക.
- നിർമ്മാണ നടപടിയിലും പദ്ധതി നിർവ്വഹണത്തിലും സുതാര്യതയും ഉത്തരവാദിത്തവും പ്രതിബദ്ധതയും ഉറപ്പാക്കുക.
- പരിസ്ഥിതി സൗഹൃദ നിർമ്മാണത്തിനുവേണ്ട സാങ്കേതിക സഹായം ഉറപ്പാക്കുക.
- കുടുംബശ്രീ മുഖേനയുള്ള കെട്ടിട നിർമ്മാണ യൂണിറ്റുകളുടെ സഹായം പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

- 2016–21 കാലയളവിൽ ലൈഫ് മിഷൻ കണ്ടെത്തിയ അർഹരായ ഗുണഭോക്താക്കളിൽ (ഭൂമിയുള്ള ഭവനരഹിതർ/ഭൂരഹിത ഭവനരഹിതർ) ശേഷിക്കുന്നവർക്ക് ആനുകൂല്യം ലഭ്യമാക്കൽ.
- 2020–21–ൽ ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തി (ഭൂമിയുള്ള ഭവനരഹിതർ/ഭൂരഹിത ഭവനരഹിതർ) അർഹരായവരെ കണ്ടെത്തി ആനുകൂല്യം നൽകൽ.

- ലൈഫ് ഗുണഭോക്തൃ പട്ടികയിൽ പെടാത്ത അതിദരിദ്രരായ ആൾക്കാരെ കണ്ടെത്തുന്ന മുറയ്ക്ക് അവരിലെ ഭവന രഹിതർക്ക് ആവശ്യമായ ഭവന നിർമ്മാണ സംവിധാനം ഒരുക്കൽ.
- ഉപജീവനശേഷി വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നൽകൽ.
- ശേഷികൾക്കനുസൃതമായി തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിക്കൽ.
- സാങ്കേതികവിദ്യയുടെ സഹായത്തോടെ തൊഴിലും വരുമാന വർദ്ധനവും ഉപജീവനവും സാധ്യമാക്കൽ.
- ലൈഫ് ഗുണഭോക്താക്കൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തൽ.
- ഭവന സമുച്ചയങ്ങളിൽ പരിപാലന സമിതികൾ രൂപീകരിച്ച് നിർമ്മിതികളുടെ പരിസരത്തിന്റെ പരിപാലനവും താമസക്കാർക്കാവശ്യമായ വിവിധ സേവനങ്ങളും ലഭ്യമാക്കൽ.
- ഭവനനിർമ്മാണത്തിന് ഒട്ടും അനുയോജ്യമല്ലാത്ത ഭൂമിയുള്ള (ഭൗമഘടനയുടെ അടിസ്ഥാനത്തിൽ) ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കൽ/ അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകൽ.
- ഭൂഘടനയ്ക്ക് അനുയോജ്യമായ വിധത്തിൽ പരിസ്ഥിതി സൗഹാർദ നിർമ്മാണം അവലംബിക്കൽ.

## സംയോജന സാദ്ധ്യതകൾ

- വകുപ്പുകളുടെ കീഴിൽ ഭവനപദ്ധതികളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളും വിഭവങ്ങളും പദ്ധതിയുമായി സംയോജിപ്പിച്ച്കൊണ്ട് നടപ്പിലാക്കാൻ സാധിക്കും.
- സഹകരണ മേഖല, കുടുംബശ്രീ, സർക്കാരിതര സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സംയോജിപ്പിച്ചുകൊണ്ട് ഭവന നിർമ്മാണവും ഇതര പ്രവർത്തനങ്ങളും നടപ്പാക്കാൻ സാധിക്കും.
- ഹരിതകേരളം മിഷന്റെ ശുചിത്വ ഉപമിഷനുമായി സംയോജിച്ച് ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കാൻ കഴിയും.
- ഹരിതകേരളം മിഷനുമായി സംയോജിച്ച് വ്യക്തിഗത ഭവനങ്ങളെയും, ഭവനസമുച്ചയങ്ങളെയും ഹരിത ഭവനങ്ങളാക്കി മാറ്റാൻ സാധിക്കും.

- തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ നീതി, വ്യവസായം, തദ്ദേശ സ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്ന എല്ലാ സാമൂഹ്യ-സാമ്പത്തിക സേവനങ്ങളും ഏകോപിപ്പിച്ച് ലഭ്യമാക്കാൻ സാധിക്കും.
- ഭവന സമുച്ചയ നിർമ്മാണത്തിൽ ഹരിതകേരളം മിഷന്റെയും ശുചിത്വമിഷന്റെയും, സഹകരണം ഉറപ്പാക്കി ജലസംരക്ഷണം, മാലിന്യ സംസ്കരണം എന്നിവയ്ക്കുള്ള സംവിധാനം ഒരുക്കാൻ കഴിയും.
- വാതിൽപടി സേവനം, തൊഴിൽ വികസന പദ്ധതി, അതിദരിദ്രർക്കായുള്ള പ്രത്യേക പരിപാടി തുടങ്ങിയ സാമൂഹ്യ-സാമ്പത്തിക വികസന പദ്ധതികളെ ഏകോപിപ്പിച്ച് ലൈഫ് ഗുണഭോക്താക്കളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കും.
- തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലൈഫ് ഗുണഭോക്താക്കൾക്കായി വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് പ്രത്യേക കർമ്മ പരിപാടി സാധ്യമാണ്.

## ക്യാമ്പയിനുകൾ

അർഹരായ എല്ലാ ഗുണഭോക്താക്കളിലും പദ്ധതിയെക്കുറിച്ച് വിവരം എത്തുന്നു എന്ന് ഉറപ്പാക്കാനും അനർഹരായ ആരും പദ്ധതിയിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താനും പദ്ധതി നിർവഹണത്തിനാവശ്യമായ ധനം, നിർമ്മാണ സാമഗ്രികൾ, മനുഷ്യവിഭവശേഷി എന്നിവ ഉറപ്പാക്കാനും, പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കാനും കഴിയുംവിധത്തിൽ വിവിധ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കും. ഇതിനായി താഴെപ്പറയുന്ന സംവിധാനങ്ങൾ പ്രയോജനപ്പെടുത്തും.

- ഐ & പി.ആർ.ഡി
- സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളും വാർത്താ ബുള്ളറ്റിനുകളും
- സാമൂഹ്യ മാധ്യമങ്ങൾ
- സെമിനാറുകൾ, ശിൽപശാലകൾ, ക്ലാസുകൾ, ലഘുലേഖകൾ, ചിത്ര പ്രദർശനങ്ങൾ
- കുടുംബശ്രീ സംവിധാനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ലൈബ്രറികൾ, ക്ലബ്ബുകൾ, യുവജന സംഘടനകൾ, വ്യവസായ സ്ഥാപനങ്ങൾ,

എൻ.ജി.ഒ.കൾ, കർഷക സമിതികൾ, തൊഴിലാളി പ്രസ്ഥാനങ്ങൾ, മറ്റ് സേവന കേന്ദ്രങ്ങൾ തുടങ്ങിയവയിലൂടെയുള്ള പ്രചരണം.

## മോണിറ്ററിംഗ് സംവിധാനം

- ഓരോ ഭവന സമുച്ചയത്തിന്റെയും വീടിന്റെയും നിർമ്മാണ പുരോഗതി പൊതുജനങ്ങൾക്കുകൂടി നിരീക്ഷിക്കാൻ കഴിയുംവിധത്തിൽ ഐ.ടി. അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം.
- സംസ്ഥാന, ജില്ല, തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ മിഷൻ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് തുടർ പ്രവർത്തനങ്ങൾ.
- വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുന്നതിനും മുൻകൂട്ടി നിശ്ചയിച്ച ഗുണഫലങ്ങളും ലക്ഷ്യങ്ങളും സമയക്രമം അനുസരിച്ച് കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ.
- പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള അവലോകന യോഗങ്ങൾ.
- സമഗ്ര പരാതി പരിഹാര സംവിധാനം.
- പ്രാദേശിക തലത്തിൽ പങ്കാളിത്ത നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

## ഡോക്യുമെന്റേഷൻ

സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കാവസ്ഥ നേരിടുന്ന വിഭാഗങ്ങൾക്കായി നടപ്പാക്കപ്പെടുന്ന പദ്ധതികൾ അവരുടെ ജീവിത ഗുണേമേന്മ ഉയർത്താൻ എത്രത്തോളം സഹായകമായി എന്നത് ചരിത്രത്തിൽ ഇടംപിടിക്കേണ്ട ഒന്നാണ്. ആയതിനാൽ ഈ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി വരുംതലമുറയ്ക്ക് വിവരശേഖരണത്തിനായി സൂക്ഷിച്ചുവെയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

# ആർദ്രം മിഷൻ

## സർക്കാരിന്റെ നയസമീപനം

- പകർച്ചവ്യാധികളും പകർച്ചേതര രോഗങ്ങളും മാനസിക രോഗങ്ങളും അപകടംമൂലമുണ്ടാകുന്ന മരണവും ആരോഗ്യ പ്രത്യാഘാതങ്ങളും രോഗാതുരത കുറയ്ക്കുന്നതിനായുള്ള പദ്ധതി മിഷൻ മാതൃകയിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കും.
- ഓരോ പ്രദേശത്തെയും പൗരൻമാരുടെ മുഴുവൻ അടിസ്ഥാന ആരോഗ്യ വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലി രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുകയും, പ്രതിരോധിക്കുകയും ചെയ്യും.
- രോഗികൾക്ക് സബ്സെന്ററുകൾ വഴി കൃത്യമായി മരുന്ന് ലഭ്യമാക്കും. തുടർച്ചയായ ജനകീയ മെഡിക്കൽ സർവ്വയലൻസും പ്രതിരോധ പ്രവർത്തനങ്ങളും ചികിത്സയും ഉറപ്പുവരുത്തിക്കൊണ്ട് രോഗാതുരത കുറയ്ക്കാനാവും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ മുൻകൈയിൽ വിപുലമായ ജനകീയ ആരോഗ്യ ക്യാമ്പയിനായി ഇതു വളർത്തിയെടുക്കും.
- സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടി എല്ലാ ജില്ലകളിലും കൃത്യതയോടെ നടപ്പിലാക്കും.
- എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന്റെ തുടർച്ചയായി ഇവയെ ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തും.

- സ്കൂൾ ആരോഗ്യ പദ്ധതി കൂടതുൽ കാര്യക്ഷമതയോടെ നടപ്പിലാക്കും.
- വൃദ്ധരുടെ ആരോഗ്യ പ്രശ്നങ്ങളുടെ സങ്കീർണ്ണത കണക്കിലെടുത്ത് സമഗ്രമായ ഒരു സമഗ്ര വൃദ്ധാരോഗ്യ സംരക്ഷണ പരിപാടി ആസൂത്രണം ചെയ്യുന്നതാണ്. വയോജനങ്ങളുടെ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് വയോജന കമ്മീഷൻ രൂപീകരിക്കും. കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കും.
- വയോജനങ്ങൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താലൂക്ക്, ജില്ല, മെഡിക്കൽ കോളേജ് ആശുപത്രികളിൽ ജീറിയാട്രിക്സ് ക്ലിനിക്കുകൾ ആരംഭിക്കുന്നതാണ്. പ്രായമായ സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് സവിശേഷ പരിഗണന നൽകും.
- പൊതു ആശുപത്രികളിൽ കേരളത്തിലെ ക്യാൻസർ രോഗികൾക്ക് ചികിത്സാ സൗകര്യം ഉറപ്പാക്കും. പ്രാരംഭ ഘട്ടത്തിൽ തന്നെ ക്യാൻസർ രോഗം കണ്ടുപിടിക്കുന്നതിനു സംവിധാനങ്ങൾ ഒരുക്കും.
- അതിഥി തൊഴിലാളികൾക്ക് ആരോഗ്യ കാർഡ് നൽകുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യും.
- പ്രൊഫഷണൽ സംഘടനകളുമായി ആലോചിച്ച് വിവിധ രംഗങ്ങളിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് സ്റ്റാൻഡേർഡ് ട്രീറ്റ്മെന്റ് ഗൈഡ് ലൈൻസ് തയ്യാറാക്കി നടപ്പാക്കും.
- കുടുംബ ആരോഗ്യ കേന്ദ്രങ്ങളെ താലൂക്ക്, ജില്ലാ, സംസ്ഥാനതല കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ടെലിമെഡിസിൻ സംവിധാനം ഒരുക്കും.
- ഡോക്ടർമാർക്ക് കെ-ഹെൽത്ത് ആപ്ലിക്കേഷനിലൂടെ നിസാര രോഗങ്ങൾക്ക് വീഡിയോ കോളിലൂടെ കൺസൽട്ടേഷൻ നൽകാനും എല്ലാ രേഖകളും വൈദ്യനിർദ്ദേശങ്ങളും സ്വയമേവ രേഖപ്പെടുത്താനും വേണ്ട സംവിധാനം ഒരുക്കും.
- ഇ-ഹെൽത്തിനെ ആരോഗ്യ വകുപ്പിന്റെ മുഴുവൻ ഐ.റ്റി അധിഷ്ഠിത സേവനങ്ങളും ലഭ്യമാക്കുന്ന ഏജൻസിയായി ഉയർത്തും.
- ഐക്യരാഷ്ട്ര സംഘടന നിർദ്ദേശിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി സംസ്ഥാനം തയ്യാറാക്കിയിട്ടുള്ള ആരോഗ്യ

മേഖലയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

- പാലിയേറ്റീവ് കെയർ നെറ്റ്‌വർക്കുകൾ ശക്തിപ്പെടുത്തും.
- താലൂക്ക് ആശുപത്രി വരെ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം ഒരുക്കും.
- ആരോഗ്യ ബോധവൽക്കരണം, ജനകീയ ആരോഗ്യ ഇടപെടലുകൾ, സൈക്കിളിംഗ് പോലുള്ള ആരോഗ്യ കായിക പ്രവർത്തനങ്ങൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും.

## പൊതു ലക്ഷ്യങ്ങൾ

- ആർദ്രം മിഷൻ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജില്ലാ ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ ക്രേന്ദ്രീകരിച്ച് പൂർത്തീകരിക്കാൻ കഴിയാതിരുന്ന എല്ലാ പ്രവർത്തളനങ്ങളും അടുത്ത രണ്ട് വർഷത്തിനുള്ളിൽ പൂർത്തീകരിക്കും.
- നിലവിലുള്ള ഉപകേന്ദ്രങ്ങളുടെ (5409) സ്റ്റാൻഡേർഡൈസേഷൻ ഘട്ടം ഘട്ടമായി നടപ്പിലാക്കും.
- പൊതുജനങ്ങൾക്ക് ആരോഗ്യ വർദ്ധക പ്രതിരോധ സേവനങ്ങൾ കൈയ്യെത്തും ദൂരെ ലഭ്യമാക്കാൻ പ്രദേശിക സർക്കാരിന്റെ എല്ലാ വാർഡുക ളിലും വാർഡുതല സംവിധാനങ്ങൾ സജ്ജമാക്കും.
- മെഡിക്കൽ കോളേജുകൾ ക്രേന്ദ്രീകരിച്ച് ആരോഗ്യ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കും.
- ആരോഗ്യരംഗത്ത് എല്ലാ വിഭാഗം ജീവനക്കാരുടെയും നൈപുണ്യ വികസനത്തിനും മനുഷ്യവിഭവ ശേഷി വർദ്ധനവിനും ഊന്നൽ നൽകും.
- ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി എന്ന കണക്കിൽ 54 താലൂക്ക് ആശുപത്രികളിൽ ഘട്ടംഘട്ടമായി 3 വർഷത്തിനകം സ്സ്റ്റാൻഡേർഡൈസേഷൻ നടപ്പിലാക്കും ഇതിനായി ചികിത്സാ മാനദണ്ഡങ്ങളും റഫറൽ കെയർ പ്ലാനും പ്രത്യേകം തയ്യാറാക്കും.

- വിവിധ അക്രഡിറ്റേഷൻ സ്റ്റാൻഡേർഡൈസേഷൻ സംവിധാനങ്ങളിലൂടെ 90% ആരോഗ്യ സ്ഥാപനങ്ങളിലും മികവുറ്റ സേവനങ്ങൾ 3 വർഷസത്തിനകം ഘട്ടം ഘട്ടമായി ലഭ്യമാക്കും.
- ഒരു റവന്യൂ ബ്ലോക്കിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം എന്ന കണക്കിൽ 152 ബ്ലോക്കിൽ സി.എച്ച്.സി/ബ്ലോക്ക് പി.എച്ച്.സികളെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി പരിവർത്തിപ്പിക്കും. കൃത്യമായ ചികിത്സാ മാനദണ്ഡങ്ങളും റഫറൽ കെയർ പ്ലാനും തയ്യാറാക്കി മികവാർന്ന സേവനം ഉറപ്പാക്കും.
- വിവിധ വകുപ്പുകൾ /മിഷൻ /സംഘടനകളുടെ സംയോജനം ഏകോപനം വഴി ആരോഗ്യ-ആരോഗ്യ അനുബന്ധ ഘടകങ്ങളിലെ ഇടപെടൽ സാധ്യമാക്കി ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധവും, നിയന്ത്രണവും ഉറപ്പാക്കി സങ്കീർണ്ണതകൾ തടയും.
- വയോജനങ്ങളുടെ പ്രത്യേക ആരോഗ്യ ആവശ്യങ്ങൾ പരിഗണിച്ച് പാലിയേറ്റീവ്, ഫിസിയോതെറാപ്പി സേവനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആവശ്യമായ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തും.
- വയോജനപരിപാലനത്തിനും ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധ ത്തിനും ആയുഷ് ചികിത്സാ രീതികൾക്കുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തും. ഈ ചികിത്സാ രീതികൾ ശാസ്ത്രീയ ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ വിപുലീകരിക്കും.
- ആദിവാസി വിഭാഗങ്ങൾ, തീരദേശത്ത് വസിക്കുന്നവർ, LGBTIQA+, സ്ത്രീകൾ, ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഭാഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ വിശകലനം ചെയ്ത് പ്രവർത്തനങ്ങൾ നടപ്പിലാക്കും.
- നഗരാരോഗ്യപരിപാലനത്തിന് ഊന്നൽ നൽകി പകർച്ച/പകർച്ചേതര വ്യാധികളുടെ വ്യാപനം കുറയ്ക്കും.
- കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക്തല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തുകയും, രോഗീസൗഹൃദമാക്കുകയും, സേവനമേഖല വിപുലപ്പെടുത്തുകയും ചെയ്യും.
- ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററാക്കി വികസിപ്പിച്ച് കൂടുതൽ സേവനങ്ങൾ ഗ്രാമീണ നഗരതലങ്ങളിൽ ലഭ്യമാക്കും.

- നഗര പ്രാഥമിക ആരോഗ്യസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നഗരകുടുംബാരോഗ്യ കേന്ദ്രങ്ങളും നഗരങ്ങളിൽ ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്ററുകളും ആരംഭിക്കും.
- പകർച്ചവ്യാധി രോഗനിയന്ത്രണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും, മലേറിയ, കാലാഅസാർ, ഫൈലേറിയാസിസ്, ക്ഷയരോഗം എന്നിവയുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്യും.
- സംസ്ഥാന വ്യാപകമായി ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങളും വിവിധ ക്യാൻസർ രോഗങ്ങൾ ആരംഭദശയിൽ തന്നെ കണ്ടെത്തി ചികിത്സിക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്കും.
- ജീവിതശൈലീരോഗങ്ങളായ രക്തസമ്മർദ്ദവും പ്രമേഹവും നിയന്ത്രിക്കാനും, രോഗമുള്ളവരെ കണ്ടെത്തി തുടർചികിത്സയും, ഈ രോഗങ്ങളുടെ സങ്കീർണ്ണതകളും കുറയ്ക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്കും.
- ക്യാൻസർ പ്രതിരോധവും രോഗനിർണ്ണയവും ചികിത്സയും അടങ്ങുന്ന ക്യാൻസർ നിയന്ത്രണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും. സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകളുടെയും മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകളുടെയും, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകളുമായി ബന്ധപ്പെടുത്തിയുള്ള നെറ്റ് വർക്ക് സംവിധാനവും നടപ്പാക്കും.
- പകർച്ചവ്യാധി പ്രതിരോധ നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ, ബന്ധപ്പെട്ട മിഷനുകളും, ഏജൻസികളും, വകുപ്പുകളുമായി ചേർന്ന് നിലവിലെ 'ആരോഗ്യ ജാഗ്രത' പ്രവർത്തനങ്ങൾ എന്നിവ വിപുലപ്പെടുത്തും. പുതിയ ജന്തുജന്യ രോഗങ്ങൾ അടക്കമുള്ള പുതുരോഗങ്ങൾ ആരംഭത്തിൽത്തന്നെ കണ്ടെത്താനുള്ള പാരിസ്ഥിതിക-മൃഗജന്യ മനുഷ്യരോഗ ഘടകങ്ങളും ഒന്നിപ്പിച്ച് പരിശോധിക്കുകയും ഇടപെടുകയും ചെയ്യുന്ന 'One Health Programme' പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.
- കോവിഡിന്റെ മൂന്നാം ഘട്ടത്തെയും, തുടർ പ്രശ്നങ്ങളെയും നേരിടാനും പുതുരോഗങ്ങളുടെ ചികിത്സയ്ക്കും ആവശ്യമായി വരുന്ന ഐസൊലേഷൻ വാർഡുകൾ എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഒന്നു വീതം സജ്ജമാക്കും.

- പുതുരോഗങ്ങളുടെ ആരംഭം, വ്യാപനം തുടങ്ങിയവ കണ്ടെത്താനും നിയന്ത്രണത്തിനും സഹായകമായ കൊളാബറേറ്റീവ് റിസർച്ച് (Collaborative Research) സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണം വഴി ശക്തിപ്പെടുത്തും.

## പ്രവർത്തന സമീപനം

- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ വിശകലനം ചെയ്ത് 2025 – ലേക്കുള്ള ലക്ഷ്യങ്ങൾ നിർവ്വചിച്ച് തന്ത്രങ്ങളും പ്രവർത്തനങ്ങളും നടപ്പിലാക്കും.
- ലക്ഷ്യങ്ങൾ നേടാൻ വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും സംയോജനവും ഏകോപനവും പരമാവധി ഉറപ്പ് വരുത്തും.
- നിലവിൽ വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമായിട്ടുള്ള ഫണ്ടുകൾ സമാഹരിച്ച് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കും ഉദാ: 15–ാം ധനകാര്യ കമ്മീഷൻ, ദേശീയ ആരോഗ്യ മിഷൻ, പ്ലാൻ ഫണ്ട്, ആയുഷ്മാൻ ഭാരത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് തുടങ്ങിയവ.
- ഇ–ഹെൽത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി റഫറൽ, തുടർ ചികിത്സ ഉറപ്പ് വരുത്തും
- ഇ–സഞ്ജീവനി വഴി കൂടുതൽ സേവനങ്ങൾ പരമാവധി ജനങ്ങളിലേക്ക് എത്തിക്കാനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.
- ജനസംഖ്യാപരമായും രോഗാതുരതയിലും വന്ന മാറ്റങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും കണക്കിലെടുത്ത് പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്ത് നടപ്പിലാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാവും ഈ പ്രവർത്തന ങ്ങൾ നടപ്പിലാക്കുന്നത്.

## പ്രവർത്തനങ്ങൾ

- ഉപകേന്ദ്രങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ നടപ്പിലാക്കും. ഇതിനായി ആയുഷ്മാൻ ഭാരത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്റ്റ് ഫണ്ട് തുടങ്ങിയവ വിനിയോഗിക്കും. ആഴ്ചയിൽ ആറ് ക്ലിനിക്കുകളും മറ്റ് ജനസൗഹൃദ സേവനങ്ങളും ഉപകേന്ദ്രങ്ങൾ വഴി ലഭ്യമാക്കും.

- വാർഡ്തലത്തിൽ ജനസൗഹൃദ ആരോഗ്യസേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ വാർഡുതല സംവിധാനങ്ങളിലൂടെ സാധിക്കും. ഇതിനായി അംഗണവാടികൾ / സ്കൂളുകൾ / കമ്മ്യൂണിറ്റി ഹാളുകൾ വിനിയോഗിക്കും. ആരോഗ്യ പ്രവർത്തകർക്ക് (ജെ.പി.എച്ച്.എൻ./ജെ.എച്ച്.ഐ./എം.എൽ.എസ്സ് .പി.) ചുമതല നൽകി, തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡുകളിലെ സേവനങ്ങൾ കൃത്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപ്പിലാക്കും.
- വാർഡുതലത്തിൽ സേവനങ്ങൾ ലഭ്യമാക്കാൻ നിലവിലുള്ള സാമൂഹിക സ്ഥാപനങ്ങൾ /കൂട്ടായ്മകൾ ഉപയോഗപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വാതിൽപ്പടി സേവനം ലഭ്യമാക്കും.
- ആരോഗ്യ മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കാനുള്ള സാഹചര്യങ്ങൾ എല്ലാ തലങ്ങളിലും സജ്ജമാക്കും. സംസ്ഥാന തലത്തിൽ എസ്.എച്ച്.എസ് .ആർ.സിയുടെ നേതൃത്വത്തിൽ എത്തിക്സ് കമ്മിറ്റി രൂപീകരിക്കും. നയരൂപീകരണത്തിന് ഉതകുന്ന രീതിയിലുള്ള ഗവേഷണം സാദ്ധ്യമാക്കാൻ ഗവേഷകരും നയതന്ത്രജ്ഞരും തമ്മിലുള്ള ആശയവിനിമയം നടപ്പിലാക്കും. മെഡിക്കൽ കോളേജുകളിലെ ഗവേഷണ വിഭവശേഷി ഉപയോഗപ്പെടുത്താനുള്ള സംവിധാനങ്ങൾ ഒരുക്കും.
- ജീവനക്കാരുടെ നൈപുണ്യ വികസനത്തിന് ജില്ലാ തലത്തിലും പരിശീലന കേന്ദ്രങ്ങൾ ശാക്തീകരിക്കും. ഓൺലൈൻ പരിശീലന സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തും.
- താലൂക്ക് ആശുപത്രികളിൽ റഫറൽ പ്ലാൻ ഉൾപ്പെടെയുള്ള ചികിത്സാ മാനദണ്ഡങ്ങൾ തയ്യാറാക്കും. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് പി.പി .യൂണിറ്റുകളെ ഏകീകരിച്ച് പബ്ലിക് ഹെൽത്ത് യൂണിറ്റുകളാക്കി പരിവർത്തനം ചെയ്യും.
- സാമ്പിളുകളെടുത്ത് ആരോഗ്യ വകുപ്പിന്റെ മേലേത്തട്ടിലുള്ള ലാബുകളിലേക്ക് അയച്ച് പരിശോധന നടത്തുന്ന 'ഹബ്ബ് ആന്റ് സ്പോക്ക്' രീതിയിലുള്ള ലാബ് സർവ്വീസുകൾ ഏകോപിപ്പിക്കും. റഫറൽ പ്ലാൻ ഉൾപ്പെടെയുള്ള ചികിത്സാ മാനദണ്ഡങ്ങൾ തയ്യാറാക്കും.
- ഫിസിയോതെറാപ്പി സർവ്വീസുകൾ ജീവിതശൈലീരോഗികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്ക് ലഭ്യമാക്കും.

- കിടപ്പ് രോഗികൾ, വയോജനങ്ങൾ, സാന്ത്വന ചികിത്സയിലുള്ളവർ തുടങ്ങിയവർക്ക് കിടത്തി ചികിത്സ ലഭ്യമാക്കും.
- ജീവിതശൈലീരോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കാൻ പോപ്പുലേഷൻ സ്ക്രീനിംഗ് സാദ്ധ്യമാക്കും. കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ വ്യക്തിഗത, കുടുംബ, വാർഡ്തല, പഞ്ചായത്ത്തല സർവ്വീസ് പാക്കേജുകളിലൂന്നിയുള്ള സേവനങ്ങൾ ലഭ്യമാക്കും.
- സബ്സെന്റർ വഴി മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തും.
- മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി വ്യായാമം, ആഹാര ശീലം, പുകവലി തുടങ്ങിയവയിൽ ഇടപെടലുകൾ നടത്തും. നിലവിലുള്ള രോഗികളുടെ പരിശോധനയും തുടർ ചികിത്സയും ഉറപ്പ് വരുത്തും.
- പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡാനന്തര സങ്കീർണ്ണതകൾക്ക് തുടർ ചികിത്സ ഉറപ്പ് വരുത്തും.
- വയോജനങ്ങളുടെ സ്വാസ്ത്യത്തിനായി മാനസികാരോഗ്യം, വീഴ്ചകൾ, ഡിമെൻഷ്യ, തുടങ്ങിയ മേഖലകളിൽ ഇടപെടലുകൾ നടത്തും. ആയുഷുമായി ചേർന്ന് പ്രവർത്തനങ്ങൾ നടപ്പിലാക്കും. പഞ്ചായത്തുകൾ വയോജന സൗഹൃദമാക്കും.
- സ്പെഷ്യലിസ്റ്റ് സേവനങ്ങൾ ട്രൈബൽ മേഖലയിൽ നടപ്പിലാക്കാൻ ടെലിമെഡിസിൻ, ഇ-സഞ്ജീവനി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തും.
- ട്രൈബൽ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് ഫീൽഡ് ആംബുലൻസ് സേവനങ്ങൾ സജ്ജമാക്കും.
- മാതൃ-ശിശു സേവനങ്ങൾ ശാക്തീകരിക്കും.
- വ്യത്യസ്ത ഗോത്രങ്ങളിലുള്ളവരുടെ ആവശ്യങ്ങൾ കണ്ടെത്തി അനുയോജ്യമായ ഇടപെടലുകൾ നടപ്പിലാക്കും. ഇതിനായി ട്രൈബൽ പ്രൊമോട്ടർമാർ, ഊരുമിത്രം തുടങ്ങിയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തും.
- ലഹരി ഉപയോഗം കുറയ്ക്കാനുള്ള ഇടപെടലുകൾ നടത്തും. അമിതമായ ലഹരി ഉപയോഗത്തിൽ നിന്ന് മാറാൻ കഴിയാത്തവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കണ്ടെത്തി ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിഭാവനം ചെയ്യുന്ന ഡീഅഡിക്ഷൻ സെന്ററുകളിൽ തുടർ ചികിത്സ ഉറപ്പാക്കും.

- മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള ആശ്വാസം, സമ്പൂർണ്ണ മാനസികാരോഗ്യം തുടങ്ങിയ പരിപാടികളിലൂടെ ഇടപെടലുകൾ നടത്തും.
- ആരോഗ്യകരമായ ഭക്ഷണ ശീലം, വ്യായാമം തുടങ്ങിയവ പ്രോത്സാഹിപ്പിക്കാൻ എൻ.ജി.ഒ.-കളുമായി ചേർന്ന് ഇടപെടും.
- കുട്ടികളുടെയും കൗമാരക്കാരുടെയും മാനസിക ശാരീരിക സ്വാസ്ത്യത്തിനായി പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കും.
- സാമൂഹിക നീതി വകുപ്പുമായി ചേർന്ന് LGBTIQA+ വിഭാഗങ്ങൾക്ക് എതിരെയുള്ള സാമൂഹിക വേർതിരിവ് കുറയ്ക്കാനുള്ള ഇടപെടലുകൾ നടത്തും. ആരോഗ്യ പ്രവർത്തകർക്ക് ഈ മേഖലയിൽ കൂടുതൽ അവബോധം സൃഷ്ടിക്കാനും മനോഭാവത്തിൽ മാറ്റം വരുത്താനും പരിശീലനം നൽകും. ആശ്വാസം, ജീവരക്ഷാ തുടങ്ങിയ പദ്ധതികളിൽ ഇവർക്ക് വേണ്ടി പ്രത്യേകം സേവനങ്ങൾ ഉൾപ്പെടുത്തും.
- സ്ത്രീകളുടെ ആരോഗ്യത്തിനായി കുടുംബാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പ്രത്യേക വെൽവുമൺ ക്ലിനിക്കുകൾ സ്ഥാപിക്കും.
- മുഴുവൻ നഗരാരോഗ്യ കേന്ദ്രങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യും. ഇതിനായി ധനകാര്യ കമ്മീഷന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തും.
- മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പൊതുജനാരോഗ്യ പ്രവർത്തകരുടെ സേവനങ്ങൾ നഗര പ്രദേശത്ത് പ്രാവർത്തികമാക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായി ഏകോപിപ്പിക്കും. അവരുടെ സേവന നിർവ്വചനങ്ങളെ അതിനനുസരിച്ച് പുനർ നിർവ്വചിക്കുകയും പ്രവർത്തനങ്ങളുടെ സാങ്കേതിക നിയന്ത്രണം ആരോഗ്യ വകുപ്പിന് കീഴിൽ കൊണ്ടുവരുകയും ചെയ്യും.
- നഗര പ്രദേശങ്ങളിലെ ഓരോ ഡിവിഷനിലും വ്യത്യസ്ത പൊതുജനാരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ആരോഗ്യ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുകയും അവിടെ ആരോഗ്യ പ്രവർത്തകരെ നിയമിക്കുകയും ചെയ്യും.
- ആയുഷ് വകുപ്പിൽ ഗവേഷണത്തിനായി പ്രത്യേക സമിതി രൂപീകരിക്കും. ഒരു ബ്ലോക്കിൽ ഒരു സ്ഥാപനം എന്ന കണക്കിൽ സേവനങ്ങളും സൗകര്യങ്ങളും ഏകീകരിക്കും. ലാബ് സേവനങ്ങൾക്ക് അലോപ്പതി കേന്ദ്രങ്ങൾ വഴി ലഭ്യമാക്കും.

## ക്യാമ്പയിനുകൾ

നവകേരള കർമ്മ പദ്ധതി – 2 ആരോഗ്യത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന ഘടകങ്ങൾക്ക് ഊന്നൽ കൊടുക്കും.

- ജീവിതശൈലി രോഗങ്ങൾ
- മാനസികാരോഗ്യം
- വയോജന ആരോഗ്യവും ക്ഷേമവും
- പകർച്ചവ്യാധി നിയന്ത്രണം
- രോഗനിർമ്മാർജ്ജനം

- നവകേരള കർമ്മ പദ്ധതി സെൽ സംസ്ഥാന തലത്തിൽ വിവിധ മിഷനുകളുടെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ആവിഷ്കരിക്കാൻ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കും. ആരോഗ്യ വകുപ്പിലും ദേശീയ ആരോഗ്യ ദൗത്യത്തിലും നിലവിലുള്ള മാസ് മീഡിയ വിംഗിന്റെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തൽ ഈ ക്യാമ്പയിനുകൾ നടപ്പിലാക്കും. വാർഡുതല ക്യാമ്പയിൻ സെല്ലുകൾ, ഏകോപന സമിതികൾ എന്നിവയിലൂടെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ശാക്തീകരിക്കും. ഓരോ ഘടകങ്ങളിൽ ഊന്നിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരഞ്ഞെടുക്കാം.

## മോണിറ്ററിംഗ് സംവിധാനം

- നിലവിലെ നിരീക്ഷണ സംവിധാനങ്ങളെ സഹായിക്കുവാനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പുരോഗതി വിലയിരുത്തും.
- സംസ്ഥാനതല, ഡിപ്പാർട്ടുമെന്റ്തല, ജില്ലാതല കമ്മറ്റികൾക്കു പുറമേ ഏകോപനത്തിനും നിരീക്ഷണങ്ങൾക്കുമായി ഡിപ്പാർട്ടുമെന്റ് തലത്തിലും ജില്ലാ തലത്തിലും Program Management Unit സ്ഥാപിക്കും.
- പരിവർത്തനം ചെയ്യപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെയും നൽകുന്ന സേവനങ്ങളുടെയും നിലവാരം അളക്കുന്നതിനായി പ്രവർത്തന സൂചികകൾ നിർവചിക്കും. ഭൗതിക സാഹചര്യങ്ങൾ, സേവനങ്ങളുടെ ലഭ്യത, സ്വീകാര്യത തുടങ്ങിയവ വിലയിരുത്തും. ഇ-ഹെൽത്ത് വഴി ഇതിനാവശ്യമായ ഡേറ്റ ശേഖരിക്കും.

- പ്രവർത്തന സൂചികകൾ തത്സമയം നിരീക്ഷിക്കുന്നതിനായി ഇ-ഹെൽത്തിന്റെ സാങ്കേതിക സഹായത്തോടെ ഒരു ഡാഷ് ബോർഡിന് രൂപം നൽകും. സ്ഥാപന തലം മുതൽ സംസ്ഥാന തലം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും തത്സമയം നിരീക്ഷിച്ച് ജില്ലാ മിഷനുകളും സംസ്ഥാനതല കർമ്മസമിതിയും നവകേരളം സെല്ലും അവലോകനം നടത്തും.
- കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപ്രതി വരെയുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളും മാസത്തിലൊരിക്കൽ പ്രവർത്തനം അവലോകനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപന-ബ്ലോക്ക്-ജില്ലാതല അവലോകന യോഗങ്ങളിൽ നവകേരള കർമ്മപദ്ധതി 2 ആരോഗ്യം പ്രവർത്തനങ്ങൾ അവലോകനം ചെയ്യും.
- മൂന്ന് മാസത്തിലൊരിക്കൽ മിഷന്റെ മുഴുവൻ പ്രവർത്തനങ്ങളും അവലോകനം ചെയ്യുകയും ആവശ്യമായ തിരുത്തൽ നടപടികൾ നിർദ്ദേശിക്കുകയും ചെയ്യും.

# വിദ്യാകിരണം

## സർക്കാരിന്റെ നയ സമീപനം

- സ്കൂൾ വിദ്യാഭ്യാസ ഡിജിറ്റലൈസേഷന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കും.
- ഐ.റ്റി. അധിഷ്ഠിത അധ്യയനത്തിൽ ഊന്നിക്കൊണ്ടുള്ള അധ്യാപക പരിശീലനം.
- പുതിയ കെട്ടിടങ്ങളിൽ പുതിയ ഫർണിച്ചറിനുവേണ്ടിയുള്ള ഒരു സ്കീമിന് രൂപം നൽകും. പഴയ ഫർണിച്ചറുകൾ പുതുക്കി പുനരുപയോഗിക്കും.
- സ്കൂളുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കും.
- ലാബുകൾ നവീകരിക്കുകയും എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന് സ്കീമുണ്ടാകും. കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തും.
- ജില്ലാ ഇംഗ്ലീഷ് വിദ്യാഭ്യാസ കേന്ദ്രം പോലെ പ്രത്യേക വിഷയങ്ങൾക്കുള്ള പരിപാടികൾ.
- പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും മേഖലകൾക്കും വേണ്ടി 'ശ്രദ്ധ' പോലുള്ള പരിപാടികൾ, ശ്രുതിപാഠം, ഇന്ത്യൻ ആംഗ്യഭാഷയിൽ പരിശീലനം പോലുള്ള ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള സ്കീമുകൾ, അധ്യയനത്തിൽ മികവു പ്രകടിപ്പിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള പ്രത്യേക പരിപാടികൾ എന്നിവ നടപ്പാക്കും.

- സെൽഫ് റിഫ്ളക്ഷൻ കിയോസ്കുൾ, തിങ്ക് ആന്റ് ലേൺ പ്രോജക്ട്, വിവിധതരം സ്കൂൾ ക്ലബ്ബുകൾ തുടങ്ങിയ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കും.
- കുട്ടികളുടെ അഭിരുചി തിരിച്ചറിയുന്നതിനുള്ള കെ-ഡാറ്റ് ഓൺലൈൻ അഭിരുചി പരീക്ഷ നടപ്പാക്കും.
- കലാകായിക വികസനത്തിനായുള്ള പരിപാടി നടപ്പാക്കും.
- ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ഭാഷാപരവും ഗണിതപരവുമായ ശേഷി കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയെന്ന് ഉറപ്പുവരുത്തും.
- പ്രീപ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെ മാതൃഭാഷാ പഠനത്തിന് മലയാള ഭാഷ നിയമം കൊണ്ടുവന്നിട്ടുണ്ട്. അത് ശരിയായ രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. അതോടൊപ്പം ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തും. മധുരം മലയാളം, ഹലോ ഇംഗ്ലീഷ് മുതലായ പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കും.
- പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി കളിപ്പാട്ടം എന്ന പാഠ്യപദ്ധതി എസ്.സി.ഇ.ആർ.റ്റി. തയ്യാറാക്കിയിട്ടുണ്ട്. ഈ പാഠ്യപദ്ധതി അടിസ്ഥാനമാക്കി മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകും. പ്രീപ്രൈമറി ക്ലാസ് മുറികൾ ആകർഷകവും ശിശുസൗഹൃദവുമാക്കും.
- ഓരോ വിദ്യാർത്ഥിയുടെയും സർഗ്ഗവാസനകൾ കണ്ടെത്തി അവയെ പോഷിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബ്, സർഗ്ഗവിദ്യാലയ, സഹിതം തുടങ്ങിയ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവ കൂടുതൽ മെച്ചപ്പെടുത്തും. എല്ലാ കുട്ടികൾക്കും കലാ-കായിക, പ്രവൃത്തി പരിചയ വിദ്യാഭ്യാസം കിട്ടത്തക്ക രീതിയിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കും. സ്കൂൾ ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ ഒഴിവു ദിവസങ്ങളിൽ ഓരോ ഇനത്തിലും വിവിധ കേന്ദ്രങ്ങളിൽ വച്ച് പരിശീലനം നൽകാൻ ഏർപ്പാടുണ്ടാക്കും.
- അക്കാദമിക്ക് മോണിറ്ററിംഗ് ശക്തിപ്പെടുത്തും.
- വി.എച്ച്.എസ്.ഇയിൽ കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കും.
- നിലവിലുള്ള പി.ടി.എ, എസ്.എം.സി, എസ്.എം.ഡി.സി സംവിധാനങ്ങളുടെ കൂടുതൽ ഏകോപനം ഉറപ്പുവരുത്തും. ഇവയുടെ പ്രവർത്തനങ്ങൾ

വിപുലപ്പെടുത്തും. പൊതുവിദ്യാലയങ്ങൾക്ക് പുറമെ അംഗീകാരമുള്ള എല്ലാ വിദ്യാലയങ്ങൾക്കും ഇത് ബാധകമാക്കും.

- എല്ലാ സ്കൂളുകൾക്കും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയുടെ ഭൗതികസൗകര്യ ഭാഗം വലിയൊരളവിൽ പൂർത്തിയായിട്ടുണ്ട്. അക്കാദമിക് മാസ്റ്റർപ്ലാൻ അടുത്ത അധ്യയന വർഷത്തിൽ സമഗ്രമായി പരിഷ്കരിക്കും. ഓരോ സ്കൂളും മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിന് ആവശ്യമായ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾക്ക് രൂപംകൊടുക്കും.
- ഭിന്നശേഷി കുട്ടികളുടെ അക്കാദമികവും ശാരീരികവുമായ വെല്ലുവിളികൾ ലഘൂകരിക്കാൻ പദ്ധതികൾ ഉണ്ടാക്കും.
- സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാദേശിക പദ്ധതികളുമായി ബന്ധിപ്പിക്കും.
- സ്കൂൾ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതലത്തിൽ വിദ്യാഭ്യാസ ഉന്നമനത്തിന് സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശഭരണ വകുപ്പ്, എം.പി, എം.എൽ.എ തുടങ്ങിയ ഫണ്ടുകളുടെ വിനിയോഗം കഴിവതും ഈ മാസ്റ്റർ പ്ലാനിന് അനുസൃതമായിരിക്കുമെന്ന് ഉറപ്പുവരുത്തും.
- മുഴുവൻ കുട്ടികളുടെയും കായികക്ഷമത ഉറപ്പുവരുത്തുന്ന രീതിയിൽ ആരോഗ്യ-കായിക വിദ്യാഭ്യാസത്തെ മാറ്റും.
- സ്കൂൾ അന്തരീക്ഷം ശിശുസൗഹൃദവും പരിസ്ഥിതി സൗഹൃദവും ആക്കണം. ജൈവ വൈവിധ്യോദ്യാന പദ്ധതി വിപുലപ്പെടുത്തും.
- ജൈവപച്ചക്കറികൾ ഉൽപാദിപ്പിക്കൽ, മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കൽ എന്നിവ കുട്ടികളുടെ പങ്കാളിത്തത്തോടെയും സാമൂഹിക പിന്തുണയോടെയും നടപ്പിലാക്കും.
- എല്ലാ സ്കൂളുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുകയും ഹരിതവിദ്യാല യങ്ങളാക്കി മാറ്റുകയും ചെയ്യും.
- ഒൻപതാം ക്ലാസു മുതൽ വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കി ഹയർ സെക്കണ്ടറിക്കും അതിനുശേഷമുള്ള ഉന്നത പഠനത്തിനുമുള്ള ഗൈഡൻസ് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തും.

- എല്ലാ സ്കൂളുകളിലും കൺസിലിംഗ് സേവനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും. ഇത്തരം കാര്യങ്ങളിൽ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകും.

## പൊതുലക്ഷ്യങ്ങൾ

- സാമൂഹികനീതിയും അവസരതുല്യതയും അടിസ്ഥാനമാക്കിയുള്ള ഗുണമേന്മാ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാകുന്നു എന്നുറപ്പാക്കൽ.
- സാങ്കേതിക വിദ്യാസാധ്യതകളെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ. ഇങ്ങനെ പ്രയോജനപ്പെടുത്തുമ്പോൾ ഡിജിറ്റൽ വിടവ് ഉണ്ടാകുന്നില്ല എന്ന് സമൂഹപിന്തുണയോടെ ഉറപ്പാക്കൽ.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നിനിന്നുകൊണ്ട് സമഗ്രമായ പാഠ്യപദ്ധതി പരിഷ്ക്കരണം സാധ്യമാക്കൽ.
- പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടേയും ഇതരവകുപ്പുകളുടേയും ഫലപ്രദമായ ഏകോപനം.
- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വഴി നേടിയെടുത്ത നേട്ടങ്ങളുടെ തുടർച്ചയും വളർച്ചയും ഉറപ്പാക്കൽ.
- വിജ്ഞാന സമൂഹം, പ്രാദേശിക സമ്പദ്ഘടന ശക്തിപ്പെടുത്തുക എന്നീ നിലപാടുകൾക്ക് അനുഗുണമായി വിദ്യാഭ്യാസ സംവിധാനങ്ങളെ പരിവർത്തിപ്പിക്കൽ.
- കുട്ടികൾക്ക് അവകാശപ്പെട്ട പഠനദിനങ്ങൾ ലഭ്യമാകുന്നു എന്നുറപ്പാക്കൽ.
- വിദ്യാഭ്യാസരംഗത്ത് ജനപങ്കാളിത്ത സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ. വിദ്യാലയങ്ങളെ ജനായത്ത വിദ്യാലയങ്ങളാക്കി വളർത്തിയെടുക്കൽ.
- വിദ്യാലയവും പരിസരവും ശുചിയായും അപകടരഹിതമായും പരിപാലിക്കാൻ എല്ലാ ശ്രമങ്ങളും നടത്തും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയോടെ ഈ പരിപാടി നടപ്പിലാക്കും.

## പ്രവർത്തന സമീപനം

- ഭൗതിക സൗകര്യവികസന കാര്യങ്ങളിൽ തുടങ്ങിവച്ച പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കൽ. ഇനിയും ആവശ്യങ്ങൾ ഉള്ള വിദ്യാലയങ്ങളെ കണ്ടെത്തലും ആവശ്യങ്ങളെ അഭിമുഖീകരിക്കലും.
- ഡിജിറ്റൽ ക്ലാസ്സുകൾ / ഓൺലൈൻ ക്ലാസ്സുകൾ എന്നിവ നടപ്പാക്കുമ്പോൾ ഡിജിറ്റൽ വിടവില്ലാതെ നടപ്പാക്കാൻ വേണ്ടുന്ന പ്രായോഗിക പ്രവർത്തനങ്ങൾ വികസിപ്പിക്കൽ. അതിനായുള്ള വിപുലമായ ക്യാമ്പയിൻ ആസൂത്രണം ചെയ്യൽ.
- മുഴുവൻ കുട്ടികൾക്കും നീതിയുക്തമായ ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന ശ്രമങ്ങൾക്ക് പിന്തുണ നൽകൽ.
- ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടി ഉൾച്ചേർത്ത് ജ്ഞാനസമൂഹ നിർമ്മിതിക്ക് സഹായകമായ പുരോഗമനാത്മക ഉള്ളടക്കവും ബോധനശാസ്ത്രവും ഉൾച്ചേർത്തുകൊണ്ടുള്ള പാഠ്യപദ്ധതി വികസിപ്പിക്കൽ.
- തൊഴിലിനോട് അനുകൂലമായ മനോഭാവവും തൊഴിലാഭിമുഖ്യവും സ്കൂൾ വിദ്യാഭ്യാസ ഘട്ടത്തിൽ തന്നെ വികസിപ്പിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കൽ.
- അദ്ധ്യാപക പ്രൊഫഷണലിസം വികസിപ്പിക്കാനുതകുന്ന പ്രായോഗിക പരിശീലന പദ്ധതികൾ നടപ്പാക്കൽ
- ഓരോ ഘട്ടത്തിലും നേടേണ്ട ലക്ഷ്യങ്ങൾ നിജപ്പെടുത്തി അത് നേടുന്നു എന്നുറപ്പാക്കാനാവശ്യമായ അക്കാദമിക മോണിറ്ററിംഗ് രീതി വികസിപ്പിക്കൽ.
- സംവിധാനത്തിനകത്തെ മുഴുവൻ ജീവനക്കാരെയും ഉയർന്നുവരുന്ന അക്കാദമിക വെല്ലുവിളികൾ ഏറ്റെടുക്കാൻ പ്രാപ്തമാക്കൽ.
- ഡിജിറ്റൽ ഉള്ളടക്കം വികസിപ്പിക്കുന്നതിനായി സാങ്കേതിക വിദഗ്ധർ, അദ്ധ്യാപകർ എന്നിവരടങ്ങിയ സംഘങ്ങളെ വളർത്തിയെടുക്കൽ.
- നിലവിൽ തയ്യാറാക്കിയ സ്കൂൾതല മാസ്റ്റർപ്ലാനുകൾ പുനർവായന നടത്തുകയും നിലവിലുള്ള വസ്തുനിഷ്ഠ സാഹചര്യങ്ങൾകൂടി പരിഗണിച്ച് ശാസ്ത്രീയമായി പുനരാവിഷ്ക്കരിക്കുന്നതിന് ആവശ്യമായ റിസോഴ്സ് ഗ്രൂപ്പുകളെ ശക്തിപ്പെടുത്തൽ.

- ഓരോ കുട്ടിയേയും അറിഞ്ഞുകൊണ്ട് ആവശ്യമായ പിന്തുണ നൽകാനും പ്രോത്സാഹനം നൽകാനും ആത്മവിശ്വാസം ഉളവാക്കുന്നതിനും സഹായകമാകും വിധം മെന്ററിംഗ് സംവിധാനം വിപുലീകരിക്കൽ.
- ലിംഗനീതി, ലിംഗസമത്വം, ലിംഗാവബോധം എന്നിവ ഉളവാകുന്നതിന് സഹായകമാകുംവിധം വിദ്യാഭ്യാസ ഉള്ളടക്കത്തിലും വിനിമയത്തിലും എന്തെന്ത് മാറ്റങ്ങൾ വേണമെന്ന് പരിശോധിക്കുകയും അനുഗുണമായ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്യൽ.
- സാമൂഹികമായും സാമ്പത്തികമായും അരികുവൽക്കരിക്കപ്പെട്ട സമൂഹത്തിന് കൂടി ഇടംകിട്ടും വിധം പാഠ്യപദ്ധതി ഉള്ളടക്കത്തിലും വിനിമയ രീതിയിലും ആവശ്യമായ പരിവർത്തനങ്ങൾ സാധ്യമാക്കൽ.
- കോവിഡാനന്തര വിദ്യാഭ്യാസം ആഹ്ലാദകരമാക്കുന്നതിനും, മുഴുവൻ കുട്ടികളെയും സ്കൂളിലേക്ക് തിരിച്ചെത്തിക്കുന്നതിനുള്ള ക്യാമ്പയിൻ പദ്ധതികൾ, തദ്ദേശസ്വയംഭരണ വകുപ്പ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ എന്നിവയുടെ നേതൃത്വത്തിൽ ജനകീയമായി നടത്തൽ.
- ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പ്രശ്നങ്ങളെ ഉൾക്കൊള്ളാൻ സ്കൂൾ സമൂഹത്തിന് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ വികസിപ്പിക്കലും ആസൂത്രണം ചെയ്യലും നടപ്പാക്കലും.
- സ്കൂൾ ആരോഗ്യപരിപാടി, മാലിന്യ നിർമ്മാർജ്ജനം, ജലസംരക്ഷണം, ഉദ്ഗ്രഥിത കാർഷിക രീതികൾ, ഊർജ്ജ സംരക്ഷണം തുടങ്ങിയവ അനുഭവങ്ങളിലൂടെ ഉൾക്കൊള്ളുന്നതിനും കുട്ടികളുടെ ജീവിതരീതിയും ജീവിതശീലവുമാക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഇതുമായി ബന്ധപ്പെട്ടുകിടക്കുന്ന എല്ലാ വകുപ്പുകളുടേയും മറ്റു മിഷനുകളുടേയും ഏകോപനത്തോടെയും സമൂഹ പിന്തുണയോടെയും ആസൂത്രണം ചെയ്യലും നടപ്പാക്കലും.
- ലഹരിക്കെതിരായ മനോഭാവം വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ഉതകുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ മറ്റു വകുപ്പുകളുടേയും സമൂഹത്തിന്റെയും പിന്തുണയോടെ ആവിഷ്ക്കരിക്കലും നടപ്പാക്കലും.
- വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനും വിനിമയത്തിനും സഹായകമായ പദ്ധതികൾ ആവിഷ്ക്കരിക്കലും നടപ്പാക്കലും.

- മിഷൻ പ്രവർത്തനം മുന്നോട്ട് പോകുന്ന ഘട്ടത്തിൽ രൂപപ്പെട്ടു വരുന്ന പുതിയ വിദ്യാഭ്യാസ വെല്ലുവിളികൾക്കനുസൃതമായ പ്രവർത്തന പദ്ധതികൾ രൂപപ്പെടുത്തൽ.

## പ്രവർത്തനങ്ങൾ

- ഭൗതിക സൗകര്യവികസന കാര്യങ്ങളിൽ തുടങ്ങിവച്ച പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കൽ
- കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ ഇനിയും പൂർത്തീകരിക്കാത്ത കെട്ടിടങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സമയക്രമവും നടപടികളും സ്വീകരിക്കൽ.
- ഇതിനായി വിവിധ എസ്.പി.വികളുടേയും കിഫ്ബിയുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി സമയബന്ധിത മോണിറ്ററിംഗിനായുള്ള ക്രമീകരണങ്ങൾ നടത്തൽ.
- ഇനിയും ഭൗതിക സൗകര്യവികസന ആവശ്യങ്ങൾ ഉള്ള വിദ്യാലയങ്ങളെ കണ്ടെത്തലും ആവശ്യങ്ങളെ അഭിമുഖീകരിക്കലും.
- ഭൗതികസൗകര്യങ്ങളുടെ കാര്യത്തിൽ പരിമിതിയുള്ള സർക്കാർ വിദ്യാലയങ്ങളെ കണ്ടെത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ
- ഗുണമേന്മാ വിദ്യാഭ്യാസത്തിനായി ഭൗതികസൗകര്യ വികസനം ആവശ്യമുണ്ടെന്ന് കണ്ടെത്തിയ വിദ്യാലയങ്ങൾക്കായി പ്രത്യേക പദ്ധതി രൂപീകരിക്കലും നിർവ്വഹിക്കലും.
- പൊതുവിദ്യാലയങ്ങൾ ആയതുകൊണ്ടുതന്നെ ഭൗതിക സൗകര്യകാര്യങ്ങളിൽ തീവ്രപരിമിതികളുള്ള എയ്ഡഡ് സ്കൂളുകളെ കണ്ടെത്തലും ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ സാധ്യതകൾ ആരായലും.
- പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളിൽ ആവശ്യമായ ഫർണ്ണിച്ചറുകൾ ഉറപ്പുവരുത്തുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, പ്ലാൻ ഫണ്ട്, സി.എസ്.ആർ ഫണ്ട്. സ്പെഷ്യൽ റ്റി.എസ്.ബി ഫണ്ട്. പി.ടി.എ ഫണ്ട്, ജനപ്രതിനിധികളുടെ ഫണ്ട്, എസ്.എസ്.കെ.ഫണ്ട്, മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടുകൾ, പൂർവ്വ വിദ്യാർത്ഥികൾ, പൊതുസമൂഹം തുടങ്ങിയവരിൽ

നിന്നും സംഭാവന യായി ലഭിക്കുന്ന ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളിൽ ആവശ്യമായ ഫർണ്ണിച്ചറുകൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.

- ഡിജിറ്റൽ ക്ലാസ്സുകൾ, ഓൺലൈൻ ക്ലാസ്സുകൾ എന്നിവ നടപ്പാക്കുമ്പോൾ ഡിജിറ്റൽ വിടവില്ലാതെ നടപ്പാക്കാൻ വേണ്ടുന്ന വിപുലമായ ക്യാമ്പയിൻ ആസൂത്രണം
- ഡിജിറ്റൽ വിടവിന് ഇടയാക്കാവുന്ന ഘടകങ്ങളെ കണ്ടെത്തുകയും സമൂഹപിന്തുണയോടെ പരിഹരിക്കാനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യൽ.
- ഇതുമായി ബന്ധപ്പെട്ട ഏജൻസികളെ ഏകോപിപ്പിക്കൽ
- ഡിജിറ്റൽ സംവിധാനത്തിന്റെ സാർവ്വത്രികവൽക്കരണത്തിന് ആവശ്യമായ വിഭവങ്ങളെ കണ്ടെത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കലും നിറവേറ്റലും.
- സ്കൂളുകളിൽ നിലവിൽ ലഭ്യമായിട്ടുള്ള ഡിജിറ്റൽ ഉപകരണങ്ങളുടെ പരിപാലനവും ഉപയോഗവും ഫലപ്രദമാക്കുന്നതിന് പി.ടി.എയുടെ സഹകരണത്തോടെ സംവിധാനം ഒരുക്കൽ.
- നെറ്റ്‌വർക്ക് ലഭ്യത ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കൽ.
- ഡിജിറ്റൽ ഉള്ളടക്കം വികസിപ്പിക്കുന്നതിനായി സാങ്കേതിക വിദഗ്ധർ, അദ്ധ്യാപകർ എന്നിവരടങ്ങിയ സംഘങ്ങളെ വളർത്തിയെടുക്കൽ.
- ഡിജിറ്റൽ ഉള്ളടക്കം വികസിപ്പിക്കുന്നതിനായി വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള അദ്ധ്യാപകർ, സാങ്കേതികവിദഗ്ധർ എന്നിവരടങ്ങിയ സംഘങ്ങളെ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും തെരഞ്ഞെടുത്ത് പരിശീലനം നൽകി അവരുടെ സേവനം പ്രയോജനപ്പെടുത്തൽ.
- മുഴുവൻ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- ദുർബല ജനവിഭാഗങ്ങളുടെ ആവാസത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പദ്ധതികൾ
- ഗോത്രവിഭാഗങ്ങൾ അധിവസിക്കുന്ന ഇടങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തൽ

- ഭിന്നശേഷി കുട്ടികൾക്ക് സൗഹൃദമായ അക്കാദമിക ഭൗതിക സൗകര്യം ഉറപ്പാക്കൽ.
- മലയോര/തീരദേശ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കലും നടപ്പാക്കലും.
- കുട്ടികളുടെ കലാസാംസ്ക്കാരിക കായികവിദ്യാഭ്യാസത്തിന് പ്രത്യേക ഊന്നൽ.
- അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.
- പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അതുറപ്പാക്കി അക്കാദമിക് മികവ് കൈവരിക്കുക.
- കുട്ടികളുടെ പ്രതിഭകൾ കണ്ടെത്തി അത് ഏറ്റവും ഉയർന്ന തലത്തിലേക്കെത്തിക്കുന്നതിനുള്ള അവസരങ്ങൾ ഉറപ്പാക്കൽ.
- ഇതിനെല്ലാം സഹായകരമാകുംവിധം മെന്ററിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുക.
- തൊഴിലിനോട് അനുകൂലമായ മനോഭാവവും തൊഴിലാഭിമുഖ്യവും സ്കൂൾ വിദ്യാഭ്യാസഘട്ടത്തിൽ തന്നെ വികസിപ്പിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കൽ.
- തൊഴിലിനോട് അനുകൂലമായ മനോഭാവവും തൊഴിലാഭിമുഖ്യവും സ്കൂൾവിദ്യാഭ്യാസ ഘട്ടത്തിൽ തന്നെ വികസിപ്പിക്കുന്നതിനായി വർക്ക് എഡ്യൂക്കേഷനെ പാഠ്യപദ്ധതിയുമായി ഉദ്ഗ്രഥിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- അദ്ധ്യാപകരുടെ പ്രൊഫഷണലിസം വികസിപ്പിക്കാനുതകുന്ന പ്രായോഗിക പരിശീലന പദ്ധതികൾ നടപ്പാക്കുക
- അക്കാദമിക മോണിറ്ററിംഗ് സംവിധാനം വികസിപ്പിക്കുക. ഓരോ ഘട്ടത്തിലും നേടേണ്ട ലക്ഷ്യങ്ങൾ നിജപ്പെടുത്തി അത് നേടുന്നു എന്നുറപ്പാക്കാനാവശ്യമായ അക്കാദമിക മോണിറ്ററിംഗ് രീതി വികസിപ്പിക്കൽ. ഇതിനായി ഓരോ സ്കൂൾ ഘട്ടത്തിലും (LP/UP/Secondary) പ്രാപ്യമാക്കേ്യുന്ന പഠനമികവുകൾ (Learning

Attributes) നിജപ്പെടുത്തലും അവ നേടി എന്നുറപ്പാക്കാനാവശ്യമായ മോണിറ്ററിംഗ് സംവിധാനം വികസിപ്പക്കലും

- വിജ്ഞാനസമൂഹം, പ്രാദേശിക സമ്പദ്ഘടന വികസിപ്പിക്കുക എന്നീ കാഴ്ചപ്പാടിനനുഗുണമാകുംവിധം വിദ്യാഭ്യാസ സംവിധാനത്തെ വളർത്തിയെടുക്കൽ
- ദേശീയ അന്തർദേശീയ മൽസരങ്ങളിൽ പങ്കെടുക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക
- പ്രീസ്കൂളിംഗ് ശക്തിപ്പെടുത്തുക. കുട്ടികളുടെ പോഷണം, പരിചരണം എന്നിവയ്ക്ക് പുറമെ മാനസിക, ശാരീരിക, വൈകാരിക വികാസ മേഖലകൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക. ഒരു പ്രദേശത്തെ സർക്കാർ പരിധിയിൽ വരുന്ന എല്ലാ പ്രീസ്കൂളിംഗ് പ്രവർത്തനങ്ങളുടേയും സ്വാഭാവികമായ ഏകോപനം തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വികസിപ്പിക്കുക.
- സ്കൂൾതല മാസ്റ്റർപ്ലാനുകൾ ശാസ്ത്രീയമായി പുനക്രമീകരിക്കൽ.
- തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലുള്ള മാസ്റ്റർപ്ലാനുകൾ രൂപപ്പെടുത്തൽ
- വിദ്യാഭ്യാസരംഗത്ത് നൂതനത്വമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കലും നടപ്പാക്കലും
- സമൂഹത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്ന തിന് കൂടുതൽ ജനകീയ ഇടപെടലുകൾ ഉറപ്പുവരുത്തുക
- സ്കൂൾതല കായിക പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കൽ
- സംവിധാനത്തിനകത്തെ മുഴുവൻ ജീവനക്കാരേയും ഉയർന്നുവരുന്ന അക്കാദമിക വെല്ലുവിളികൾ ഏറ്റെടുക്കാൻ പ്രാപ്തമാക്കുക.
- സ്കൂൾ ക്യാമ്പസുകളിൽ ശുചിത്വം ഉറപ്പുവരുത്തുക. മുഴുവൻ വിദ്യാലയങ്ങളേയും 'ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം' ആക്കി വളർത്തുക
- വിദ്യാർത്ഥികളുടേയും പി.ടി.എ/എസ്.എം.സി.യുടേയും പങ്കാളിത്തത്തോടെ സ്കൂൾ ക്യാമ്പസുകൾ ഹരിതാഭമാക്കുന്നതിനും ശുചിത്വം ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.

- ശുചിത്വശീലവും ശുചിത്വ രീതികളും സ്വായത്തമാക്കുന്നതിനും അവരവർ ജീവിക്കുന്ന പരിസരം ശുചിത്വമുള്ള പരിസരമാക്കി മാറ്റുന്നതിനുമുള്ള ഉത്തരവാദിത്തം അവരവർക്ക് ഉണ്ട് എന്ന അവബോധവും ജീവിത കാഴ്ചപ്പാടും സ്കൂൾ പ്രായത്തിൽത്തന്നെ അനുഭവങ്ങളിലൂടെ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കലും നടപ്പാക്കലും
- ഇത്തരം പ്രവർത്തനങ്ങളിൽ അദ്ധ്യാപകർ, പൊതുസമൂഹം എന്നിവരുടെ പിന്തുണ കുട്ടികൾക്ക് ഉണ്ടാകുന്നു എന്നുറപ്പാക്കൽ.
- തദ്ദേശഭരണസ്ഥാപനങ്ങളുടെ സാധ്യതകൾ ഇതിനായി പ്രയോജനപ്പെടുത്തൽ.
- പ്രതിഭകൾ ഇ-ക്ലാസ്സ് മുറികളിലേക്ക്: വിദ്യാലയം ഉൾപ്പെടുന്ന പ്രദേശത്തെ കല, സാഹിത്യം, നാടകം, സിനിമ, സ്പോർട്സ്, വൈദ്യം, പാചകം, കൃഷി തുടങ്ങിയ വ്യത്യസ്ത മേഖലകളിലെ പ്രതിഭകളെ കണ്ടെത്തി അവരെ ഇ-ക്ലാസ്സ് മുറികളിലൂടെ കുട്ടികളുമായി സംവദിക്കാനുള്ള അവസരം ഒരുക്കൽ.
- കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സ് ലൈബ്രറികളേയും സ്കൂൾ ലൈബ്രറികളേയും മെച്ചപ്പെടുത്തൽ
- മാതൃകാ സ്കൂളുകൾ കണ്ടെത്തുന്നതിന് പൊതുമാനദണ്ഡങ്ങൾ തയ്യാറാക്കൽ
- സാംസ്ക്കാരിക വിനിമയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കലിലൂടെ വിവിധ സംസ്കാരങ്ങളോടും കലകളോടുമുള്ള ബഹുമാനവും ആദരവും വളർത്തിയെടുക്കുക.
- വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഡോക്ക്യുമെന്റേഷനും അവയുടെ വിനിമയവും.

## സംയോജന സാധ്യതകൾ

കുട്ടികളുടെ അറിവും കഴിവും നൈപുണികളും മനോഭാവവും വികസിപ്പിക്കാനുള്ള വൈവിധ്യമായ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി സംയോജന പ്രവർത്തനങ്ങളിലൂടെ ആവിഷ്കരിക്കാൻ കഴിയും. തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, പട്ടികജാതി പട്ടികവർഗ

വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, സ്പോർട്സ് വകുപ്പ്, സാംസ്ക്കാരിക വകുപ്പ് എന്നിവയുമായി പ്രത്യക്ഷമായും വിദ്യുച്ഛക്തി, ജലവിതരണം, വനംവകുപ്പ്, പുരാവസ്തുപുരാരേഖാ വകുപ്പ്, കൃഷി വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുമായി പരോക്ഷമായും ബന്ധപ്പെട്ടുകിടക്കുന്ന സ്ഥാപനങ്ങളാണ് പൊതുവിദ്യാലയങ്ങൾ . ഈ വകുപ്പുകളുമായി എല്ലാം ബന്ധപ്പെട്ട് സംയോജിത പ്രവർത്തനം ആസൂത്രണം ചെയ്യാൻ കഴിയും . അതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാധ്യത പരമാവധി ഉപയോഗപ്പെടുത്താനും കഴിയും

## ക്യാമ്പയിനുകൾ

- കോവിഡാനന്തര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ജനകീയ ക്യാമ്പയിൻ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജനകീയ വിദ്യാഭ്യാസ രജിസ്റ്റർ ഉണ്ടാക്കൽ.
- ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം ക്യാമ്പയിൻ.
- ബാലസൗഹൃദ തദ്ദേശ ഭരണത്തെ സ്കൂളുകളുമായി ബന്ധിപ്പിക്കൽ.

ഇതുപോലെ മുന്നോട്ടുവെച്ച ലക്ഷ്യങ്ങൾക്കും പ്രവർത്തന സമീപനത്തിനും അനുഗുണമായി ഓരോഘട്ടത്തിലും രൂപപ്പെട്ടുവരുന്ന കാര്യങ്ങളെ ക്യാമ്പയിൻ രീതിയിൽ പരിവർത്തിപ്പിക്കാവുന്നതാണ്.

## മോണിറ്ററിംഗ് സംവിധാനം

- മിഷൻ പ്രവർത്തനങ്ങൾ ടാസ്ക്കുകൾ ആക്കി മാറ്റിയാൽ അതനുസരിച്ച് ഡിജിറ്റൽ മോണിറ്ററിങ് ഫോർമാറ്റുകളും, വിദ്യാഭ്യാസ വകുപ്പിലെ വിവിധ തലങ്ങളിലെ സാധ്യതകളും പ്രയോജനപ്പെടുത്തി അക്കാദമി മോണിറ്ററിംഗ് സംവിധാനം വികസിപ്പിക്കാം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മോണിറ്ററിംഗിനായുള്ള പ്രധാന പങ്കാളികളാക്കി മാറ്റാം.

# ഹരിതകേരളം മിഷൻ

## സർക്കാരിന്റെ നയം

- പരിസ്ഥിതി സൗഹൃദ കേരളം സൃഷ്ടിക്കുക എന്നത് നവകേരള സൃഷ്ടിയുടെ മുഖ്യ ലക്ഷ്യമായിരിക്കും.
- ഓരോ വകുപ്പും ഹരിതകേരളം മിഷൻ ലക്ഷ്യങ്ങളെ എങ്ങനെ പിന്തുണയ്ക്കുന്നു എന്ന പ്രസ്താവന വകുപ്പുകളുടെ ബജറ്റിൽ ഉൾപ്പെടുത്തും.
- ജനകീയ കാമ്പയിനുകളുടെ രൂപത്തിൽ പരിസ്ഥിതി സംരക്ഷണ പരിപാടികൾ നടപ്പിലാക്കും.

## മണ്ണ് – ജലസംരക്ഷണം (ജലസമൃദ്ധി)

## സർക്കാരിന്റെ നയസമീപനം

- കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുന്നതിൽ ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കും.
- നീർത്തട അടിസ്ഥാനത്തിലുള്ള ജല-മണ്ണ് സംരക്ഷണ പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ ആവിഷ്ക്കരിക്കും.
- നദീതടാടിസ്ഥാനത്തിലും വൻ നീർത്തടാടിസ്ഥാനത്തിലും ഉള്ള ആസൂത്രണം ജലസേചന വകുപ്പ് മുഖേന നിർവ്വഹിക്കും.
- ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തടയണ/റെഗുലേറ്റർ ശൃംഖല പണിത് പുഴകളെ ജലസംഭരണികളാക്കി മാറ്റും.

- മഴനിഴൽ പ്രദേശത്ത് ജലക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കും.
- ജല ഉപയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുക.
- നഗരങ്ങളിലെ കനാലുകളും പുഴകളും ശുചിയാക്കുന്നതിന് പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുക.
- ജലാശയങ്ങളുടെ വാഹക പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ.
- വിവിധ വകുപ്പുകളുടെ ഏകോപനത്തോടു കൂടി നിലവിലുള്ള നീർത്തട വികസന റിപ്പോർട്ടുകൾ ക്യാമ്പയിനായി ഉപയോഗപ്പെടുത്തണം. കൂടാതെ, നീർത്തട പ്ലാനുകൾ വികസന പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന രേഖയായി മാറണം.
- കാട്ടാക്കട, തളിപ്പറമ്പ് മാതൃകയിൽ നീർത്തട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കും.
- മാതൃകാ ബ്ലോക്കുകളിൽ ജല ബജറ്റിന് രൂപം നൽകും.
- എല്ലാ വലിയ കുളങ്ങളും മാതൃകാപരമായി വെട്ടിവൃത്തിയാക്കി പുനഃരുജ്ജീവിപ്പിക്കും.

## ലക്ഷ്യങ്ങൾ

- ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജല ലഭ്യതയും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക.
- പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്ക്കാരം മുഴുവൻ ജനങ്ങളിലും രൂപപ്പെടുത്തുക.
- ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവിതലമുറയ്ക്ക് കൂടി ഉറപ്പാക്കുക.
- നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക.
- ശാസ്ത്രസാങ്കേതിക വിദ്യയുടെ ഉപയോഗം ജലവിഭവാസൂത്രണത്തിലും മോണിറ്ററിംഗിലും ഉറപ്പാക്കുക.

- കാലാവസ്ഥ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവ ജലവിഭവ മേഖലയിൽ ചെലുത്തുന്ന സ്വാധീനം തിരിച്ചറിഞ്ഞ്, ഇവയെ പ്രതിരോധിക്കുംവിധമുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണ നിർവ്വഹണം ഉറപ്പാക്കുക.
- നഗര കേന്ദ്രീകൃത വെള്ളപ്പൊക്കം (urban flooding) ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജനകീയമായി നിർവ്വഹിക്കുക.
- നീർത്തടാടിസ്ഥാനത്തിൽ മണ്ണ് – ജലസംരക്ഷണ പ്രവർത്തനം ജനകീയമായി നിർവ്വഹിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ ഉറപ്പാക്കുക.
- ജല മലിനീകരണം  തടയുക. ഓരു വെള്ളക്കയറ്റം പ്രതിരോധിക്കുക.
- റൂം ഫോർ റിവർ ശക്തിപ്പെടുത്തുക.
- ജലസ്രോതസ്സുകളിൽ അമിതമായി അടിഞ്ഞുകൂടിയ എക്കലും മണലും നീക്കം ചെയ്യുക
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടേയും സഹായത്തോടെ ഏകോപനം സാധ്യമാക്കിക്കൊണ്ട് പരമാവധി ജനപങ്കാളിത്തോടെ ഈ പ്രവർത്തനങ്ങൾ നടത്തുക.

## പ്രവർത്തന സമീപനം

- കേരളത്തിന്റെ പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നദീതടാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്ന തരത്തിൽ കഴിഞ്ഞ കാല പ്രവർത്തനങ്ങളിൽ അവലംബിച്ച രീതി തുടരുകയെന്നതാണ് പൊതു സമീപനം.
- ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവിതലമുറയ്ക്കുകൂടി ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ജലബജറ്റും ജലസുരക്ഷാ പ്ലാനുകളും തയ്യാറാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയമായിട്ടാകണം ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്.
- നീർത്തടാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുതകുന്ന തരത്തിൽ ബ്ലോക്ക് പഞ്ചായത്ത് തല നീർത്തട മാസ്റ്റർ പ്ലാനുകൾ എല്ലായിടത്തും ഉറപ്പാക്കണം. ഇവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഏകോപനം സാദ്ധ്യമാക്കി നിർവ്വഹിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതി

കൾ (23.10.20217-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം. 20/2017/ജ.വി.വ പ്രകാരം രൂപീകൃതമായത്) ശ്രദ്ധിക്കണം. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഒറ്റ നിർവ്വഹണ പ്ലാൻ ഉണ്ടാക്കുകയും, ബന്ധപ്പെട്ട വകുപ്പുകളുടേയും എജൻസികളുടേയും കേന്ദ്ര-സംസ്ഥാന പദ്ധതികൾ പരമാവധി ഈ പ്ലാനുമായി കൂട്ടിയോജിപ്പിച്ച് നടപ്പിലാക്കുകയും വേണം.

- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പരമാവധി വിനിയോ ഗിക്കണം. ഈ പ്രവൃത്തികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ആവശ്യമായ ഘട്ടങ്ങളിൽ മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സാങ്കേതിക വൈദഗ്ധ്യം ലഭ്യമാക്കാൻ കഴിയണം.
- പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളുടെ സ്ഥായിയായ പരിപാലനം ഉറപ്പാ ക്കുന്നതിനും വീണ്ടും മലിനമാകാതെ ഉപയുക്തമാക്കി നിലനിർത്തുന്നതിനും കൃഷി, വിനോദസഞ്ചാരം തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കണം.
  - കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി കേരളത്തിൽ ലഭ്യമാകുന്ന മഴ യുടെ അളവിൽ വർദ്ധിച്ചു വരുന്നു. സ്ഥലകാല വ്യതിയാനം കണക്കിലെടുത്ത് ആവശ്യമായ സ്ഥലങ്ങളിൽ മഴക്കാലത്തുള്ള അധിക ജലം വാർന്നുപോകുന്നതിനുള്ള സംവിധാനം, പുഴകൾക്ക് ഒഴുകാനുള്ളയിടം (Room for River), പുഴകളുടെ ജല വാഹകശേഷി പുനസ്ഥാപിക്കൽ എന്നിവ സാധ്യമാക്കണം. ഒപ്പം പുഴകൾക്കുള്ളിൽ ജലസംഭരണം സാധ്യമാക്കാൻ കഴിയുന്ന തരത്തിലുള്ള നിർമ്മി തികൾ ഉറപ്പാക്കണം.
  - ജലശുദ്ധി ഉറപ്പാക്കാനും ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക അകറ്റാനും കഴിയണം.
  - ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജലവിഭവ പ്ലാനിംഗും മോണിട്ടറിംഗും ഈ മേഖലയിൽ കേന്ദ്ര സാമ്പത്തിക സഹായം നേടിയെടു ക്കുന്നതിനുള്ള പദ്ധതികളുടെ രൂപീകരണവും നടത്തണം. ഐ.ടി. മിഷന്റെ സാങ്കേതിക പിന്തുണ ഇതിനായി പ്രയോജനപ്പെടുത്തണം.

## പ്രവർത്തനങ്ങൾ

- തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ നിലവിലുള്ള സംയോജിത നീർത്തട പ്ലാനുകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്കുകൂടി അനുഗുണമായ രീതിയിൽ കാലനുസൃതമാക്കും. ഈ പ്രവർത്തനം പരമാവധി ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ സമയബന്ധിത ക്യാമ്പയിനായി നടത്തും.
- സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ പരമാവധി ജനകീയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപന തല സാങ്കേതിക സമിതികളുടെ സഹായത്തോടെ ജലബജറ്റും ജല സുരക്ഷാ പ്ലാനും തയ്യാറാക്കും. ആദ്യഘട്ടത്തിൽ ഒരു ജില്ലയിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും തുടർന്ന് മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കും.
- നീർത്തട പ്ലാനുകളിൽ നിർദ്ദേശിക്കുന്ന ആവാഹ പ്രദേശ പരിപാലനം, കുള ങ്ങളുടെ നവീകരണം, കിണർ റീചാർജിംഗ്, നീർച്ചാലുകളുടെ നവീകരണം എന്നിവ വിവിധ വകുപ്പുകളും ഏജൻസികളും അവരവരുടെ സാധ്യതകൾക്ക നുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏകോപനം സാധ്യമാക്കി ക്കൊണ്ട് ഏറ്റെടുത്ത് നടപ്പിലാക്കും. ബജറ്റ് വിഹിതം ലഭ്യമായിട്ടുള്ള വകുപ്പു കൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഗ്രീൻ സ്റ്റേറ്റ്മെന്റിൽ ഇത്തരം പ്രോജക്ടുകൾ ഉൾപ്പെടുത്തണം. സംസ്ഥാന പ്ലാനിംഗ് ബോർഡിന് വാർഷിക പദ്ധതികൾ തയ്യാറാക്കി നൽകുമ്പോൾ ഇവ കൂട്ടിച്ചേർക്കണം. ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമായി ഭൂജല നിരപ്പിൽ ഉണ്ടാകുന്ന വ്യതിയാനം രേഖ പ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനുമുള്ള സംവിധാനം ഒരുക്കും.
- പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളുടെ സ്ഥായിയായ പരിപാലനം ഉറപ്പാ ക്കുന്നതിനും വീണ്ടും മലിനമാകാതെ ഉപയുക്തമാക്കി നിലനിർത്തുന്നതിനും സാധ്യമായ ഇടങ്ങളിൽ കൃഷി, വിനോദസഞ്ചാരം തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഇവയ്ക്കനുബന്ധമായി ജൈവകൃഷി വ്യാപനം, മത്സ്യകൃഷി, ഫാം ടൂറിസം, പ്രാദേശിക ടൂറിസം, പ്രഭാത-സായാഹ്ന വ്യായാമം, സമീപത്തെ പൊതു ഉടമസ്ഥതയിലുള്ള ഭൂമിയിൽ പൊതു ഇടങ്ങൾ, ജൈവ വൈവിദ്ധ്യ പാർക്കുകൾ, പച്ചത്തുരുത്തുകൾ മുതലായവ

ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കും.

- ജലസേചന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായകമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തും. കൃഷിയും ജലസേചനവും ബന്ധിപ്പിച്ച് ഉറപ്പായ ജലസേചനം (assured irrigation) സാദ്ധ്യമാക്കും.
- കേരളത്തിലെ വിവിധ സ്വഭാവമുള്ള ഭൂപ്രദേശങ്ങളിൽ നടപ്പിലാക്കിയ കാട്ടാക്കട, ബാവേലി, മാണിക്കൽ എന്നീ മാതൃകകൾ സമാനമായ മറ്റ് പ്രദേശങ്ങളിൽ നടപ്പിലാക്കും. ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അവർ നടത്തിയ പ്രവർത്തനങ്ങൾ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പരിചയപ്പെടുത്തുന്നതിന് ആവശ്യമായ വേദി ഒരുക്കും.
- ജലസംരക്ഷണം, ജലഉപയോഗ കാര്യക്ഷമത എന്നിവ നേടുന്നതിനുള്ള നടപടികൾ ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ ജനകീയമായി നിർവ്വഹിക്കും.
- കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് പഠനം നടത്തുന്നതിനും ജലമേഖലയിൽ ഇതിന്റെ ആഘാതം ലഘൂകരിക്കുന്നതിന് ആവശ്യമായ പ്രായോഗിക സമീപനം രുപപ്പെടുത്തുന്നതിനും ആവശ്യമായ സഹായം ഈ രംഗത്ത് പ്രവർത്തിക്കുന്ന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കും.
- പുഴകൾ, തോടുകൾ എന്നിവയിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിന് സഹായകരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- പ്രകൃതിദത്ത മാർഗ്ഗങ്ങൾ ഉപയോഗിച്ച് തീരങ്ങൾ സംരക്ഷിക്കും.
- ഓരു വെള്ളക്കയറ്റം പ്രതിരോധിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കും.
- ക്വാറികൾ പോലെയുള്ള മനുഷ്യപ്രവർത്തനങ്ങളുടെ ഭാഗമായുണ്ടായ ജലസംഭരണികളിലെ ജലം ഗുണനിലവാര പരിശോധന നടത്തി കിണർ, കുളം, നീർച്ചാലുകൾ മുതലായവയുടെ റീച്ചാർജ്ജിംഗ്, ജലസേചനം, കുടിവെള്ളം മുതലായ ആവശ്യങ്ങൾക്ക് വിനിയോഗിക്കും.
- ഐ.ടി. മിഷന്റെ സാങ്കേതിക സഹായത്തോടെ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ജലവിഭവ പ്ലാനിംഗും മോണിട്ടറിംഗും ഒപ്പം ഈ മേഖലയിൽ കേന്ദ്ര സാമ്പത്തിക സഹായം നേടിയെടുക്കുന്നതിനുള്ള പദ്ധതികളുടെ

രൂപീകരണവും നടത്തും. ഈ പ്രവർത്തനത്തിൽ കേരള പുനർനിർമ്മാണ സംരംഭ ത്തിന്റെ സാധ്യത വിനിയോഗിക്കും.

- നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ച് ഒഴുക്ക് സുഗമമാക്കുന്നതിനും വാഹക ശേഷി വർദ്ധിപ്പിക്കുന്നതിനും ഇവയുടെ ശൃംഖല സജീവമാക്കുന്നതിനും 'ഇനി ഞാനൊഴുകട്ടെ' മാതൃകയിൽ സമയബന്ധിത ക്യാമ്പയിനുകൾ സംഘ ടിപ്പിക്കും. നീർച്ചാൽ ശൃംഖല പൂർണ്ണമായും വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനം ഏറ്റെടുക്കും. ഇതോടൊപ്പം 'മാപ്പത്തോണിൽ' അടയാളപ്പെ ടുത്തി ശൃംഖല പൂർത്തീകരിച്ചു എന്നുറപ്പാക്കും. ഉയർന്ന, ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ താഴ്ന്ന നിര ചാലുകളുടെ പുനരുജ്ജീ വനത്തിനും ശൃംഖല പുനസ്ഥാപനത്തിനും മുൻഗണന കൊടുക്കും.

- നീർച്ചാലുകളിലെ മഴക്കാല നീരൊഴുക്ക് നിയന്ത്രിക്കുന്നതിനും വേനൽക്കാല നീരൊഴുക്ക് ഉറപ്പാക്കാൻ കഴിയുന്ന രീതിയിൽ അവയുടെ ആവാഹ പ്രദേശ ത്തെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കും.

- ജലഗുണനിലവാരം ഉറപ്പാക്കുന്നതിന് ജലഗുണനിലവാര പരിശോധനാ ലാബുകൾ ഗ്രാമീണ മേഖലയിൽ കൂടുതലായി ആരംഭിക്കും. ഇതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളും വകുപ്പുകളും പദ്ധതി തയ്യാറാക്കി, ആവശ്യമുള്ള പക്ഷം മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള സാമ്പത്തിക പിന്തുണ കൂടി ഉറപ്പാക്കി ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ ഒരു ഹയർ സെക്കന്ററി സ്കൂളിൽ ലാബുകൾ സ്ഥാപിക്കും. ഇതിനായി വികസിപ്പിച്ച സോഫ്റ്റ്വെയറിൽ നിന്നുള്ള വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് മുതലായവർക്ക് ലഭ്യമാക്കും.

- നദികളിലും നീർച്ചാലുകളിലും നിർമ്മിക്കാവുന്ന, ജലനിർഗ്ഗമന മാർഗ്ഗങ്ങ ളുടെ സ്വാഭാവികത നഷ്ടപ്പെടുത്താത്തതും നീർച്ചാലുകൾക്കകത്ത് തന്നെ ജലസംഭരണം സാധ്യമാക്കുന്നതും നിയന്ത്രിതമായും സ്ഥായിയായും പാരിസ്ഥിതിക നീരൊഴുക്ക് ഉറപ്പാക്കാൻ കഴിയുന്നതുമായ ബന്ധാര മാതൃക യിലുള്ള ജലസംഭരണികൾ സാദ്ധ്യമാകുന്ന പ്രദേശങ്ങളിൽ പ്രാവർത്തിക മാക്കും.

- ഐ.ടി. മിഷന്റെ 'മാപ്പത്തോൺ' പ്രവർത്തനം പ്രയോജനപ്പെടുത്തി 'ജല ശക്തിഅഭിയാൻ', പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ 'സ്പേഷ്യൽ പ്ലാനിംഗ്' എന്നിവ പോലെയുള്ള കേന്ദ്ര പദ്ധതികളുടെ പദ്ധതി രൂപീകരണം സാദ്ധ്യ മാക്കുന്നതിനായി ജലസ്രോതസ്സുകൾ 'ജിയോ റഫറൻസ്' ചെയ്യുന്ന പ്രവർത്തനം നടത്തും.

## സംയോജന സാദ്ധ്യതകൾ

നവകേരളം കർമ്മപദ്ധതിയിൽ എല്ലാ മിഷനുകളും ഒപ്പം കേരള പുനർനിർമ്മാണ പദ്ധതിയും നവകേരള നിർമ്മിതിക്കായുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുക. അതിനാൽതന്നെ ഓരോ വിഷയമേഖലകളിലും സംയോജിത സാദ്ധ്യതകൾ പരിശോധിക്കും. എല്ലാ വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കാവുന്ന മേഖലകൾ കണ്ടെത്തി സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തും. ഓരോ വകുപ്പും തങ്ങളുടെ പ്രവർത്തനങ്ങൾ നവകേരള കർമ്മപദ്ധതിയുടെ ലക്ഷ്യങ്ങളുമായി എങ്ങനെയെല്ലാം സംയോജിപ്പിക്കാമെന്ന് പ്രത്യേകം പരിശോധിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ആസൂത്രണരേഖയിൽ ഇക്കാര്യം വ്യക്തമാക്കുകയും ചെയ്യണം.

ജലസംരക്ഷണ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജലസേചന വകുപ്പ്, ഭൂജല വകുപ്പ്, മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതികൾ തുടങ്ങിയ വിവിധ സർക്കാർ ഏജൻസികളുടെ നേതൃത്വത്തിലാണ് പ്രധാനമായും നിർവ്വഹിക്കപ്പെടുന്നത്. അതിനാൽ ഇവയുടെ ഫലപ്രദമായ പ്രവർത്തന ഏകോപനം ഏറെ പ്രധാനമാണ്. 23.10.20217-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.20/2017/ജ.വി.വ പ്രകാരം രൂപീകൃതമായ തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ ഒരോ ഏജൻസികൾക്കും അനുയോജ്യമായ പ്രവൃത്തികളുടെ തെരെഞ്ഞെടുപ്പും ഏകോപനവും സാദ്ധ്യമാക്കും.

ഹരിതകേരളം മിഷന്റെ ഇതര ഉപമിഷനുകളായ കൃഷി ഉപമിഷൻ, ശുചിത്വ ഉപമിഷൻ എന്നീ ഉപമിഷനുകളുമായി ജലമലിനീകരണം തടയൽ, ജലസ്രോതസ്സുകളുടെ ഫലപ്രദമായ ഉപയോഗം, നെൽകൃഷി വ്യാപനവും അതുവഴിയുള്ള നീർച്ചാലുകളിലെ നീരൊഴുക്ക് വർദ്ധിക്കൽ, അനുയോജ്യ കൃഷി തെരെഞ്ഞെടുക്കൽ, വൃക്ഷവൽക്കരണം, കൃഷിയുടെ ഭാഗമായുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കൽ, ജലമലിനീകരണ ലഘൂകരണം തുടങ്ങി അനവധി പ്രവർത്തനങ്ങളിൽ ഏകോപനം സാധ്യമാക്കും.

**ആർദ്രം** : ജലജന്യരോഗ നിയന്ത്രണം, ജലഗുണനിലവാര നിർണ്ണയ ലാബ്.

**ലൈഫ്** : സുരക്ഷിത കുടിവെള്ളം, ജലസംരക്ഷണ മേഖലയ്ക്കാവശ്യമായ തൊഴിൽസേന, ജലപുനരുപയോഗ സംവിധാനങ്ങൾ, മലിനജല സംസ്കരണ സംവിധാനങ്ങൾ.

**വിദ്യാകിരണം :** സ്കൂളുകളിലെ ജലഗുണനിലവാര നിർണ്ണയ ലാബ്, വിവര ശേഖരണം, ജലസംരക്ഷണം, ജലമിതവ്യയം – ക്യാമ്പയിനുകൾ

**കേരള പുനർനിർമ്മാണ പദ്ധതി** : ബന്ധപ്പെട്ട വകുപ്പുകൾ വഴിയുള്ള വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ

## ക്യാമ്പയിനുകൾ

നവകേരളം കർമ്മപദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ക്യാമ്പയിനുകൾവഴി ജനപങ്കാളിത്തവും സുസ്ഥിരതയും ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരും.

## മോണിറ്ററിംഗ്

ഫീൽഡ്തല പ്രവർത്തനങ്ങൾ ജിയോ ടാഗ് ചെയ്ത് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനമായി 'ഹരിതദൃഷ്ടി' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഒരുക്കിയിട്ടുണ്ട്. ജില്ലാതലം മുതൽ ഇത് വെബ് ബേസ്ഡ് ആയതിനാൽ ജില്ലാതല ഉദ്യോഗസ്ഥർക്കും ജില്ലാ കളക്ടർമാർക്കും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് സാധിക്കും. പ്രവർത്തന സഹായിയും തയ്യാറാക്കിയ ഉദ്യോഗസ്ഥർക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതികളുടെ പുരോഗതിക്കൊപ്പം ഗുണഫലങ്ങളും വിലയിരുത്തുന്നിനുള്ള സംവിധാനം ഇതിലുണ്ട്. എല്ലാ വകുപ്പുകളും ഏജൻസികളും 'ഹരിതദൃഷ്ടി' ഉപയോഗിക്കേണ്ടതുണ്ട്.

# മാലിന്യ സംസ്കരണ ഉപമിഷൻ

## സർക്കാരിന്റെ നയസമീപനം

- കേരളത്തെ സമ്പൂർണ്ണ ശുചിത്വ പ്രദേശമാക്കുകയും ഉറവിട മാലിന്യ സംസ്കരണത്തിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണവും പ്രാദേശിക സ്വീവേജ് സംരക്ഷണവും നടപ്പാക്കുകയും ചെയ്യും.
- അനിവാര്യ ഇടങ്ങളിൽ വൻകിട മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കും.
- കക്കൂസ് മാലിന്യം സംസ്കരിക്കാൻ ഉതകുന്ന സെപ്റ്റേജുകൾ പ്രാദേശികമായി സ്ഥാപിക്കും.
- വഴിയോര വിശ്രമ കേന്ദ്രങ്ങളായ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ പ്രധാന പാതകളിൽ 2022 ഓടെ സമ്പൂർണ്ണമാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ കാമ്പയിനായി വലിച്ചെറിയൽ മുക്ത കേരളം നടപ്പിലാക്കും.
- സംരംഭകത്വ അടിസ്ഥാനത്തിൽ മാലിന്യ സംഭരണവും വേർതിരിക്കലും നടത്തി സംസ്കരിച്ചു വിപണനം നടത്തും.
- അപ്സൈക്കിൾ, റീസൈക്കിൾ ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനത്തിന്റെ ഭാഗമായി സർക്കാർ സംവിധാനങ്ങളിൽ 50 ശതമാനം ഇത്തരം ഉൽപ്പന്നങ്ങളുടെ ഉപയോഗം ഉറപ്പുവരുത്തും.

- സ്വകാര്യ സംരംഭകരുടെ സഹായത്തോടെ കേരളത്തെ സ്ളോട്ടർ വേസ്റ്റ് ഫ്രീ സംസ്ഥാനമാക്കും.
- ബയോമെഡിക്കൽ മാലന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കും.
- റീജിയണൽ ലാന്റ് ഫില്ലുകൾ വർദ്ധിപ്പിക്കും.
- കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് റിക്കവറി സെന്ററുകൾ സ്ഥാപിക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം 'ഹരിത മിത്രം' ബ്രാൻഡിൽ വിപണിയിലെത്തിക്കും.
- ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുകയും ടൂറിസം കേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രീൻ ഗ്രേഡിംഗും സർട്ടിഫിക്കേഷനും കൊണ്ടുവരും.
- ഹരിതകർമ്മസേനയ്ക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടാകും.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതു ശ്മശാനം ഉറപ്പാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം ഗ്രീൻ ഓഡിറ്റിംഗ് സമിതികൾ രൂപീകരിക്കും.
- ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ടൂറിസസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പ്രാദേശിക ജനങ്ങളെ ടൂറിസം വിപണിയും സേവനങ്ങളുമായി ബന്ധിപ്പിക്കുകയും സജീവ പങ്കാളികളാക്കുകയും ചെയ്യും.

## മിഷന്റെ ലക്ഷ്യങ്ങൾ

- മണ്ണ്, ജലം, അന്തരീക്ഷം എന്നിവ എന്നും വൃത്തിയോടെ ശുചിത്വത്തോടെയും നിലനിർത്തുന്നതിന് ജനകീയപങ്കാളിത്തത്തോടെ ക്യാമ്പയിൻ മാതൃകയിൽ മാലിന്യ സംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുക.
- മാലിന്യ പരിപാലനത്തെ വിഭവവും തൊഴിലുമാക്കി മാറ്റി അതിലൂടെ മാലിന്യ സംസ്ക്കരണ പദ്ധതി നടത്തിപ്പിനാവശ്യമായ സമ്പദ്ഘടന രൂപപ്പെടുത്തുക.
- സംസ്ഥാന സർക്കാരിന്റെ ഖര-ദ്രവ-മാലിന്യ പരിപാലന നയങ്ങൾക്കും നിലവിലുള്ള ചട്ടങ്ങൾക്കും അനുസൃതമായി വികേന്ദ്രീകൃത മാതൃകയിൽ മാലിന്യ പരിപാലന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി സമ്പൂർണ്ണ ശുചിത്വ കേരളം സൃഷ്ടിക്കുക.

- വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സമയബന്ധിതമായി ഉറപ്പാക്കുക.
- മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉറപ്പാക്കിയും സമൂഹത്തിൽ ശുചിത്വ ബോധം വളർത്തിയും ശുചിത്വ അവകാശ നിർണ്ണയം സാധ്യമാക്കുക.
- ദ്രവമാലിന്യ പരിപാലനം, ഗാർഹിക-സ്ഥാപന-പൊതു തലങ്ങളിൽ സാധ്യമാക്കു ന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- പ്രത്യേകം കൈകാര്യം ചെയ്യേണ്ട മാലിന്യങ്ങളായ ഇറച്ചി മാലിന്യം, മുടി മാലിന്യം, സാനിട്ടറി മാലിന്യം, പുനഃചംക്രമണ സാധ്യമല്ലാത്ത വസ്തുക്കൾ, കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് എന്നിവയുടെ ശേഖരണത്തിനും ശാസ്ത്രീയ സംസ്ക്കരണത്തിനും മേഖലാതലത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ സംവിധാനമൊരുക്കൽ.
- വൃത്തിയും ശുചിത്വവുമുള്ള പൊതു ശുചിമുറികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയായ 'ടേക്ക് എ ബ്രേക്ക്' മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രാവർത്തികമാക്കി പൊതു ശുചിത്വം ഉറപ്പാക്കൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ ക്യാമ്പയിനായി വലിച്ചെറിയൽ മുക്ത കേരളം (Litter Free Kerala) ക്യാമ്പയിൻ നടപ്പിലാക്കുക.
- മാലിന്യ സംസ്ക്കരണ മേഖലയ്ക്കാവശ്യമായ വിദഗ്ധരെ രൂപ്പെടുത്തുന്നതിന് സഹായകരമായ രീതിയിൽ ഉന്നത വിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ നിർദ്ദേശിക്കുക.

## മിഷന്റെ പ്രവർത്തന സമീപനം

- മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ ബഹുജന ക്യാമ്പയിനായി നടപ്പിലാക്കും.
- മാലിന്യ സംസ്ക്കരണ മേഖലയിലെ കേന്ദ്ര-സംസ്ഥാനാവിഷ്കൃത സ്കീമുകളും ലോക ബാങ്ക് സഹായത്തോടെയുള്ള സ്കീമുകളെയും ഇതര വകുപ്പുകളുടെ ഭാഗമായ സ്കീമുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഒറ്റ പദ്ധതിയായി മാറ്റും.

- നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങളും പൊതു ലക്ഷ്യം കൈവരിക്കാൻ ചെയ്യേണ്ട പ്രവർത്തനങ്ങളും അനുബന്ധ ക്യാമ്പയിനുകളും ആസൂത്രണം ചെയ്ത് നടപ്പിലാക്കും.
- മാലിന്യസംസ്ക്കരണ രംഗത്ത് ശാസ്ത്രീയ രീതി പിന്തുടരുന്ന സ്വാകാര്യ സംരംഭകരെ എംപാനൽ ചെയ്ത് ബിസിനസ് മാതൃകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം ലഭ്യമാക്കും.
- മാലിന്യ സംസ്ക്കരണ രംഗത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രത്യേക പരിശോധക സംഘങ്ങളെ നിയോഗിച്ച് 6 മാസത്തിലൊരിക്കൽ സമഗ്ര വിലയിരുത്തൽ നടത്തും. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് പ്രസിദ്ധപ്പെടുത്തും. 3 മാസത്തിലൊരിക്കൽ സംസ്ഥാന തലത്തിൽ അവലോകനം സംഘടിപ്പിക്കും.
- ഹരിത കർമ്മ സേനകളെ മികച്ച വരുമാനമുള്ള സംരംഭങ്ങളാക്കി മാറ്റും. ഇതിന്റെ ഭാഗമായി ജൈവമാലിന്യത്തിൽ നിന്നുള്ള ജൈവവളം ‘ഹരിത മിത്രം’ ബ്രാൻഡിൽ വിപണിയിലിറക്കും. അപ്-സൈക്കിൾ, റീ-സൈക്കിൾ ഉത്പന്നങ്ങൾ സർക്കാർ സംവിധാനങ്ങളിൽ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കും.
- വരുമാനം മെച്ചപ്പെടാത്ത ഹരിത കർമ്മ സേനാ യൂണിറ്റുകൾക്ക് വി.ജി.എഫ് ലഭ്യമാക്കും.
- വികേന്ദ്രീകൃത മാലിന്യസംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാങ്കേതിക സഹായം ആവശ്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം ഗ്രീൻ ഓഡിറ്റ് സമിതികൾ രൂപീകരിക്കും.
- മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഗ്രീൻ സർട്ടിഫിക്കേഷൻ നടപ്പിലാക്കും.
- മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, വലിച്ചെറിയലൊഴിവാക്കൽ എന്നിവ ഉറപ്പു വരുത്തുന്നതിനായി സ്ഥാപനങ്ങൾ, പൊതുപരിപാടികൾ എന്നിവയിൽ ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി നടപ്പിലാക്കും.

- തെറ്റായ രീതിയിൽ മാലിന്യസംസ്ക്കരണം നടത്തി മുന്നോട്ട് പേകുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്ക്കരണ രംഗത്ത് മികച്ച സാങ്കേതിക പിന്തുണ നൽകാൻ കഴിയുന്ന തരത്തിൽ ശുചിത്വ മിഷൻ പരിഷ്കരിക്കും. ദ്രവ മാലിന്യം, ജൈവ മാലിന്യം, അജൈവമാലിന്യം, അപകട സ്വഭാവമുള്ള മാലിന്യം, നയങ്ങൾ, നിയമങ്ങൾ, ഐ.ഇ.സി (വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ), ശീലവത്ക്കരണം എന്നീ മേഖലകളിൽ വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തി സംസ്ഥാന-ജില്ലാതലങ്ങളിൽ ശുചിത്വ മിഷൻ സംവിധാനം നവീകരിക്കും.
- എൻഫോഴ്സ്മെന്റ് ഏജൻസികളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കൂട്ടിയോജിപ്പിച്ച് നിയമനടപടികൾ സ്വീകരിക്കുന്നത് കർശനമാക്കും.
- സമഗ്ര മാലിന്യ സംസ്ക്കരണത്തിനു മനുഷ്യവിഭവ വികസനത്തിന് കില മുഖേന പരിശീലന സംവിധാനം വികസിപ്പിക്കും.
- മാലിന്യ സംസ്ക്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സംരംഭകരെ മിഷന്റെ ഭാഗമാക്കി മാറ്റും.

## പ്രവർത്തനങ്ങൾ

- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ അവസ്ഥാ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സമയബന്ധിത പ്രവർത്തന കർമ്മപരിപാടി തയ്യാറാക്കും.
- ശുചിത്വ പദവി മാനദണ്ഢങ്ങൾ കൈവരിച്ചിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി ശേഖരണം 100 ശതമാനം എത്തിക്കുകയും അവശേഷിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ സജ്ജമാക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പ്രവർത്തനാവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങളും ബഹുജന വിദ്യാഭ്യാസ പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കും.
- അജൈവ മാലിന്യ പരിപാലനത്തിന്റെ ഭാഗമായ മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്. എന്നിവ മികച്ച സൗകര്യങ്ങളോടെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സജ്ജമാക്കും. ആർ.ആർ.എഫ്. കൾ

തരംതിരിക്കലിനും അഴുക്കുകൾ നീക്കം ചെയ്യുന്നതിനും സഹായകമായ യന്ത്രവൽക്കരണം നടത്തി നവീകരിക്കും.

- സംഭരിക്കപ്പെടുന്ന പാഴ്വസ്തുക്കൾ കൂടുതൽ മൂല്യവർദ്ധിതമാക്കുന്നതിന് ക്ലീൻ കേരളാ കമ്പനിയുടെ നേതൃത്വത്തിൽ മേഖലാടിസ്ഥാനത്തിൽ ഹൈടെക് പ്ലാസ്റ്റിക് പുനചംക്രമണ പാർക്കുകൾ സ്ഥാപിക്കൽ.
- സംസ്ഥാനത്ത് എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇ.പി.ആർ.) നടപ്പിലാക്കും.
- ഗാർഹിക തലത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാനിട്ടറി, മെഡിക്കൽ, അപകടകരമായ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണം, സംഭരണം, കടത്തൽ, സംസ്ക്കരണം എന്നിവയ്ക്ക് സംവിധാനം ഒരുക്കും.
- തെറ്റായ രീതിയിൽ മാലിന്യ സംസ്ക്കരണം നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കേണ്ട ഏജൻസികളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിച്ച് നിയമ നടപടികൾ കർശനമാക്കുന്നതിന് ക്രമീകരണം ഒരുക്കും.
- സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണം സംബന്ധിച്ച് MIS സംവിധാനം നടപ്പിലാക്കുന്നതിന് 'Smart Garbage App' സമയബന്ധിതമായി പ്രവർത്തനക്ഷമമാക്കും.
- ഒരു തരത്തിലുമുള്ള സംസ്ക്കരണം സാധ്യമല്ലാത്തതും അപകടകരമായതുമായ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് റീജണൽ ലാന്റ് ഫിൽ കേന്ദ്രങ്ങൾ സ്ഥാപിക്കും.
- ഗ്രീൻ പ്രോട്ടോക്കോൾ, പുനരുപയോഗം, ഉറവിടത്തിൽ വേർതിരിക്കൽ, ബദൽ ഉത്പന്ന പ്രചാരണം എന്നിവയെ കേന്ദ്രീകരിച്ചുള്ള വലിച്ചെറിയൽ മുക്ത കേരളം ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കും.
- സമഗ്ര മാലിന്യസംസ്ക്കരണത്തിനു മനുഷ്യവിഭവ വികസനത്തിന് കില, എഞ്ചിനീയറിംഗ് കോളേജുകൾ, അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, ഈ രംഗത്തെ മറ്റ് സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് പരിശീലന സംവിധാനം സജ്ജമാക്കും.
- കക്കൂസ് മാലിന്യ സംസ്ക്കരണത്തിനാവശ്യമായ വികേന്ദ്രീകൃത സെപ്റ്റേജ്/ ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ മലിനജല സംസ്കരണത്തിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിക്കും.

- നിലവിലുള്ള പരമ്പരാഗത കക്കൂസുകളെ ശാസ്ത്രീയമായ സംസ്ക്കരണത്തിനുതകുന്ന ഘടനയിലേക്ക് നവീകരിക്കും.
- ജലമലിനീകരണം തടയുന്നതിനുള്ള വികേന്ദ്രീകൃത സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സജ്ജമാക്കും.
- ജലമലിനീകരണം തടയുന്നതിന് ബഹുജന അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിനോദ സഞ്ചാര വകുപ്പിന്റെയും റസ്പോൺസിബിൾ ടൂറിസം മിഷന്റെയും സഹകരണത്തോടെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുകയും ഹരിത ടൂറിസം പ്രോത്സാഹിപ്പിക്കുകയും ചെയ്യും.
- പൊതുജനങ്ങൾക്ക് മാലിന്യ പരിപാലന സംവിധാനങ്ങൾ വാങ്ങുന്നതിനും ഉപയോഗ രീതികൾ മനസ്സിലാക്കുന്നതിനും ഇത് സംബന്ധിച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിനും പ്രാദേശിക തലത്തിൽ ഫെസിലിറ്റേഷൻ കേന്ദ്രങ്ങളും, ഓൺലൈൻ വിപണന സംവിധാനത്തിനും രൂപം കൊടുക്കും.
- മിഷൻ പ്രവർത്തനങ്ങളുടെ ഓരോ ഘട്ടങ്ങളും പിന്നിടുമ്പോൾ അതുവരെയുള്ള നേട്ടങ്ങൾ ഡിജിറ്റൽ രൂപത്തിൽ സംഭരിക്കുന്നതിനും ഭാവി തലമുറയ്ക്ക് അത് വിജ്ഞാനദായകമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും സംവിധാനമൊരുക്കും.
- മാലിന്യ സംസ്കരണ പദ്ധതികൾ സംബന്ധിച്ച് ഓരോ ഘട്ടത്തിലും ഉണ്ടാകുന്ന നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിനും ആയത് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും ഓൺലൈൻ പ്ലാറ്റ് ഫോം തയ്യാറാക്കും.
- മാലിന്യസംസ്ക്കരണ മേഖലയിൽ സി.എസ്.ആർ. ഫണ്ട് വിനിയോഗം പ്രോത്സാഹിപ്പിക്കും.
- മികച്ച പ്രവർത്തനം നടത്തുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വകുപ്പുകൾ, മിഷൻ/ഏജൻസികൾ എന്നിവർക്ക് മുഖ്യമന്ത്രിയുടെ നവകേരളം പുരസ്ക്കാരം ഏർപ്പെടുത്തും.
- ദേശീയ-സംസ്ഥാന പാതയ്ക്ക് അരികിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർവ്വകലാശാലകൾ പോലുള്ള കേന്ദ്രങ്ങളുടെയും സ്ഥലങ്ങളിൽ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ സ്ഥാപിക്കും. വഴിയോര വിശ്രമ കേന്ദ്രങ്ങളായ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ പ്രധാന പാതകളിൽ 2022 ഓടെ

സമ്പൂർണമാക്കും. ഇവ ഭിന്നശേഷി സൗഹൃദവും സ്ത്രീസൗഹൃദവും പരിസ്ഥിതി സൗഹൃദവുമാണെന്ന് ഉറപ്പു വരുത്തും.

- മെഡിക്കൽ കോളേജ്, ജില്ലാ താലൂക്ക് ആശുപത്രികളിലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കും.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതുശ്മശാനം ഉറപ്പാക്കും.

## സംയോജന സാധ്യതകൾ

- കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ, നഗരം), ലോക ബാങ്ക് ധനസഹായ പദ്ധതിയായ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് (KSWMP), പെർഫോമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റ് (PBIG), സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (ഗ്രാമം, നഗരം), 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സമന്വയിപ്പിച്ച് നടപ്പിലാക്കാൻ കഴിയും.
- തൊഴിലുറപ്പ് പദ്ധതികൾ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരളാ കമ്പനി, ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, കിഫ് ബി, റീ ബിൽഡ് കേരള ഇനിഷേറ്റീവ്, കൃഷി വകുപ്പ്, ജല വിഭവ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങിയ ഏജൻസികളുടെ സേവനം സംയോജിപ്പിച്ച് മാലിന്യ സംസ്ക്കരണത്തിനുള്ള അടിസ്ഥാന സൗകര്യം, ഹരിത കർമ്മ സേനയുടെ വരുമാന വർദ്ധനവ്, ബഹുജന അവബോധം വളർത്തൽ എന്നിവയ്ക്കുള്ള സംയോജിത പദ്ധതി നടപ്പിലാക്കാൻ കഴിയും.
- പൊതുജന സമ്പർക്കം കൂടുതൽ വരുന്ന മേഖലകളായ വിനോദ സഞ്ചാരം, കെ.എസ്.ആർ.ടി.സി, ആരോഗ്യം, സാംസ്ക്കാരികം, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, ഹാർബർ, ഫിഷറീസ്, വനം വന്യജീവി വകുപ്പ്, ഇക്കോടൂറിസം കേന്ദ്രങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്ന വകുപ്പുകൾ / ഏജൻസികളുമായി ശുചിത്വ മിഷൻ പ്രവർത്തനങ്ങളെ ബന്ധിപ്പിച്ച് അതാത് ഏജൻസികളുടെ നേതൃത്വത്തിൽ ശുചിത്വമിഷൻ സാങ്കേതിക സഹായത്തോടെ മാലിന്യസംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയും. ഇതിനായി അതാത് വകുപ്പുകളിൽ പ്രത്യേക മാലിന്യ പരിപാലന ക്യാമ്പയിൻ നടത്താൻ സാധിക്കും.
- കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കീഴിലെ ഗവേഷണ/പരിശീലന സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രകൃതി സൗഹൃദ ഉത്പന്നങ്ങളുടെ

നിർമ്മാണം, പാക്കേജിംഗ്, നൂതന മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ വികസിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാണ്.

## സംഘടനാ സംവിധാനങ്ങൾ

- സ.ഉ (പി)നം.10/2021/പി&ഇ.എ. തീയതി.10.08.2021 ഉത്തരവു പ്രകാരമുള്ള സംഘടനാ സംവിധാനം കൂടാതെ ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൺവീനറായും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലെ ആരോഗ്യ വിദ്യാഭ്യാസ സ്ററാൻഡിംഗ് കമ്മിറ്റി ചെയർപേഴസൺമാർ നിർവ്വഹണ ഉദ്യോഗസ്ഥർ, ചുമതലയുള്ള റിസോഴ്സ് പേഴസ്ൺമാർ എന്നിവർ അംഗങ്ങളായും ബ്ലോക്ക്തല ഏകോപന മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കും.
- സംസ്ഥാന തലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലം വരെ വിഷയ വിദഗ്ധരെ ഉൾപ്പെടുത്തി ടെക്നിക്കൽ സമിതികൾ രൂപീകരിക്കും. പദ്ധതി നടത്തിപ്പ് നിരീക്ഷിക്കുന്നതിനും അതാത് സമയത്തെ തടസ്സങ്ങൾ നീക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഇതിലൂടെ ഒരുക്കും.

## ക്യാമ്പയിനുകൾ

- ആർദ്രം, വിദ്യാകിരണം, ലൈഫ്, ഹരിത കേരള മിഷൻ, തുടങ്ങിയ 4 മിഷനുകളുടെ ഏകോപനത്തിലൂടെ പകർച്ചാവ്യാധികൾ തടയൽ, മാലിന്യ മുക്ത സ്കൂൾ, ശുചിത്വ ശീലം, ശുചിത്വ ഭവനം, മാലിന്യ രഹിത ജലാശയം, ശുചിത്വ സ്ഥാപനങ്ങൾ, ജൈവകൃഷി എന്നീ ലക്ഷ്യങ്ങൾ സമന്വയിപ്പിച്ച് നവകേരളത്തിനായുള്ള ഏകോപിത ക്യാമ്പയിൻ നടപ്പിലാക്കും.
- മാലിന്യത്തിന്റെ അളവ് കുറക്കുക എന്ന ലക്ഷ്യത്തോടെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ പരമാവധി നടപ്പിലാക്കാനാവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കും.
- മാലിന്യത്തിന്റെ സംരംഭക സാധ്യതയും വിപണി സാധ്യതകളും സമൂഹത്തിലേക്കെത്തിക്കേണ്ടതുണ്ട്. ഈ മേഖലയിൽ ജൈവ-അജൈവ മാലിന്യങ്ങളുടെ ഉപോൽപ്പന്നങ്ങൾ, മൂല്യം എന്നിവ ഉൾപ്പെടുത്തി സമൂഹത്തിന് പുതിയ ദിശാബോധം നൽകുന്നതിനുള്ള ക്യാമ്പയിൻ സംഘടിപ്പിക്കും.

- മാലിന്യമുക്ത ജലാശയം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനം നടപ്പിലാക്കും.
- ഹരിത കർമ്മ സേനക്കൊപ്പം എന്ന ബഹുതല സ്പർശിയായ ക്യാമ്പയിൻ സംഘടിപ്പിക്കും.
- ഹരിത നിയമങ്ങൾ സംബന്ധിച്ച ബോധവത്ക്കരണവും നിയമ നടപടികളും സംബന്ധിച്ച ക്യാമ്പയിനുകൾ സംഘടിപ്പിക്കും.

## മോണിറ്ററിംഗ്

- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രതിദിനം ഉദ്പാദിപ്പിക്കുന്ന ജൈവ- അജൈവ മാലിന്യത്തിൽ സംസ്ക്കരണ സംവിധാനത്തിലെത്തിക്കുന്ന മാലിന്യത്തിന്റെ അളവിനെ അടിസ്ഥാനപ്പെടുത്തി പ്രവർത്തന മികവ് മോണിറ്റർ ചെയ്യും.
- ഓരോ തദ്ദേശ സ്ഥാപനത്തിലും രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവിനനുസൃതമായി അവ സംസ്ക്കരിക്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പുരോഗതി വിലയിരുത്തും.
- ഹരിത കർമ്മ സേനയുടെ പ്രവർത്തന മികവും വരുമാനവും അടിസ്ഥാനപ്പെടുത്തിയുള്ള വിലയിരുത്തൽ നടത്തും.
- പ്രതിദിനം വാർഡുതലത്തിലും, ആഴ്ച്ചയിലൊരിക്കൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും, പ്രതിമാസം ജില്ലാതലത്തിലും ത്രൈ മാസത്തിൽ സംസ്ഥാന തലത്തിലും പ്രവർത്തന പുരോഗതി വിലയിരുത്തും.
- മാലിന്യ മേഖലയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദഗ്ധരുടെ സഹായത്തോടെ ഇംപാക്ട് സ്റ്റഡി (Impact Study) നടത്തും. 6 മാസത്തിലൊരിക്കൽ സോഷ്യൽ ഓഡിറ്റിംഗ് സംഘടിപ്പിക്കും.
- മാലിന്യ സംസ്ക്കരണ പദ്ധതികളുടെ സമഗ്ര വിവര സംയോജനത്തിനായി ഡാഷ് ബോർഡ് സംവിധാനം ഒരുക്കും.

# കൃഷി: പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം

## സർക്കാരിന്റെ നയസമീപനം

- കാർഷിക രംഗം നവീകരിക്കും.
- കൃഷിക്കാരുടെ വരുമാനത്തിൽ 50 ശതമാനം വർദ്ധനവ് സൃഷ്ടിക്കും. ഇതിനായി കാർഷികോൽപ്പന്നങ്ങളുടെ തറവിലയിൽ കാലോചിതമായ പരിഷ്കാരവും കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണവും മുല്യവർദ്ധന അനുബന്ധ ഉൽപ്പന്നങ്ങളിൽ നിന്നുള്ള വരുമാനവും നൂതന ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ പ്രയോഗത്തിലൂടെ കാർഷിക ഉല്പാദന ക്ഷമതയിൽ വർദ്ധവ്, വിപണനത്തി

  നായി ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ രൂപീകരണം എന്നിവ പ്രാവർത്തികമാക്കും.
- കാർഷിക മേഖലയിൽ 5 ലക്ഷം ഉപജീവന തൊഴിലവസരം സൃഷ്ടിക്കും. ഇതിനായി പാടശേഖര സമിതികൾ സ്വയംസഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ കൃഷി പ്രോത്സാഹിപ്പിക്കും ഇതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സേവനം പ്രയോജനപ്പെടുത്തും.
- കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വയംസഹായ സംഘങ്ങളുടെ സഹായം ഔഷധസസ്യ കൃഷി വ്യാപനത്തിന് പ്രയോജനപ്പെടുത്തും.
- കാർഷിക അഭിവൃദ്ധിക്കായി നീർത്തടാധിഷ്ഠിത ആസൂത്രണം പ്രായോഗികമായി നടപ്പിലാക്കുകയും ഈ പദ്ധതികളുടെ അടിസ്ഥാനത്തിൽ വിള കലണ്ടറും പ്ലാനും തയ്യാറാക്കും.

- വിവിധ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കാർഷിക ഏജൻസി കളും ചേർന്നുള്ള സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി പച്ചക്കറി, പാൽ, മുട്ട എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കും.
- കൃഷിഭവൻ വഴിയുള്ള എക്സ്റ്റൻഷൻ നവീകരിക്കുകയും, വിപുലപ്പെടുത്തുകയും ചെയ്യും. തരിശുഭൂമി കണ്ടെത്തി കൃഷി ചെയ്യുന്ന പദ്ധതി കൂടുതൽ ശക്തമായി നടപ്പിലാക്കും.
- അയൽക്കൂട്ട ക്ലസ്റ്ററിന്റെ അടിസ്ഥാനത്തിൽ സംയോജിത ബഹുവിള പുരയിട കൃഷി പ്രോത്സാഹിപ്പിക്കും.
- വിത്ത്, വളം എന്നിവയുടെ വിതരണം, ചെറുകിട യന്ത്രവൽക്കരണം, സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കൂട്ടായി നടത്തും.
- നഗരകൃഷി പ്രോത്സാഹിപ്പിക്കും. റസിഡന്റ് അസോസിയേഷൻ സഹായത്തോടെ ടെറസ്സ്-മുറ്റം കൃഷി പ്രോത്സാഹിപ്പിക്കും
- ഗാർഹിക മാലിന്യ കമ്പോസ്റ്റിംഗും നഗര കൃഷിയേയും സംയോജിപ്പിക്കും.
- കെട്ടിട സമുച്ചയങ്ങളിൽ മലിനജലം പുനഃചംക്രമണം നടത്തി പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തും.
- വർഷംതോറും ഒരുകോടി ഫലവൃക്ഷ തൈകൾ നടുന്ന പദ്ധതി നടപ്പിലാക്കും. ഇതിനാവശ്യമായ തൈകൾ കൃഷി വകുപ്പിന്റെ ഏജൻസികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നഴ്സറികൾ വഴി ഉല്പാദിപ്പിക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ നടുന്ന ഫലവൃക്ഷങ്ങളെ സംബന്ധിച്ച് കൃത്യമായ കണക്ക് സൂക്ഷിക്കുകയും മോണിട്ടർ ചെയ്യുകയും ചെയ്യും. തനത് ഫലവൃക്ഷങ്ങളുടെ അതിസാന്ദ്രതാ കൃഷി പ്രോത്സാഹിപ്പിക്കും.
- തൊഴിലുറപ്പ് പദ്ധതി, കാർബൺ ന്യൂട്രൽ പദ്ധതി എന്നിവയുൾപ്പെടുത്തി മുള വച്ചുപിടിപ്പിച്ചിരിക്കുന്നത് വ്യാപകമാക്കും.
- വനഭൂമിയിലെ യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ മരങ്ങൾ മാറ്റി കാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കും.
- അധിനേശ കള സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

## ലക്ഷ്യങ്ങൾ

- പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം എന്ന ലക്ഷ്യം കൈവരിക്കാനായി തരിശ് ഭൂമി വിനിയോഗത്തിൽ ഊന്നൽ നൽകിക്കൊണ്ട് നെൽകൃഷി, മറ്റു ധാന്യവിളകൾ ഉൾപ്പെടെയുള്ള ഭക്ഷ്യവിളകളുടെ ഉൽപ്പാദനം പരമാവധി വർധിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുക.
- പച്ചക്കറി ഉൽപ്പാദനത്തിൽ മുന്നേറ്റമുണ്ടാക്കിയതിന്റെ തുടർച്ചയായി സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോട് കൂടി വീടുകളിലും, സ്ഥാപനങ്ങളിലും പച്ചക്കറികൃഷി വ്യാപിപ്പിക്കുക.
- കേരളത്തിന്റെ തനതായ ഫലവർഗ്ഗങ്ങളുടെ വിസ്തൃതി വ്യാപിപ്പിച്ച് പരമാവധി ഉൽപ്പാദനം സാധ്യമാക്കുക.
- ചെറുധാന്യങ്ങളുടെയും എണ്ണക്കുരുക്കളുടെയും കൃഷി വ്യാപിപ്പിക്കുക.
- കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്താനായി സംയോജിത കൃഷി സമ്പ്രദായം വ്യാപിപ്പിക്കുക.
- ഔഷധ കൃഷി പ്രോത്സാഹനത്തിനായി സാദ്ധ്യമായ സ്ഥലങ്ങളിൽ ഔഷധ കൃഷി സമ്പ്രദായം നടത്തുക.
- സംസ്ഥാനത്തിന്റെ നഗരവൽക്കരണ സ്വഭാവത്തിനനുസൃതമായി ആധുനിക കൃത്യതാ കൃഷി സമ്പ്രദായങ്ങളും ലംബകൃഷി സംവിധാനങ്ങളും ഉൾപ്പെടെ യുള്ള ദ്വീതീയ കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക. ഇതിലൂടെ അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
- സുരക്ഷിത ഭക്ഷ്യ ഉൽപ്പാദനത്തിനുവേണ്ടി ജൈവകൃഷി ഉൾപ്പെടെയുള്ള പരിസ്ഥിതി സൗഹൃദ ഭക്ഷ്യ ഉൽപ്പാദനവും ആരോഗ്യ സൗഹൃദ ഭക്ഷ്യ സംസ്കരണവും സംഭരണവും വിതരണവും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- കേരളത്തിന്റെ സമ്പത് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിനും പുതിയ കാർഷിക മൂല്യശൃംഖല ശക്തിപ്പെടുത്തുക.
- കാർബൺ ന്യൂട്രൽ കേരളം എന്ന ലക്ഷ്യത്തിലേക്ക് വിവിധ വകുപ്പുകളേയും ഏജൻസികളേയും സന്നദ്ധ സംഘടനകളേയും സ്ഥാപനങ്ങളേയും ഏകോപി പ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ. നിലവിലുള്ള പച്ചത്തു രുത്തുകളുടെ സംരക്ഷണത്തിനും മെച്ചപ്പെടുത്തലിനും വേണ്ട നടപടികൾ.

പുതിയതായി കണ്ടൽക്കാടുകളും മുളക്കൂട്ടങ്ങളും പുഴയോര സ്വാഭാവിക സസ്യജാലങ്ങളും ഉൾപ്പെടെ കൂടുതൽ പച്ചത്തുരുത്തുകൾ സ്ഥാപിക്കും.

- കാർഷിക മേഖലയിൽ വിവിധ ഘടകങ്ങളായ ഭക്ഷ്യ ഉൽപ്പാദനം, സംഭരണവും വിപണനവും, മൂല്യവർധനവ്, ഫാം ടൂറിസം എന്നീ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് വരുമാന വർധനവിനും വിവിധ പദ്ധതികൾ, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കൽ.
- കാർഷിക ആവാസ യൂണിറ്റുകളിൽ നീർത്തട അടിസ്ഥാനത്തിൽ പ്രാദേശിക വിഭവങ്ങളുടെ ലഭ്യതക്കനുസൃതമായി ധാന്യവിളകളുടേയും പച്ചക്കറിയുടേയും ഫലവർഗ്ഗങ്ങളുടേയും ഔഷധ സസ്യങ്ങൾ, എണ്ണക്കുരുവിളകളുടേയും കാർഷിക വനവൽക്കരണത്തിൻറേയും മാതൃക പദ്ധതികൾ ആവിഷ്കരിക്കൽ.

## പ്രവർത്തനങ്ങൾ

- തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനും നെൽകൃഷി വിസ്തൃതി 3 ലക്ഷം ഹെക്ടറിൽ എത്തിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കും.
- പച്ചക്കറി കൃഷി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത പച്ചക്കറി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളുടെ സഹായത്തോടു കൂടി നടപ്പിലാക്കും.

  പച്ചക്കറി കൃഷി വ്യാപനത്തിന്റെ സന്ദേശം എല്ലാ ജനങ്ങളിലേക്കും എത്തിക്കുന്നതിനായി ഓണത്തിന് ഒരു മുറം പച്ചക്കറി, വിദ്യാർത്ഥികളുടെ ഗാർഹിക പച്ചക്കറികൃഷി എന്നിവയോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട 2000 വാർഡുകളിൽ എല്ലാ വീടുകളിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളുടേയും സഹകരണ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ട് വാർഡിലെ മുഴുവൻ വീടുകളിലും പച്ചക്കറി കൃഷി ആരംഭിക്കുന്ന ജനകീയ കാമ്പയിൻ സംഘടിപ്പിക്കും.
- ഫലവർഗ്ഗങ്ങളുടെ കൃഷി ജനപ്രിയമാകുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തു സമഗ്രമായ വികസന പദ്ധതി നടപ്പിലാക്കും.
- റാഗി, തിന, ചോളം മുതലായ ചെറുധാന്യങ്ങളും എണ്ണക്കുരുക്കളായ കപ്പലണ്ടി, എള്ള് എന്നിവയും കരിമ്പും നിശ്ചിത കാർഷിക ആവാസമേഖലക്ക്

അനുയോജ്യ പ്രദേശങ്ങളിൽ കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

- ദേവാലയങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശ് ഭൂമി കൃഷി വ്യാപിപ്പിക്കുന്നതിന് നിലവിലുള്ള ദേവഹരിതം കാമ്പയിൻ എല്ലാ ദേവാലയങ്ങളിലേക്കും വ്യാപിപ്പിക്കും.
- വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ തരിശ് ഭൂമി കൃഷിക്ക് ഉപയോഗിക്കുന്നതിന് പ്രാദേശികമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.
- തരിശുഭൂമി കണ്ടെത്തി പ്രശ്നങ്ങൾ അപഗ്രഥിച്ച് പുതിയതായി 152 ഗ്രാമ പഞ്ചായത്തുകളെ തരിശ് രഹിത ഗ്രാമങ്ങളായി പ്രഖ്യാപിക്കും.
- പ്രാദേശികാടിസ്ഥാനത്തിൽ വിപണന സാധ്യത ഉറപ്പു വരുത്തി ഔഷധ സസ്യ കൃഷി നടപ്പിലാകും
- വെള്ളക്കെട്ട് മൂലം കൃഷിചെയ്യാൻ സാധിക്കാതെ കിടക്കുന്ന പാടങ്ങളിലും മറ്റും പ്രദേശത്തിന് അനുയോജ്യമായതും പരിസ്ഥിതി സൗഹൃദവുമായ ചങ്ങാടകൃഷി (ഫ്ളോട്ടിംഗ് കൃഷി) ആരംഭിച്ചുകൊണ്ട് ആദായകരമായ പദ്ധതി ആവിഷ്കരിക്കും.
- കാർഷിക ആവാസ മേഖലകളിൽ ഉൾപ്പെട്ട 23 കാർഷിക ആവാസ യൂണിറ്റുകൾക്ക് അനുയോജ്യമായ സമഗ്രകൃഷി മുറകൾ വിവിധ വകുപ്പുകളും ഏജൻസികളുമായി യോജിച്ചുകൊണ്ട് നീർത്തടാധിഷ്ഠിതമായി പദ്ധതികൾ ആവിഷ്കരിക്കും.
- നൂതന കൃഷിസമ്പ്രദായങ്ങളായ ലംബകൃഷി, ഏറോപോണിക്സ്, ഹൈഡ്രോപോണിക്സ്, പിങ്ക് ഫാമിംഗ് തുടങ്ങിയവ ജില്ലാതലത്തിൽ ഒരു മാതൃകാ യൂണിറ്റെങ്കിലും സ്ഥാപിക്കും. ഈ മേഖലയിൽ കൂടുതൽ തൊഴിലവ സരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രോത്സാഹനം നൽകും.
- കേരളത്തിലെ പരിസ്ഥിതി സന്തുലനാവസ്ഥ പുനഃസ്ഥാപിക്കുന്നതിന്റെയും കാർബൺ-ന്യൂട്രൽ കേരളം എന്ന ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതി ന്റേയും ഭാഗമായി നിലവിലുള്ള കണ്ടൽക്കാടുകളുടേയും കാവുകളുടെയും സംരക്ഷണത്തിനും നടപടി സ്വീകരിക്കും. പുതിയതായി കണ്ടൽക്കാടുകളും മുളങ്കൂട്ടങ്ങളും നദീതീര സ്വാഭാവിക സസ്യശൃംഖലകളും വച്ചുപിടിപ്പിക്കു കയും ഇവയുടെ വിശദാംശങ്ങൾ പച്ചത്തുരുത്തുകളുടെ ഡിജിറ്റലൈസേഷ നോടൊപ്പം കൂട്ടിച്ചേർക്കുകയും ചെയ്യും.

- വിവിധ വകുപ്പുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ പച്ചത്തുരുത്തുകളും നഗരങ്ങളിൽ സ്ഥലലഭ്യത കുറവുള്ള സ്ഥല ങ്ങളിൽ നഗരവനങ്ങളും സ്ഥാപിക്കും.
- തദ്ദേശഭരണ സ്ഥാപനങ്ങളുടേയും സഹകരണ സ്ഥാപനങ്ങളുടേയും സഹായ ത്തോടെ കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും മൂല്യവർധനവിനും വിപണനത്തിനും വേണ്ട സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഉല്പന്നങ്ങളുടെ വിപണനത്തിന് ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തും.
- ഓരോ ജില്ലയിലും തദ്ദേശ ഭരണ സ്ഥാപനങ്ങളും മറ്റു വകുപ്പുകളും ഏജൻസികളുമായി ചേർന്ന് പ്രാദേശിക അടിസ്ഥാനത്തിൽ ഏറ്റവും അനുയോജ്യമായ കാർഷിക പദ്ധതികൾ രൂപീകരിക്കും.
- പച്ചത്തുരുത്തുകൾ സ്ഥാപിക്കുമ്പോൾ കാർഷിക ആവാസ യൂണിറ്റുകളുടെ സ്വഭാവത്തിന് യോജിച്ച ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, സുഗന്ധ വിള കൾ എന്നിവ ഉൾപ്പെട്ട കാർഷിക വനവൽക്കരണത്തിന് ഊന്നൽ നൽകും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവ യുടേയും വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ പരിപാടിയുടെയും സഹായത്തോടെ പരമാവധി സ്ഥലത്ത് പച്ചത്തുരുത്തുകൾ സ്ഥാപിക്കുകയും അവയുടെ തുടർപരിപാലനത്തിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യും.
- അധിനിവേശ വൃക്ഷങ്ങളേയും സസ്യങ്ങളേയും ശാസ്ത്രീയമായി ഒഴിവാക്കി അനുയോജ്യമായ പ്രാദേശിക സസ്യ ഇനങ്ങൾ വളർത്തിയെടുക്കും.

# കേരള പുനർനിർമ്മാണ പദ്ധതി (RKI)

2018 ഓഗസ്റ്റിൽ സംസ്ഥാനത്തിനു നേരിടേണ്ടി വന്ന സമാനതകളില്ലാത്ത പ്രളയം സമസ്ത മേഖലകളിലും പ്രത്യാഘാതങ്ങൾ ഉളവാക്കുകയും ജനജീവിതത്തെ സാരമായി ബാധിക്കുകയും ചെയ്തു. 1664 വില്ലേജുകളിൽ 1269ലും പ്രളയം ബാധിച്ചു. ഐക്യ രാഷ്ട്രസഭയുടെ ഏജൻസികളുടെ ആഭിമുഖ്യത്തിൽ നടത്തിയ പി.ഡി.എൻ.എ (Post Disaster Needs Assessment- PDNA) പഠന പ്രകാരം 31,000 കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്.

ദുരന്തത്തെ ഒരു വെല്ലുവിളിയായി കണ്ട് നവകേരളം പടുത്തുയർത്തു ന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് (Rebuild Kerala Initiative) സർക്കാർ രൂപം നൽകിയത്.

## പൊതുലക്ഷ്യങ്ങൾ

- മുമ്പത്തേക്കാളേറെ മെച്ചപ്പെട്ട ജീവിതനിലവാരം ദുരന്തബാധിതരായ ജനങ്ങൾക്ക് ഉറപ്പാക്കുക.
- പൊതുവിൽ കേരളത്തിന്റെ പരിമിതിയായി വിലയിരുത്തപ്പെടുന്ന പ്രവർത്തന കാര്യക്ഷമതയിലുള്ള പോരായ്മ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ പ്രദേശമാക്കി കേരളത്തെ മാറ്റിയെടുക്കുന്നതിനുള്ള അവസരമായി ദുരന്തകാലത്തെ പരിവർത്തനപ്പെടുത്തുക.
- നാശനഷ്ടം നേരിട്ട ആസ്തികളുടെ പുനരുദ്ധാരണത്തിലും പുനർ നിർമ്മാണത്തിലും ഉന്നത ഗുണനിലവാരം ഉറപ്പാക്കുക.
- നൂതനവും വികസനോന്മുഖവുമായ വലിയ പദ്ധതികൾ തയ്യാറാക്കുക.

- സമയബന്ധിതമായ നിർമ്മാണപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതോടൊപ്പം, പാരിസ്ഥിതിക സൗഹാർദ മാനദണ്ഡങ്ങളും ഭാവിയിൽ ആവർത്തിക്കപ്പെട്ടാവുന്ന ഏതൊരു പ്രളയത്തേയും നേരിടാനുള്ള ശേഷിയും പുനർനിർമ്മിക്കപ്പെടുന്ന ആസ്തികളുടെ അവിഭാജ്യ ഘടകമാക്കുക.

## പ്രവർത്തന സമീപനങ്ങൾ

- പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിക്കൽ
- സമയബന്ധിതമായി പുനർനിർമ്മിക്കുക/പുനരുദ്ധരിക്കുക
- സാങ്കേതികവിദ്യകളുടെ പ്രയോഗത്തിലൂടെ പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗതയും കാര്യക്ഷമതയും ഉറപ്പാക്കൽ.
- നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, മെച്ചപ്പെട്ട പുനരധിവാസ നടപടികൾ ഉറപ്പാക്കൽ,
- നടപടിക്രമങ്ങളുടെ ലഘൂകരണം
- കേരള പുനർനിർമ്മാണ പദ്ധതി (RKI) യുടെ കീഴിലുള്ള വിവിധ പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉൾച്ചേർക്കൽ, ഉയർന്ന പൊരുത്തപ്പെടൽ ശേഷി, മെച്ചപ്പെട്ട രീതിയിൽ പുനർനിർമ്മിക്കൽ, നൂതനവും ആധുനികവുമായ സാങ്കേതികവിദ്യകൾ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം എന്നിവ ഉറപ്പാക്കൽ.
- ഇതിനായി ഉയർന്ന നിലവാരത്തിലുള്ള പുനർനിർമ്മാണം, ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങളെക്കൂടി ചെറുക്കാനാകുന്ന വിധത്തിലും പരിസ്ഥിതി സൗഹൃദമായുമുള്ള നിർമ്മാണ രീതികൾ, ചെലവുകുറഞ്ഞതും ഈടുള്ളതുമായ ബദൽ രീതികൾ സ്വീകരിക്കൽ.

## കേരള പുനർനിർമ്മാണ വികസന പരിപാടി (RKDP)

കേരള പുനർനിർമ്മാണ വികസന പരിപാടി (Rebuild Kerala Development Program) യുടെ നയരൂപരേഖയിൽ സുപ്രധാന മേഖലകളായി പരാമർശിക്കുന്നത് കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും, ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിയായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി,

കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലയെ ശക്തിപ്പെടുത്തൽ എന്നിവയാണ്.

## ഏകോപന സാധ്യതകൾ

- ആർ.കെ.ഐ. ആരംഭിച്ചതും കോവിഡ് പശ്ചാത്തലത്തിൽ താത്കാലികമായി നിർത്തി വച്ചിരുന്നതുമായ 'നമ്മൾ നമുക്കായി' പരിപാടി നവകേരളം പദ്ധതിയിലെ മറ്റു മിഷനുകളുമായി ബന്ധിപ്പിക്കാവുന്നതാണ്. നമ്മൾ നമുക്കായി പരിപാടിയുടെ പുനരുജ്ജീവനം നവകേരളത്തിന്റെ ഭാഗമായി ആലോചിക്കാവുന്നതാണ്.
- നവകേരളത്തിനു കീഴിൽ നമ്മൾ നമുക്കായി കാമ്പയിൻ പുനരാരംഭിക്കുകയും മറ്റു നാലു മിഷനുകളുമായിക്കൂടി ബന്ധപ്പെടുത്തി ആശയരൂപീകരണ പരിപാടികൾ നടത്തുകയും ചെയ്യാൻ സാധിക്കും.
- ആർ.കെ.ഐ.യുമായി ബന്ധപ്പെട്ട് കൃഷി, മാലിന്യ സംസ്കരണം, ജലവിഭവ പരിപാലനം തുടങ്ങിയ മേഖലകളിൽ നടന്നുവരുന്ന പദ്ധതികളുമായി ഹരിതകേരളം മിഷനെ ഏകോപിപ്പിച്ച് പ്രവർത്തിക്കാൻ കഴിയും.
- **മാപ്പത്തോൺ പദ്ധതി** : സംസ്ഥാനത്തിന്റെ അതിജീവനക്ഷമത വർധിപ്പിക്കാനുതകുന്ന തരത്തിൽ, ഓപ്പൺ സ്ടീറ്റ് പ്ലാറ്റ്ഫോമിൽ സൂക്ഷ്മമായ പ്രദേശിക ഭൂപടങ്ങൾ പങ്കാളിത്ത രീതിയിൽ തയാറാക്കുക. സംസ്ഥാനത്തെ മുഴുവൻ ജലസ്രോതസുകളെയും ഈ പദ്ധതിയിലൂടെ മാപ്പ് ചെയ്യുന്നുണ്ട്. ഇതു സംയുക്തമായി ചെയ്യുന്നതിനും മാപ്പുകളും മറ്റു ഡാറ്റയും ഹരിതകേരളം മിഷനുകൂടി ഉപയോഗപ്പെടുനത്തുന്നതിനും സാധിക്കും.
- പുഴയോരങ്ങളിലെ ജൈവ വൈവിധ്യം വർധിപ്പിക്കുന്നതിനുള്ള പദ്ധതിയിലും ഫാം സ്കൂളുകൾ കാർഷിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിലുമൊക്കെ ഹരിതകേരളം മിഷന് സഹകരിക്കാനാകും.
- പമ്പാ നദീതട ജില്ലകളിൽ ആർ.കെ.ഐ. രൂപപ്പെടുത്തുന്ന ഏകാരോഗ്യ (One Health) പ്ലാറ്റ്ഫോമുമായി ബന്ധപ്പെട്ട സാമൂഹിക നിരീക്ഷണ സംവിധാനങ്ങളുമായി ആർദ്രത്തിന്റെ സാമൂഹിക സംവിധാനങ്ങളെ സംയോജിപ്പിക്കാം.
- ആർദ്രം പദ്ധതിയുടെ ഭാഗമായുള്ള ആരോഗ്യസേനയേയും ഏകാരോഗ്യ (One Health) പ്ലാറ്റ്ഫോമുമായി ബന്ധപ്പെട്ട കുടുംബശ്രീ, തദ്ദേശ സ്ഥാപന അംഗങ്ങളെയും സഹകരിപ്പിച്ച് പ്രവർത്തിപ്പിക്കാൻ സാധിക്കും.

# നവകേരളം കർമ്മപദ്ധതി ഘടന

## നവകേരളം കർമ്മപദ്ധതി-2

**അധ്യക്ഷൻ** : മുഖ്യമന്ത്രി

**ഉപാധ്യക്ഷന്മാർ :** തദ്ദേശ സ്വയംഭരണ, ധനകാര്യം, കൃഷി, റവന്യൂ – ഭവന നിർമ്മാണം, ഉന്നത വിദ്യാഭ്യാസം, സാമൂഹ്യനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പൊതുവിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ഫിഷറീസ്, ആരോഗ്യം, ഭക്ഷ്യസിവിൽ സപ്ലൈസ്, വനം, ടൂറിസംവകുപ്പ് മന്ത്രിമാർ, ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ

**പ്രത്യേക ക്ഷണിതാവ് :** പ്രതിപക്ഷ നേതാവ്

**കൺവീനർ :** ചീഫ് സെക്രട്ടറി

**ജോയിന്റ് കൺവീനർ :** കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

**അംഗങ്ങൾ :** തദ്ദേശ സ്വയംഭരണ, ധനകാര്യം, കൃഷി, റവന്യൂ-ഭവനനിർമ്മാണം, ഉന്നതവിദ്യാഭ്യാസം, സാമൂഹ്യനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പൊതുവിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ഫിഷറീസ്, ആരോഗ്യം, ഭക്ഷ്യസിവിൽ സപ്ലൈസ്, വനം, ടൂറിസം, വ്യവസായം, വിവരസാങ്കേതികം, മൃഗസംരക്ഷണം, പി.ഐ.എം.ഡി വകുപ്പ് അഡീഷണൽ ചീഫ്സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർ

ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ, മുൻസിപ്പൽ ചെയർമാന്മാരുടെ ചേംബർ, മേയേഴ്സ് കൗൺസിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ എന്നിവയുടെ ഒരു പ്രതിനിധി വീതം.

## വകുപ്പുതലസമിതികൾ

### ലൈഫ് – സംസ്ഥാനമിഷൻ കർമ്മസമിതി

**അധ്യക്ഷൻ :** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി,

**സഹാധ്യക്ഷന്മാർ** : പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പു മന്ത്രി, ഫിഷറീസ വകുപ്പ് മന്ത്രി.

**ഉപാധ്യക്ഷൻ :** കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

**സെക്രട്ടറി :** തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി

**കൺവീനർ :** അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

**അംഗങ്ങൾ**

പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്കക്ഷേമ വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി

ഗ്രാമവികസന വകുപ്പ് കമ്മീഷണർ

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഡയറക്ടർ, പട്ടികജാതിവികസനം

ഡയറക്ടർ, പട്ടികവർഗ്ഗ വികസനം

ഡയറക്ടർ - സാമൂഹ്യനീതി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ഡയറക്ടർ, ഫിഷറീസ്

ലേബർ കമ്മീഷണർ

ലാന്റ് റവന്യൂ കമ്മീഷണർ

മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി

കൺവീനർ, സ്റ്റേറ്റ്ലെവൽ ബാങ്കേഴ്സ് കമ്മിറ്റി

റീജിയണൽ ചീഫ്, ഹഡ്കോ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

പ്രിൻസിപ്പൽ, കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

**ജോയിന്റ്കൺവീനർ :** നോഡൽ ഓഫീസർ

## വിദ്യാകിരണം – സംസ്ഥാന മിഷൻ

**കർമ്മസമിതി**

**അധ്യക്ഷൻ :** പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**ഉപാധ്യക്ഷൻ :** കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

**സെക്രട്ടറി:** പൊതുവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ്സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി

**കൺവീനർ :** അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

**അംഗങ്ങൾ**

ഡയറക്ടർ, പൊതുവിദ്യാഭ്യാസം

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

ഡയറക്ടർ, സീ-മാറ്റ്

ഡയറക്ടർ, എസ്.ഐ.ഇ.ടി.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ – സമഗ്രശിക്ഷാ കേരളം

എക്സിക്യൂട്ടീവ് ഡയറക്ടർ – കൈറ്റ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ – അസാപ്പ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ചീഫ്, സാമൂഹ്യസേവന വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

**ജോയിന്റ് കൺവീനർ :** നോഡൽ ഓഫീസർ

## ആർദ്രം – സംസ്ഥാന കർമ്മസമിതി

**അധ്യക്ഷൻ :** ആരോഗ്യവകുപ്പ് മന്ത്രി

**ഉപാധ്യക്ഷൻ :** കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

**സെക്രട്ടറി:** ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ്സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി

**കൺവീനർ :** അസിസ്റ്റന്റ്/ജോയിന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

**അംഗങ്ങൾ**

ഡയറക്ടർ, ആരോഗ്യം

ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്

ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ്

ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ

ചീഫ്, സാമൂഹ്യസേവന വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

**ജോയിന്റ്കൺവീനർ :** നോഡൽഓഫീസർ

## ഹരിതകേരളം മിഷൻ – സംസ്ഥാന കർമ്മസമിതി

**അധ്യക്ഷൻ :** തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

**സഹാധ്യക്ഷന്മാർ :** കൃഷി, ജലവിഭവ വകുപ്പ് മന്ത്രിമാർ

**ഉപാധ്യക്ഷൻ** : കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

**സെക്രട്ടറി:** തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ്സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി

**കൺവീനർ :** അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

**അംഗങ്ങൾ**

കൃഷി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറിമാർ

ഡയറക്ടർ, ആരോഗ്യ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

ഡയറക്ടർ, സോയിൽ സർവ്വേ&സോയിൽ കൺസർവേഷൻ

മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.

ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

ഡയറക്ടർ, ഫിഷറീസ് വകുപ്പ്

ഡയറക്ടർ, മൃഗസംരക്ഷണം

ഡയറക്ടർ, ക്ഷീരവികസനം

ഡയറക്ടർ, ടൂറിസം

ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം വകുപ്പ്

ഡയറക്ടർ, ഭൂജലവകുപ്പ്

മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ

മാനേജിംഗ് ഡയറക്ടർ, വി.എഫ്.പി.സി.കെ.

മാനേജിംഗ് ഡയറക്ടർ, കെ.എൽ.ഡി.സി.

മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ല്യൂ.എസ്.എ.

ഡയറക്ടർ, സി.ഡബ്ല്യൂ.ആർ.ഡി.എം.

മാനേജിംഗ് ഡയറക്ടർ, ക്ലീൻകേരള കമ്പനി

ഗ്രാമവികസന കമ്മീഷണർ

ലാന്റ്യൂസ് ബോർഡ് കമ്മീഷണർ

മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ വകുപ്പ് ഡയറക്ടർ

ചെയർമാൻ, മലിനീകരണ നിയന്ത്രണ ബോർഡ്

ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ചീഫ്എഞ്ചിനീയർ, ജലസേചന വകുപ്പ്

മുഖ്യ വനപാലകൻ (ഫാം ഫോറസ്ട്രി &സോഷ്യൽഫോറസ്ട്രി)

ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

ചീഫ്, കൃഷിവിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്

സ്റ്റേറ്റ് നോഡൽഓഫീസർ, ആത്മ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

**ജില്ലാ മിഷൻ**

**അധ്യക്ഷൻ :** ചെയർപേഴ്സൺ, ജില്ലാആസൂത്രണ സമിതി

**സെക്രട്ടറി :** ജില്ലാ കളക്ടർ& മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി

**കൺവീനർ :** ജില്ലാ കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

**അംഗങ്ങൾ**

ജില്ലയിൽ നിന്നുള്ള ലോക്സഭാംഗങ്ങൾ

രാജ്യസഭാ എം.പി.മാർ (നോഡൽ ജില്ലകളിൽ)

ജില്ലയിൽ നിന്നുള്ള എം.എൽ.എ.മാർ

മേയർ

മുൻസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ചെയർമാന്മാർ

ബ്ലോക്കുപഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും

ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ

ജില്ലാ ആസൂത്രണ സമിതിയുടെ സർക്കാർ നോമിനി

ജില്ലാ വികസന കമ്മീഷണർ

ജില്ലാ പ്ലാനിംഗ്ഓഫീസർ

പ്രിൻസിപ്പൽ കൃഷി ഓഫീസർ

ജോയിന്റ് പ്രോഗ്രാംകോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.

ജില്ലയിലെ സീനിയർ എഞ്ചിനീയർ, ജലസേചനം

ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വമിഷൻ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ മെഡിക്കൽ ഓഫീസർ (മോഡേൺ മെഡിസിൻ)

ജില്ലാ മെഡിക്കൽ ഓഫീസർ (ഭാരതീയചികിത്സാവകുപ്പ്)

ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം

അസിസ്റ്റന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം

പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ വിഭാഗം

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ

റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം

അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)

**ജോയിന്റ്കൺവീനർ :** നോഡൽഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്

**മുൻസിപാലിറ്റി / കോർപ്പറേഷൻതല മിഷൻ**

**അദ്ധ്യക്ഷൻ :** മേയർ / മുൻസിപ്പൽ ചെയർപേഴ്സൺ

**സെക്രട്ടറി :** മുൻസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറി

**കൺവീനർ :** നോഡൽ ഓഫീസർ

**അംഗങ്ങൾ**

എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളും

ആസൂത്രണ സമിതി വൈസ്ചെയർപേഴ്സൺ

സി.ഡി.എസ്സുകളുടെ ചെയർപേഴ്സൺമാർ

ഡി.ഇ.ഒ.

കൺവീനർ, മുൻസിപ്പൽ / കോർപ്പറേഷൻ വിദ്യാഭ്യാസസമിതി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ / അസിസ്റ്റന്റ് സി.ഡി.പി.ഒ. / സി.ഡി.പി.ഒ.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും വൈസ്ചെയർപേഴ്സൺമാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യനിർമ്മാർജ്ജനം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം)

**ഗ്രാമപഞ്ചായത്തുതല മിഷൻ**

**അദ്ധ്യക്ഷൻ :** ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

**സെക്രട്ടറി :** ഗ്രാമപഞ്ചായത്ത് സെക്രട്ടറി

**കൺവീനർ :** നോഡൽ ഓഫീസർ

**അംഗങ്ങൾ**

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജില്ലാ / ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ

എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും

ആസൂത്രണ സമിതി ചെയർപേഴ്സൺ

സി.ഡി.എസ്സുകളുടെ ചെയർപേഴ്സൺമാർ

കൺവീനർ, ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സമിതി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ/ അസിസ്റ്റന്റ് സി.ഡി.പി.ഒ./സി.ഡി.പി.ഒ.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും വൈസ്ചെയർപേഴ്സൺമാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യനിർമ്മാർജ്ജനം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം)

## കേരള പുനർനിർമ്മാണ പദ്ധതിയുടെ സ്ഥാപനതല ക്രമീകരണങ്ങൾ

പുനർ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പശ്ചാത്തല സൗകര്യങ്ങളുടേയും ഭൂവ്യവസ്ഥകളുടേയും പുനസ്ഥാപനം വൻ മുതൽമുടക്കും സമയവും വേ്വിവരുന്ന പ്രക്രിയ ആയതിനാൽ ലോകബാങ്കിന്റെ വികസനനയ വായ്പ (Development Policy Loan) ഉൾപ്പെടെ ഉപയോഗിച്ച് കേരള പുനർനിർമ്മാണ വികസന പരിപാടിയുടെ നയരേഖയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കേരള പുനർനിർമ്മാണ പദ്ധതിയുടെ നടത്തിപ്പിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥാപനതല ക്രമീകരണത്തിന്റെ രൂപരേഖ താഴെ കൊടുക്കുന്നു.

- മന്ത്രിസഭ
- ഉപദേശക സമിതി
- ഉന്നതതല അധികാര സമിതി
- RKI നിർവ്വഹണ സമിതി
- RKI സെക്രട്ടേറിയറ്റ്
- സ്ഥാപനതല പിന്തുണാ സംവിധാനം

# ചുമതലകളും ഉത്തരവാദിത്തങ്ങളും

## നവകേരളം കർമ്മപദ്ധതി-2 സെല്ലിന്റെ ചുമതലകൾ

- മുഖ്യമന്ത്രിയുടെ അവലോകനത്തിനായുള്ള മിഷനുകളുടെയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും പ്രവർത്തന പുരോഗതി റിപ്പോർട്ടുകൾ തയ്യാറാക്കുക.
- ജനകീയ ക്യാമ്പയിന് ആവശ്യമായ പിന്തുണ ലഭ്യമാക്കുക.
- വകുപ്പുകളുടെ ഏകോപനം ആവശ്യമായി വരുന്ന പ്രവർത്തനങ്ങളിൽ ഏകോപന വേദിയായി പ്രവർത്തിക്കുക.
- വകുപ്പുകളേയും ഏജൻസികളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുക.
- ഉത്തരവുകൾ, നിയമ നിർമ്മാണങ്ങൾ എന്നിവ ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ അവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക.
- ക്യാമ്പയിൻ, പരിശീലനം, ജനകീയ വിദ്യാഭ്യാസം എന്നിവയ്ക്ക് നേതൃത്വം നൽകുകയും ഏകോപിപ്പിക്കുകയും ചെയ്യുക.
- മോണിറ്ററിംഗിനും റിപ്പോർട്ടിംഗിനുമുള്ള ഏകീകൃത സംവിധാനം വികസിപ്പിച്ചെടുക്കുക. അവയിലൂടെ ലഭിക്കുന്ന റിപ്പോർട്ടുകൾ പ്രതിമാസ അവലോകനം ചെയ്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ത്രൈമാസ അവലോകനത്തിന് ലഭ്യമാക്കുക.
- വിലയിരുത്തലിൽ കണ്ടെത്തുന്ന പരിമിതികൾ യഥാസമയം പരിഹരിക്കുന്നതിനുള്ള ഇടപെടൽ നടത്തുക.

- പുതിയ ആശയങ്ങളും പദ്ധതികളും രൂപീകരിച്ച് വകുപ്പുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഏജൻസികളുടേയും സഹായത്തോടെ പ്രാവർത്തികമാക്കുക.

## സംസ്ഥാന മിഷൻ കർമ്മ സമിതികളുടെ ചുമതലകൾ

### പൊതു ചുമതലകൾ

- മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക, പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുക, സാങ്കേതിക സഹായം നൽകുക മുതലായവ
- ദൗത്യരേഖ (Mission Document) തയ്യാറാക്കുക
- സംസ്ഥാന മിഷന്റെ മേൽനോട്ടത്തിൽ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- വിവിധ തലങ്ങളിലുള്ള മിഷൻ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിച്ച് സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട നടപടികൾ സ്വീകരിക്കുക
- മിഷൻ പ്രവർത്തനങ്ങൾക്ക് നിയോഗിക്കേണ്ടതായ സാങ്കേതിക വിദഗ്ദ്ധർ, കൺസൾട്ടന്റുമാർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരെ കണ്ടെത്തി നിയോഗിക്കുന്നതിനുള്ള ശുപാർശ നൽകുക.
- ജില്ലാതല മിഷനുകളുടെയും റിസോഴ്സ് പേഴ്സൺമാരുടെയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുക, അവയെ ശാക്തീകരിക്കുക.
- കൃത്യമായ ഇടവേളകളിൽ സംസ്ഥാന മിഷൻ യോഗങ്ങൾ ചേരുന്നതിന് നടപടി സ്വീകരിക്കുക.
- സംസ്ഥാന മിഷന്റെ/സർക്കാരിന്റെ അനുമതി ആവശ്യമായ സംഗതികളിൽ നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കുക.
- മിഷൻ പ്രവർത്തനങ്ങൾ പൂർണ്ണമായി ഡോക്യുമെന്റേഷൻ നടത്തുക, ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക.
- ഗവേഷണ-വികസന, പ്രൊഫഷണൽ സ്ഥാപനങ്ങളുടെ സാങ്കേതികസഹായം തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ആവിഷ്കരിക്കുക.

- സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള വിദഗ്ദ്ധരുടെ സംഘത്തെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കണ്ടെത്തി ചുമതല നിറവേറ്റുന്ന തിന് പ്രാപ്തരാക്കുക.
- തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുമായി അനു യോജ്യമായ സമന്വയവും ഏകോപനവും സാധ്യമാക്കുക.
- മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും നടത്തിപ്പു കാര്യങ്ങളെ ക്കുറിച്ചും ക്രമമായ ഇടവേളകളിൽ റിപ്പോർട്ടുകളും അവലോകന വിവരങ്ങളും നവകേരളം കർമ്മപദ്ധതി-2 സെല്ലിനും സമർപ്പിക്കുക.

## പ്രത്യേക ചുമതലകൾ

### ലൈഫ്

- മിഷൻ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ട നടപടികളെടുക്കുക.
- ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കുക
- ഭൂമി ലഭ്യത ഉറപ്പ് വരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക
- നൂതനവും അനുയോജ്യവുമായ നിർമ്മാണ സങ്കേതങ്ങൾ നിർദ്ദേശിക്കുക
- സാമൂഹ്യ പ്രതിബദ്ധതാഫണ്ട്, പൊതുജനങ്ങളുടെ സംഭാവന എന്നിങ്ങനെ വിഭവ സമാഹരണം ഉറപ്പാക്കുക
- നിർമ്മാണ മേഖലയിലെ വിവിധ സ്ഥാപനങ്ങളുടെ സഹകരണം ലഭ്യമാക്കുക.
- വീടിന്റെ കൈമാറ്റം, കെട്ടിടസമുച്ചയത്തിലെ വീടുകൾ പ്രതിമാസ വിഹിതം ഈടാക്കി ഗുണഭോക്താവിന് കൈമാറൽ തുടങ്ങിയവയ്ക്ക് മാർഗ്ഗരേഖ തയ്യാറാക്കുക
- വിവിധ ഡിസൈനുകൾ, എസ്റ്റിമേറ്റ് എന്നിവ വിലയിരുത്തി ഉചിതമായ ഡിസൈനുകൾ നിർദ്ദേശിക്കുക
- അനുബന്ധ സേവനങ്ങൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുക
- ഗുണഭോക്താക്കളുടെ ഉപജീവന സൗകര്യങ്ങളും വരുമാന വർദ്ധനവും ഉറപ്പാ ക്കാനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുക.
- ലൈഫ് പദ്ധതിയുടെ പ്രവർത്തന സമീപനത്തിനും പ്രവർത്തനങ്ങൾക്കും അനു ഗുണമായ മാർഗ്ഗരേഖകൾ അതാത് ഘട്ടങ്ങളിൽ വികസിപ്പിക്കുക.

## ആർദ്രം

- മിഷൻ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് നടപടികൾ എടുക്കുക.
- നിലവാരം ഉയർത്തേണ്ട ആരോഗ്യ സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കുക
- ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക.
- ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾക്കും സേവനങ്ങൾക്കും നില വാരം നിശ്ചയിക്കുക.
- ആയൂർവേദ ചികിത്സ രീതികളും പാരമ്പര്യചികിത്സ മേഖലകളും ശക്തിപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.
- രോഗികൾക്ക് ചികിത്സാ മാർഗ്ഗരേഖ തയ്യാറാക്കുക
- നിർവ്വഹണ രീതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുക.
- ആർദ്രം പദ്ധതിയുടെ പ്രവർത്തന സമീപനത്തിനും പ്രവർത്തനങ്ങൾക്കും അനുഗുണമായ മാർഗ്ഗരേഖകൾ അതാത് ഘട്ടങ്ങളിൽ വികസിപ്പിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ കാമ്പയിനുക ളായി പ്രവർത്തനങ്ങൾ നടപ്പാക്കുക.

## വിദ്യാകിരണം

- മിഷൻ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരി ക്കുക, നടപ്പിലാക്കുക.
- ഭൗതിക സൗകര്യവികസനം ഇനിയും ആവശ്യമായ വിദ്യാലയങ്ങളെ ശാസ്ത്രീയമായ പഠനങ്ങളിലൂടെ കണ്ടെത്തുക.
- ഭൗതിക സൗകര്യവികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.
- വിഭവസമാഹരണം സാധ്യമായ സ്രോതസ്സ് കണ്ടെത്തുകയും ഭൗതികസൗകര്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്യുക.
- വിദ്യാകിരണത്തിന്റെ പ്രവർത്തന സമീപനത്തിനും പ്രവർത്തനങ്ങൾക്കും അനുഗുണമായ മാർഗ്ഗരേഖകൾ അതാത് ഘട്ടങ്ങളിൽ വികസിപ്പിക്കുക. പ്രാദേശിക വൈവിധ്യത്തെക്കൂടി ഉൾച്ചേർക്കാൻ കഴിയുംവിധമുള്ള മാർഗ്ഗരേഖകൾ വികസിപ്പിക്കണം.

- നാലാം ക്ലാസ്സ് കഴിയുന്ന കുട്ടികൾ എല്ലാവരും കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ നേടുന്നു എന്നുറപ്പാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് വിവിധ ഏജൻസികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കൂട്ടായ ശ്രമങ്ങളിലൂടെ നടപ്പാക്കുക.
- ഇപ്പോൾ വിന്യസിച്ചിട്ടുള്ള ആധുനിക, സാങ്കേതിക വിദ്യാ ഉപകരണങ്ങളുടെ ശാസ്ത്രീയവും ഫലപ്രദവുമായ വിനിയോഗത്തിന് അധ്യാപകരെ സജ്ജരാക്കുക. ഇ-ഉള്ളടക്കം (E-Content) വികസിപ്പിക്കുന്നതിന് സാധ്യമായ കേരളത്തിൽ ലഭ്യമായ മുഴുവൻ വൈദഗ്ധ്യങ്ങളെയും പ്രയോജനപ്പെടുത്തുക
- അക്കാദമിക മോണിറ്ററിംഗിനുള്ള ഫലപ്രദമായ ഉപാധികളും രീതിശാസ്ത്രവും തന്ത്രങ്ങളും വികസിപ്പിക്കുക.
- വിദ്യാഭ്യാസ വകുപ്പിനകത്തെ വിവിധ ഏജൻസികളെ ഫലപ്രദമായി ഏകോപി പ്പിക്കുക. സംയോജിത പദ്ധതികൾ വികസിപ്പിക്കുന്നതിനായി വിവിധ വകുപ്പുകളുടെ സാധ്യത ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- മിഷൻ പ്രവർത്തനങ്ങൾ ഫലപ്രദമായി വിലയിരുത്തുന്നതിന് കഴിയുംവിധം കൃത്യമായ ഇടവേളകളിൽ ഫീഡ്ബാക്ക് ലഭ്യമാക്കാൻ സാധിക്കുന്ന തരത്തിൽ സാങ്കേതികവിദ്യാ പ്ലാറ്റ്ഫോം വികസിപ്പിക്കുക, പ്രയോജനപ്പെടുത്തുക. പ്രവർത്തനങ്ങൾ സമയബന്ധിത ടാസ്ക്കുകളാക്കി മാറ്റുന്നത് ഇതിന് സഹായകമാകും.
- 'ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം' എന്ന നിലപാട് സാർത്ഥകമാക്കാൻ വിജ്ഞാനസമൂഹം, പ്രാദേശിക സമ്പദ്ഘടന ശക്തിപ്പെടുത്തൽ, എന്നീ സാമൂഹിക കാഴ്ചപ്പാടുകളിൽ ഊന്നിനിന്നു കൊണ്ട് ജീവിതായോധനത്തിന് സഹായകമാകുംവിധം പൊതുവിദ്യാഭ്യാസ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളൽ.
- മതനിരപേക്ഷത, ജനാധിപത്യം, അനുതാപം, സഹവർത്തിത്വം, സഹകരണം തുടങ്ങിയ മൂല്യബോധങ്ങൾ ഉളവാകാൻ ആവശ്യമായ തരത്തിൽ പഠനപ്രക്രിയകളെ ക്രമീകരിക്കൽ.
- സ്കൂൾ വളപ്പുകൾ വിദ്യാർത്ഥി സൗഹൃദമാക്കി ആവശ്യത്തിന് കെട്ടിടങ്ങളും മറ്റ് പശ്ചാത്തല സൗകര്യങ്ങളും ഉറപ്പാക്കുന്ന മാസ്റ്റർപ്ലാനുകൾ തയ്യാറാ ക്കാനും അംഗീകാരത്തിനുമുള്ള പൊതുമാർഗ്ഗരേഖ തയ്യാറാക്കുക.
- വ്യത്യസ്ത സാമൂഹിക സാമ്പത്തിക സാംസ്കാരിക പശ്ചാത്തലത്തിൽ നിന്ന് വരുന്ന കുട്ടികളുടെ പഠന വേഗതയ്ക്കും ബൗദ്ധിക നിലവാരത്തിനും

ഉതകുന്ന തരത്തിൽ എല്ലാ കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടും അവർക്കെല്ലാം ഇടം ലഭിക്കുന്ന രീതിയിലും പഠനരീതി രൂപകൽപ്പന ചെയ്ത് നടപ്പാക്കുക.

- സർക്കാർ വിദ്യാലയങ്ങളുടെ വിഭവ സമാഹരണത്തിനും വിദ്യാലയത്തിലെ ഭൗതിക-അക്കാദമിക വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിനും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, പി.ടി.എ., പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണം തേടുന്നതിനുള്ള നടപടികൾ എടുക്കുക.
- പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലും ഏജൻസികളിലെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് വിദ്യാകിരണം മിഷന്റെ ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും സംബന്ധിച്ച പൂർണ്ണമായ അവബോധം സൃഷ്ടി ക്കുക.
- വിവിധ സ്ഥാപനങ്ങളുടെ ഏകോപിതമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുള്ള ഭരണപരമായ സംവിധാനമുണ്ടാക്കുക.
- മിഷന്റെ സംസ്ഥാനതലം മുതൽ സ്കൂൾതലം വരെയുള്ള പ്രവർത്തനങ്ങളുടെ മോണിറ്ററിംഗിനും നടത്തിപ്പിനുമുള്ള ലേണിംഗ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിൽ വരുത്തുക.

## ഹരിതകേരളം

- മിഷൻ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് നടപടികളെടുക്കുക.
- പാരിസ്ഥിതിക പുന:സ്ഥാപനത്തിനും ഉത്പാദന ക്ഷമതാ വർദ്ധനക്കും നൂതന മേഖലാ വികസനത്തിനും അനുയോജ്യമായ വിവിധ തല പദ്ധതികൾക്കുള്ള പഠന ആസൂത്രണ പ്രവർത്തനങ്ങളും പദ്ധതി രേഖ തയ്യാറാക്കുന്നതിനും സാമ്പത്തിക സഹായവും ഉന്നത ഗുണനിലവാരവുമുള്ള സാങ്കേതിക സഹാ യവും ലഭ്യമാക്കുക.
- പദ്ധതികൾക്ക് പ്രത്യേക സാങ്കേതിക സഹായം ആവശ്യമെങ്കിൽ അത് ലഭ്യ മാക്കുക.
- നൂതനവും അനുയോജ്യവുമായ സാങ്കേതികവിദ്യകളുടെ പ്രയോഗം തദ്ദേശഭരണ സ്ഥാപന തലത്തിൽ സാധ്യമാക്കുക.
- മൂന്ന് ഉപമിഷനുകളുടെയും കർമ്മസേനാ പ്രവർത്തനങ്ങളിലെ ഏകോപന സാധ്യതകൾ വിലയിരുത്തി സംയോജനവും ഏകോപിത പ്രവർത്തനവും ഉറ പ്പാക്കുക.

## ജില്ലാ മിഷനുകളുടെ ചുമതലകൾ

- മിഷൻ പ്രവർത്തനങ്ങൾ മേൽനോട്ടം വഹിക്കുകയും സുഗമമായ പ്രവർത്തനത്തിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക
- ഉദ്യോഗസ്ഥരുടെയും ഏജൻസികളുടേയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിൽ ഏകോപനം ഉറപ്പാക്കുക
- മിഷൻ ദൗത്യരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളും മറ്റ് ഏജൻസികളും ഏറ്റെടുത്ത് നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക
- നിലവാരം ഉയർത്തേണ്ട വിദ്യാലയങ്ങളെയും ആശുപത്രികളെയും നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുക
- അധിക വിഭവ സമാഹരണം (സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാക്കുക.
- നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായുള്ള പ്രവർത്തന പുരോഗതി സംബന്ധിച്ച നിരീക്ഷണ വിലയിരുത്തൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായി ജില്ലയിൽ നടക്കുന്ന മിഷനുകളുടേയും കേരള പുനർനിർമ്മാണ പദ്ധതിയുടേയും പ്രചരണ പരിശീലന പരിപാടികൾക്ക് മേൽനോട്ടം വഹിക്കുക.

## ഗ്രാമ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല മിഷന്റെ ചുമതലകൾ

- ഗ്രാമ പഞ്ചായത്ത്/ നഗരസഭാ പ്രദേശത്തിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- വിവിധ വകുപ്പുകളുടേയും ഉദ്യോഗസ്ഥരുടേയും ഏജൻസികളുടേയും സന്നദ്ധ പ്രവർത്തകരുടേയും പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- മിഷൻ പ്രവർത്തനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയുടേയും, വാർഷിക പദ്ധതിയുടേയും ഭാഗമാക്കുന്നതിനുള്ള പ്രായോഗിക ശുപാർശകൾ ഭരണ സമിതിക്ക് നൽകുക.
- മിഷൻ പ്രവർത്തനങ്ങൾ വർദ്ധിച്ച ജന പങ്കാളിത്തത്തോടെ ഏറ്റെടുക്കുന്നതിനും സാമൂഹ്യ - സാംസ്കാരിക സംഘടനകൾ, പ്രവാസികൾ തുടങ്ങി സമസ്ത ജന വിഭാഗങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾക്ക് രൂപം നൽകുക.

- അധിക വിഭവ സമാഹരണം (സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് ഉൾപ്പെടെ) ഉറപ്പാക്കുക.
- നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായുള്ള പ്രവർത്തന പുരോഗതി സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിരീക്ഷണ വിലയിരുത്തൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.
- നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടക്കുന്ന മിഷനുകളുടേയും കേരള പുനർനിർമ്മാണ പദ്ധതിയുടേയും പ്രചരണ പരിശീലന പരിപാടികൾക്ക് മേൽനോട്ടം വഹിക്കുക.

## ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ള നിരീക്ഷണം

മിഷൻ സമീപനത്തിന് അനുയോജ്യമായ രീതിയിൽ നവകേരളം കർമ്മപദ്ധതിയിൽ ഭൗതികയും സാമ്പത്തികവുമായ ലക്ഷ്യപ്രാപ്തിയോടൊപ്പം ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ള നിരീക്ഷണവും പിന്തുണാ സൗകര്യങ്ങളും ഉണ്ടായിരിക്കും. ഓരോ മിഷനുകളുടെയും ബന്ധപ്പെട്ട ടാസ്ക് ഫോഴ്സുകളുടെയും പ്രവർത്തനവും കാര്യക്ഷമതയും ഫലപ്രാപ്തിയും ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ നേരിട്ടുള്ള നിരീക്ഷണത്തിലായിരിക്കും. ഇതിനു പുറമെ ഉദ്ദേശിക്കുന്ന ഗുണഫലങ്ങളും പൂർത്തിയാക്കേണ്ട നാഴികക്കല്ലുകളും സമയബന്ധിതമായി ജനോപകാരപ്രദമായ രീതിയിൽ നേടിയെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിരീക്ഷണവുമുണ്ടാകും.

## നിരീക്ഷണ പിന്തുണാ പ്രവർത്തനങ്ങൾ

- ഓരോ മിഷനുകളും, കേരള പുനർനിർമ്മാണ പദ്ധതിയും (RKI) സ്വയം പ്രാവർത്തികമാക്കുന്ന പുരോഗതി വിലയിരുത്തലുകൾക്കും തയ്യാറാക്കുന്ന പ്രവർത്തന റിപ്പോർട്ടുകൾക്കും പുറമെ മിഷനുകളുടെ പ്രവർത്തനങ്ങൾ ദീർഘ വീക്ഷണത്തോടും സുസ്ഥിര ഫലങ്ങൾ യാഥാർത്ഥ്യമാക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്യുന്നതിനും സുഗമമായ നിർവഹണപ്രക്രിയകൾ ചിട്ടപ്പെടുത്തുന്നതിനും ഉതകുന്ന നിരീക്ഷണ പിന്തുണാ പ്രവർത്തനങ്ങളാണ് നവകേരളം കർമ്മ പദ്ധതിയുടെ മോണിറ്ററിംഗിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആ മോണിറ്ററിംഗ് സംവിധാനത്തിൽ ചുവടെ പ്രതിപാദിക്കുന്ന ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.
- വിവിധ മിഷനുകളിലൂടെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും (RKI) ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ, ലക്ഷ്യങ്ങൾ, സമയക്രമം, ഉത്തരവാദിത്തം

എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് മിഷനുകളും വകുപ്പുകളും സ്വന്തമായി ഒരു സമഗ്ര നിരീക്ഷണ ചട്ടക്കൂട് തയ്യാറാക്കുക.

- ഇത്തരത്തിൽ മോണിറ്ററിംഗ് നടത്തുന്ന വിവരങ്ങൾ സമയബന്ധിതമായി മുഖ്യമന്ത്രിക്കും സംസ്ഥാനതല മിഷൻ കർമ്മസമിതികൾക്കും നവകേരളം കർമ്മപദ്ധതി സെല്ലിനും ലഭ്യമാക്കും.
- വിവിധ മിഷനുകളുടെയും കേരള പുനർ നിർമ്മാണ പദ്ധതിയുടെയും (RKI) രൂപകൽപ്പനയും നടത്തിപ്പ് പ്രക്രിയകളും ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ നൽകുന്നവയാണോയെന്ന് അപഗ്രഥനം നടത്തുകയും അവ ഉറപ്പാക്കാൻ വേണ്ട നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക.
- മിഷനുകളുടെയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും (RKI) വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുന്നതിനും മുൻകൂട്ടി നിശ്ചയിച്ച ഗുണഫലങ്ങളും ലക്ഷ്യങ്ങളും സമയക്രമം അനുസരിച്ച് തന്നെ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുക.
- സോഷ്യൽ ഓഡിറ്റ് ഉൾപ്പെടെ ജനപങ്കാളിത്തത്തോടെയുള്ള സാമൂഹിക നിരീക്ഷണം, വിവര ശേഖരണത്തിനായി ക്രൗഡ് സോഴ്സിംഗ് സംവിധാനങ്ങൾ എന്നിവ പ്രാവർത്തികമാക്കുക.
- വിവിധ വികസന ആസ്തികളുടെ നിർവഹണത്തിലും തുടർനടത്തിപ്പിലും ജി.ഐ.എസ്. അധിഷ്ഠിത സംവിധാനങ്ങൾ ഉൾപ്പെടെയുള്ള നിരീക്ഷണ സംവിധാനം പ്രാവർത്തികമാക്കുക.
- മിഷനുകളുടെയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും (RKI) പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതോടൊപ്പം ബഹുജനങ്ങൾക്ക് വിവര ലഭ്യത ഉറപ്പുവരുത്തുന്നതിന് വിവര ക്രോഡീകരണ-പ്രചാരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- മിഷനുകളുടെയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും (RKI) പ്രവർത്തനങ്ങളിൽ ഉരുത്തിരിഞ്ഞുവരുന്ന പ്രശ്നങ്ങളും പാഠങ്ങളും പരിഹാര മാർഗ്ഗങ്ങളും ബഹുജനപങ്കാളിത്തത്തോടെ ചർച്ച ചെയ്യുന്നതിനും ഉൾക്കൊള്ളുന്നതിനുമുള്ള അവസരം ഉണ്ടാക്കുക.
- പ്രാദേശികതലത്തിൽ പങ്കാളിത്ത നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- സമഗ്ര പരാതി പരിഹാര സംവിധാനം ആവിഷ്കരിക്കുക.

## നവകേരളം കർമ്മപദ്ധതി സെൽ

മിഷനുകളുടെയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും (RKI) ടാസ്ക് ഫോഴ്സുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള സംവിധാന മാണിത്. മിഷനുകളുടെയും കേരള പുനർനിർമ്മാണ പദ്ധതിയുടെയും (RKI) സ്വയം നീരീക്ഷണം ഉൾപ്പെടെയുള്ള നിരീക്ഷണ സംവിധാനങ്ങൾക്ക് പിന്തുണ നൽകുക, മിഷനുകളുമായും കേരള പുനർനിർമ്മാണ പദ്ധ തിയുമായും (RKI) ഏകോപിച്ച് പ്രവർത്തിക്കുക, അവലോകനങ്ങളും പഠനങ്ങളും നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, മിഷനുകളിലൂടെയും കേരള പുനർനിർമ്മാണ പദ്ധതിയിലൂടെയും (RKI) ആർജ്ജിക്കുന്ന ഗുണഫലങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കുക എന്നിവ ചെയ്യാൻ കഴിയും വിധത്തിൽ ഏകീകൃത സാങ്കേതിക സംവിധാനം സംസ്ഥാന ഐ.ടി. മിഷൻ, IIITMK എന്നിവയുടെ സഹായത്തോടെ വികസിപ്പി ച്ചെടുക്കുകയും അതിന്റെ സഹായത്താൽ കുറ്റമറ്റ രീതിയിൽ ഭൗതികവും സാമ്പത്തികവും ഫലപ്രാപ്തിയധിഷ്ഠിതവുമായി മോണിറ്ററിംഗ് നടത്തുകയും ചെയ്യുക. മുതലായവയാണ് സെല്ലിന്റെ പ്രധാന പ്രവർത്തനങ്ങൾ.

## വിജ്ഞാന സഞ്ചയം (Repository of knowledge)

മിഷനുകളുടെ പ്രവർത്തനം സംസ്ഥാനത്തെ എല്ലാ മേഖലകളിലും വ്യാപിച്ചി ട്ടുണ്ട്. മിഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുമ്പോൾ ലഭ്യമാകുന്ന പ്രായോ ഗിക അനുഭവങ്ങൾ കൃത്യമായി വിഷയാടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തി ശേഖ രിച്ച് വെക്കുകയും കൈമാറുകയും ചെയ്യുന്ന വിജ്ഞാന സഞ്ജയം ഒരുക്കലും സെല്ലിന്റെ ചുമതലയാണ്.

*********